Reg. No. M. 2293 ഒരു പ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1955 നവംബർ 30—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 വൃശ്ചികം 14 | ലക്കം 17

## ഇരട്ടപ്പൂക്കൾ


[മിസ്സ് മേരി കൊച്ചുമട്ടം ബി. എ.]

ആധുനികലോകത്തിൽ എവിടേക്കു തിരിഞ്ഞാലും സമാധാനത്തിനായുള്ള കരച്ചിൽ കേൾക്കാം. രാഷ്ട്രത്തിലും, സമുദായത്തിലും, വിദ്യാലയത്തിലും, കുടുംബത്തിലും നാം സമാധാനവും സാഹോദര്യവും ആഗ്രഹിക്കുന്നു. ബാൻതുങ്ങ്സമ്മേളനം നടന്നു. ചതുശ്ശക്തിസമ്മേളനം നടന്നു. പുതിയ പുതിയ തിരഞ്ഞെടുപ്പുകൾ നടക്കുന്നു. എല്ലാം ലോകത്തിൻെറ സമാധാനപരമായ ഉന്നമനത്തെ ലാക്കാക്കിമാത്രം. എന്നാൽ ഇതുവരേയും ഇത്രയധികം ആഗ്രഹിക്കുന്ന സമാധാനം കൈവന്നുകാണുന്നില്ല. നിലവിലിരിക്കുന്ന വൈരാഗ്യമനസ്ഥിതിയിൽനിന്നും, ദുരാശയിൽനിന്നും, ദുഷ്ടതയിൽനിന്നും എങ്ങനെ മോചനം ലഭിക്കേണ്ടുവെന്നു് ലോകനേതാക്കൾ തലപുകഞ്ഞാലോചിക്കുന്നു. ഇത്തരുണത്തിൽ ആഗോളവ്യാപകമായ മാററങ്ങൾ വരുത്തുവാൻ സാധാരണക്കാർ തികച്ചും അപ്രാപ്തരാണ്. എന്നാൽ എന്തെങ്കിലും ഒന്നു സാധിക്കാത്തവരായി ആരുമില്ല. സ്വന്തം പ്രവൃത്തിമണ്ഡലത്തിൽ, മററുള്ളവരെ ഏകോദരസഹോദരങ്ങളെപ്പോലെ കരുതി സമാധാനപരമായി ജീവിക്കുന്നപക്ഷം ലോകോന്നമനകാര്യത്തിൽ, ലോകശാന്തിയിൽ അവൻ ഒരു നല്ല പങ്കു വഹിക്കുകയായിരിക്കും ചെയ്യുന്നതു്.

ലോകസ്രഷ്ടാവു് സകലരേയും ഒരേനിലയിൽ അല്ല സൃഷ്ടിച്ചിരിക്കുന്നതു്. അപ്രകാരമായിരുന്നുവെങ്കിൽ സൃഷ്ടിയുടെ മനോഹരതതന്നെ നഷ്ടപ്പെട്ടുമായിരുന്നു. സകലരും ഒരേ പടിയിൽ ബുദ്ധിമാന്മാരോ, സുമുഖരോ, ധനികരോ, പ്രാപ്തരോ അല്ല. ഇവയിൽ ചിലതു നമുക്കു കൈകാര്യംചെയ്യാം. നമുക്കില്ലാത്തതു മററുള്ളവരിൽനിന്നും സ്വീകരിക്കാം. ഉള്ളതു് അന്യർക്കു പ്രദാനംചെയ്യാം. എന്നാൽ പണ്ഡിതപാമരഭേദമെന്യേ, ധനികദരിദ്രവ്യത്യാസംകൂടാതെ ആബാലവൃദ്ധം ജനങ്ങൾ ആഗ്രഹിക്കുന്നതും, ഏവർക്കും പ്രദാനംചെയ്യാൻ സാധിക്കുന്നതുമായ വസ്തുക്കളല്ലേ സ്നേഹവും കരുണയും? നമ്മുടെ ചുററും അധിവസിക്കുന്നവരും, നമ്മുടെ സ്വന്തക്കാരും, വേലക്കാരും, സഹപാഠികളും, സഹപ്രവർത്തകരും ഇവ തന്നെയാണു് നമ്മിൽനിന്നും ആഗ്രഹിക്കുന്നതു്. ഇവ നൽകുവാൻ നാം പ്രാപ്തരായിത്തീരുമ്പോഴാണു് ഏതാണ്ടു് മനുഷ്യത്വംതന്നെ നമ്മിൽ ഉളവാകുന്നതു്.

അന്ധകാരമയമായ ദിവസങ്ങളെ പ്രകാശിപ്പിക്കുവാനും, പരീക്ഷകളിൽ അകപ്പെട്ടിരിക്കുന്നവർക്കു ശക്തിനൽകുവാനും, നിരാശർക്കു സാന്ത്വനംനൽകി അവരെ സുസ്മേരവദനരാക്കുവാനും ഒരു കരുണപ്രവൃത്തിക്കു് സാധിച്ചുവെന്നുവരാം. ഒരു ജീവനേയോ അല്ല അതിപ്രധാനമായ ഒരു ആത്മാവിനേയോ രക്ഷിക്കുവാനും അതിനു ശക്തിയുണ്ടായേക്കാം. നമ്മിൽ അന്തർലീനമായിരിക്കുന്ന ഈ ശക്തിവിശേഷത്താൽ, ഒരു സ്നേഹവാക്കാൽ, ഒരു പുഞ്ചിരിയാൽ മററുള്ളവരിൽ ചെലുത്താവുന്ന പ്രഭാവത്തെ നാം പലപ്പോഴും മറന്നുകളയുകയോ മനസ്സിലാക്കാതിരിക്കുകയോ ചെയ്യുന്നു. കരുണാർദ്രരായ സ്ത്രീകൾക്കു് ഈ വിഷയത്തിൽ കൂടുതൽ പ്രവർത്തിക്കുവാൻ സാധിക്കും. എന്നാൽ അവർ തങ്ങളുടെ കരുണയും സ്നേഹവും സ്വസന്താനങ്ങളുടെ നേരെ മാത്രം തിരിച്ചുവിടുകയും പലപ്പോഴും അതു് അവരുടെ നാശത്തിനുമാത്രം ഉപകരിക്കുകയും ചെയ്യുന്നു.

സ്വന്തം നിലമാത്രം ചിന്തിച്ചാലും പരസ്പരം സ്നേഹത്തോടെ ജീവിക്കാൻ നാം നിർബന്ധിതരായിത്തീരുന്നു. ഈ ജീവിതത്തിനുശേഷം ലഭിക്കുന്ന പ്രതിഫലമോ ഇരിക്കട്ടെ; ഈ ലോകത്തിൽതന്നെ അതു നമുക്കു ശാന്തിയും



ഇന്ത്യയിലെ ദ്വിതീയാപ്പസ്തോലനായ വി. ഫ്റാൻസീസ് സേവ്യർ

(തിരുനാൾ ഡിസംബർ 3)

സമാധാനവും കൈവരുത്തുന്നു. നാം എത്രയെത്ര പ്രാവശ്യം മററുള്ളവരുടെ സ്നേഹത്തിനും കരുണയ്ക്കും പാത്രമായിട്ടുണ്ടു്. നമ്മുടെ അസ്തിത്വംതന്നെ ദൈവകാരുണ്യത്താൽ അല്ലേ? നാം അന്യരിൽനിന്നും സദാ സാന്ത്വനങ്ങളും, അനുമോദനങ്ങളും, സദ്വോപരി സ്നേഹവും ആഗ്രഹിക്കുന്നു. എന്നാൽ മററുള്ളവരും ഇതുതന്നെയാണു് നമ്മിൽനിന്നും ആഗ്രഹിക്കുന്നതെന്ന വസ്തുത നാം വിസ്മരിക്കുന്നു. അവർ നമ്മോടു പരുഷമായി പെരുമാറുമ്പോൾ, നമ്മെ നിരൂപണം ചെയ്യുമ്പോൾ, അതെ നമ്മോടു കരുണകാണിക്കാത്തപ്പോൾ നാം രോഷാകുലരായിത്തീരുന്നു. എന്നാൽ അവരെ ഇപ്രകാരം ചെയ്യുന്നതിനു പ്രേരിപ്പിച്ചതു് നമ്മുടെ രോഷവാക്കുകളും പ്രവൃത്തികളുമാണെന്നു നാം ഓർമ്മിക്കുന്നില്ല.

ഇങ്ങനെ എല്ലാവരും സ്നേഹവും കരുണയും ആഗ്രഹിക്കുന്നു. വേലക്കാരൻ യജമാനനിൽനിന്നും കൂലിയോടൊപ്പം കരുണയും ആഗ്രഹിക്കുന്നു. അവർ ചെയ്യുന്ന സേവനം നാം വിലമതിക്കുന്നുവെന്നും, നാം അവരോടു നന്ദിയുള്ളവരാണെന്നും കാണിക്കുന്ന ഒരു വാക്കോ, പ്രവൃത്തിയോ അവരുടെയിടയിൽ നമ്മുടെ വില വർദ്ധിപ്പിക്കുകയും അതു് അവരുടെ വേല ലഘുവാക്കിത്തീർക്കുകയും ചെയ്യുന്നു.

ചിലരുണ്ടു് വലിയ കരുണാർദ്രർ. ഇഷ്ടമുള്ളവരോടു് പഞ്ചസാരവാക്കും, പുഞ്ചിരിയും. ഇഷ്ടമില്ലാത്തവരെ കണ്ടാൽ, അവരുടെ ഹൃദയം കടന്നൽ കുത്തിയമട്ടോ, കരിക്കലംപോലെയോ ആകും. മററു ചിലർക്കു മനുഷ്യരോടു സ്നേഹമില്ല; മൃഗങ്ങളോടുണ്ടു്. വലിയവരോടുണ്ടു്, ചെറിയവരോടില്ല. എന്നാൽ സകല സൃഷ്ടികളേയും ഒന്നുപോലെ പരിപാലിക്കുന്ന ക്രിസ്തുവിൻെറ സ്നേഹമാണു് ക്രിസ്ത്യാനിയെന്നഭിമാനിക്കുന്ന ഏവനേയും പ്രചോദിപ്പിക്കേണ്ടതു്. ആ സ്നേഹനാഥൻതന്നെ അരുളിച്ചെയ്തിട്ടുണ്ടു്, സ്നേഹമില്ലാത്ത പ്രാർത്ഥനയോ, വിശ്വാസമോ അർത്ഥശൂന്യമാണെന്നു്. വേദപുസ്തകവും ഇതിനു സാക്ഷ്യംവഹിക്കുന്നു. വി. പൗലോസ് കൊറിന്ത്യാക്കാർക്കെഴുതുന്നു, "എന്നിൽ പ്രവാചകത്വം ഉണ്ടായിരിക്കുകയും, സകല രഹസ്യങ്ങളും, സകല ജ്ഞാനവും ഞാൻ ഗ്രഹിക്കുകയും ചെയ്താലും, മലകളെ മാററാൻ തക്ക സകല വിശ്വാസവും എന്നിൽ ഉണ്ടായാലും, എനിക്കു സ്നേഹമില്ലായെങ്കിൽ ഞാൻ ഒന്നുമല്ല. ഞാൻ എനിക്കുള്ളതെല്ലാം ദരിദ്രർക്കു ഭക്ഷിക്കുവാൻ കൊടുത്താലും, ദഹിക്കുവാനായി എൻെറ ശരീരം ഏല്പിച്ചാലും എന്നിൽ സ്നേഹമില്ലായെങ്കിൽ എനിക്കൊരു പ്രയോജനവുമില്ല. സ്നേഹം ദീർഘശാന്തതയുള്ളതും, ഹൃദയമുള്ളതുമാകുന്നു. സ്നേഹം അസൂയപ്പെടുന്നില്ല. സ്നേഹം കലഹിക്കുന്നില്ല തൻകാര്യം അന്വേഷിക്കുന്നില്ല. കോപിക്കുന്നില്ല. അതു് അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു. അതു സകലവും സഹിക്കുന്നു."

ഇങ്ങനെ ക്രിസ്തുവിൻെറ അനുയായി, അതേ, മറെറാരു ക്രിസ്തുവെന്നു് അഭിമാനിക്കുന്ന ഏതൊരു കത്തോലിക്കനിലും ഉള്ളിക്കത്തേണ്ട സൽഗുണങ്ങളാണു് സ്നേഹവും കരുണയും. ഈ സൽഗുണറാണിമാർ ഒരിക്കലും തനിച്ചുനില്ക്കുകയില്ല. യഥാർത്ഥക്രിസ്തീയസ്നേഹം കത്തിജ്വലിച്ചു് കോപം, സ്വാർത്ഥത, അസൂയ, ദുരാശ മുതലായ തിന്മകളെ ഉന്മൂലനാശം ചെയ്തു്, തൽസ്ഥാനത്തു് സാഹോദര്യം, ആർദ്രത, എളിമ തുടങ്ങിയ അനേകം സൽഗുണങ്ങൾ നട്ടുവളർത്തുവാൻ സാധിക്കും. സ്നേഹമുണ്ടെങ്കിൽ സ്വാർത്ഥതവെടിഞ്ഞു് മററുള്ളവർക്കുവേണ്ടി ത്യാഗം സഹിക്കുന്നതിനു നാം തയ്യാറാകും. അതേ, സ്നേഹമുണ്ടെങ്കിൽ ത്യാഗമുണ്ടു്. ത്യാഗമുണ്ടെങ്കിൽ സ്നേഹവുമുണ്ടു്. അതോടൊപ്പം കരുണാമൊട്ടുകളും വികസിക്കുന്നു. അങ്ങനെ സ്നേഹത്തിൻേറയും കരുണയുടേയും പരിമളം സകല സൽഗുണങ്ങളേയും നമ്മുടെ ചുററുപാടും പരത്തുന്നു. ഈ ഓററത്തെട്ടിലെ പൂക്കൾ, നമ്മിൽ മൊട്ടിട്ടുവികസിക്കുവാൻ ...

(ശേഷം 3-ാംപേജിൽ)

# കമ്മ്യൂണിസവും അമേരിക്കയും—

## അവ അഭിനയിക്കേണ്ട ഭാഗങ്ങൾ

[ഫുൾട്ടൻ ജെ. ഷീൻ]

(തുടർച്ച)

കാൽവരിയിലേയും ബർമിങ്ങാമിലേയും ക്രിസ്തുവിനെ തുലനം ചെയ്ത് ജി. സ്റ്റഡെർട്ട് കെന്നടി ആധുനികമനുഷ്യന്റെ അനാസ്ഥയെ അപലപിക്കുന്നു:

"ഈശോ ഗാഗുൽത്തായിൽ വന്നപ്പോൾ അവർ അവിടുത്തെ ഒരു മരത്തിൽ തറച്ചുതൂക്കി. കരങ്ങളിലും പാദങ്ങളിലും ആയതങ്ങളായ ആണികൾ അടിച്ചുകയററി. അങ്ങനെ അവർ അവിടെ ഒരു കാൽവരി ആരചിച്ചു. അവർ അവിടുത്തെ ദിവ്യശിർഷത്തിൽ മുൾമുടി ധരിപ്പിച്ചു. മുറിവുകൾ ആഴപ്പെട്ട ചെമന്നു. കാരണം ആ ദിവസങ്ങൾ ക്രൂരവും കിരാതവുമായിരുന്നു. അന്നു മനുഷ്യമാംസത്തിന്റെ വില തുലോം തുച്ഛമായിരുന്നു. ഈശോ ബർമിങ്ങാമിലേക്കുവന്നു. ജനത അവിടുത്തെ മുമ്പിൽക്കൂടി അലക്ഷ്യമായി കടന്നുപോയി. അവർ അവിടുത്തെ ഒരു രോമത്തെയെങ്കിലും സ്പർശിച്ചില്ല. അവിടെയെങ്ങാനും കിടന്നു ചത്തുകൊള്ളട്ടെ എന്നുമാത്രം കരുതി. എന്തുകൊണ്ടെന്നാൽ, ഇപ്പോൾ മനുഷ്യർ കൂടുതൽ ദയാലുക്കളാണ്. അവർ അവിടുത്തെ വേദനിപ്പിക്കയില്ല. അവർ അവിടുത്തെ മഴയത്തുപേക്ഷിച്ചു തെരുവിലൂടെ അലക്ഷ്യമായി കടന്നുപോയി.

"പിതാവേ, അവരോടു ക്ഷമിക്കണമെ." എന്തെന്നാൽ തങ്ങൾ ചെയ്യുന്നതെന്തെന്നു അവർ അറിയുന്നില്ല. ഈശോ ഉറക്കെ നിലവിളിച്ചു. മഴ വീണ്ടും കോരിച്ചൊരിഞ്ഞുകൊണ്ടിരുന്നു. ധാരമുറിയാത്ത വർഷപാതം. ചുളുചുളെ തുളയുന്ന ശീതം അവിടുത്തെ സിരകളെ കാർന്നു.

ജനക്കൂട്ടം തെരുവുവിട്ടു വീടുകളണഞ്ഞു. ഒരാൾപോലും അവിടുത്തെ തിരിഞ്ഞുനോക്കിയില്ല. ഈശോ ഒരു ഭിത്തിക്കെതിരെ ചാരിനിന്നു വീണ്ടും കാൽവരിക്കുവേണ്ടി മുറവിളിമുഴക്കി.

ആശ്ലേഷയോഗ്യനായ ഒരു ദൈവത്തോടുള്ള അഭിശാപയോഗ്യമായ ഒരു ധൃഷ്ടതയെ കണ്ടെത്താത്തവരുടെ ആ കാൽവരിയിലെ വെറുപ്പും മർദ്ദനവുമായിരുന്നു, വിശാലമതികളെന്നഭിമാനിക്കുന്നവരുടെ അനാസ്ഥയേക്കാൾ, ക്രിസ്തുവിനു കൂടുതൽ സഹ്യമായിത്തോന്നിയതു്".

ഈ റഷ്യൻ അഗ്നിക്കു ഭയാനകമായ സാദ്ധ്യതകളുണ്ട്. കമ്മ്യൂണിസ്റ്റുകാർ ദൈവത്തെ നിഷേധിക്കുന്നില്ല. അവർ അവിടുത്തെ വെല്ലുവിളിക്കുകമാത്രം ചെയ്യുന്നു. ജീവതന്ത്രത്തിന്റെ 100 പേജുകൾ വായിച്ചിട്ട് അപ്പാടെ ദൈവത്തെ നിഷേധിക്കുന്ന കലാലയവിദ്യാർത്ഥികളെപ്പോലെയല്ല ഇവർ. സോവ്യററുകാർ സമരനിഷ്ഠാതരാണ്. അവർ ദൈവത്തിനെതിരായി പോരാടുകയാണ്. കാരണം, അവർ അറിയുന്നു, അവിടുന്നു സത്യമായി സ്ഥിതിചെയ്യുന്നുവെന്ന്. ഒരുദിവസം അവർ അവിടുത്തെ സ്നേഹിക്കും. അവരിതു ചെയ്യുമ്പോൾ, പുനർജനനമാന്ന് യൂറോപ്പിനും ഏഷ്യയ്ക്കുമിടയ്ക്കുനിന്നു അവർ മദ്ധ്യസ്ഥതവഹിക്കും. റഷ്യയിൽനിന്നു ലോകത്തിനു യഥാർത്ഥസമാധാനം കൈവരുത്തുന്നതിനു റഷ്യയ്ക്കുമേ, മനുഷ്യരെ പിടിക്കുന്നവരെ കണ്ടെടുക്കുവാൻ പശ്ചാത്താപമായ ഗലീലേയാകർത്താവു കണ്ടെത്തും.

എന്താവാം അമേരിക്കയ്ക്കു അഭിനയിക്കുവാനുള്ള ഭാഗം?

ലോകജനതയുടെ സ്വാതന്ത്ര്യവും സ്വച്ഛന്ദതയും വീണ്ടെടുക്കുന്നതിൽ ദൈവപരിപാലനത്തിനു കീഴ്പ്പെട്ടുനിന്നുകൊണ്ടുള്ള ഉപകരണങ്ങൾ നാം ആകണം. ദൈവംതന്നെയാണ് പ്രമുഖകർത്താവ്. ഉപകർത്താക്കളുടെ സ്ഥാനം നാം വേണം വഹിക്കുവാൻ. അതിനു നാം നമ്മെത്തന്നെ യോഗ്യരാക്കുകയുംവേണം.

നമ്മുടെ നാട്ടിനു എന്നാളും വലുതായ ഒരു കടമയുണ്ട്. ചരിത്രത്തിന്റെ പ്രാരംഭത്തിൽത്തന്നെ മർദ്ദിതർക്കു നാം ഒരു മട്ടവഹാ ആയിരുന്നു. ഇന്നു നാം പ്രജാധിപത്യത്തിന്റെ സംഭരണശാലയാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി പട്ടിണികിടക്കുന്ന ലോകത്തിനു നാം കലവറയായിരുന്നു. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വിശക്കുകയും ദാഹിക്കുകയും ചെയ്തുകൊണ്ടിരുന്ന അവശലക്ഷങ്ങൾക്കു നാം ലക്ഷക്കണക്കിനു ഡോളർ അയച്ചുകൊണ്ടിരുന്നു. ആസന്നഭാവിയിൽ പൗരസ്ത്യലോകത്തെ മറച്ചിരിക്കുന്ന ആ തിരശ്ശീലയെ ചുരുട്ടി ഉയർത്തുന്നതിനു നാം ക്ഷണിക്കപ്പെടും. അതേ, കിഴക്കിനു മററു രാഷ്ട്രങ്ങളോടൊപ്പം ഏററം അനുഗ്രഹിക്കപ്പെട്ട സമൃദ്ധിയും സമാധാനവും സൗഭ്രാത്രവും കൈവരുത്തുക എന്ന മഹാകർമ്മത്തിനു നാം ക്ഷണിക്കപ്പെടും.

നൂറാണ്ടുകളായി നമ്മുടെ നാട് മനുഷ്യനേത്രങ്ങളിൽനിന്നു വിരിവീണ മറയ്ക്കപ്പെട്ടിരുന്നു. ആ വിരിയെ പിളർന്നുകയറിയ കൊളമ്പസ്സിന്റെ കപ്പലുകൾ ലോകത്തിന്റെ മുമ്പിൽ അമേരിക്കയെ അനാവരണംചെയ്തു. ഇന്നു അമേരിക്കയുടെ ധർമ്മം ഇതാണ്. മറെറാരു വിരിയെ പിളർക്കുക. നമ്മുടെ നിർവ്യാജമായ താല്പര്യത്തിനു വിഷയമായിരിക്കുന്ന മിഷനുകൾക്കെതിരെ, പൗരസ്ത്യജനങ്ങൾക്കെതിരെ, നിവന്നുകിടക്കുന്ന വിരിയെ അനാവരണം ചെയ്യുക, ഈ ജനതയെ കുലീനമായ ജീവിതത്തിലേക്കു കൈകൊടുത്തുയർത്തുക. ഇന്നു ലോകത്തിന്റെ മുന്നിൽ രണ്ടുഭാഗം രാത്രിതോറും കത്തുന്ന വയറുകളോടുകൂടി കിടക്കയെ അഭയംപ്രാപിക്കുന്നവരാണ്. നമ്മുടെ സമ്പന്നതകൊണ്ട് അവരുടെ വയറുകളെ നിറയ്ക്കുക, നമ്മുടെ ദൈവികസത്യംകൊണ്ട് അവരുടെ ആത്മാക്കളെ നിറയ്ക്കുക, അതാണ് നമുക്കു കരണീയം.

മഹത്തായ ഈ ഭാഗം അഭിനയിക്കുന്നതിനു നാം നമ്മെത്തന്നെ യോഗ്യരാക്കണം. ഇതിനു "ഞാൻ ശാന്തിയല്ല വാളു പായിക്കുവാൻ വന്നു" എന്ന ദിവ്യഗുരുവിന്റെ വാക്കുകളെക്കുറിച്ചും അതിൽ ഒളിഞ്ഞിരിക്കുന്ന രഹസ്യത്തെക്കുറിച്ചും നാം ധ്യാനിക്കണം.

പത്രോസു കരുതി മനുഷ്യന്റെനേർക്കു ഓങ്ങിവെട്ടേണ്ട വാളിനെപ്പററിയാണു ഈശോ സംസാരിച്ചതെന്ന്. ക്രിസ്തു ബന്ധിതനായ ആ രാത്രി, പത്രോസ് വാൾ ഊരി ഖഡ്ഗധാരിയെന്ന നിലയിൽ താൻ ഒരു ഒന്നാംകിടമുക്കുവനെന്നു തെളിയിച്ചു. അദ്ദേഹത്തിനു ആകെ ചെയ്യുവാൻ കഴിഞ്ഞതു് പ്രധാനാചാര്യന്റെ ഭൃത്യൻ മാല്ക്കസിന്റെ ചെവി ഛേദിക്കുവാൻമാത്രം. എന്നാൽ ഈശോ പത്രോസിനെ ശാസിച്ചുകൊണ്ടരുൾചെയ്തു: "നിന്റെ വാൾ ഉറയിലിടുക. വാൾ എടുക്കുന്നവൻ വാൾകൊണ്ടു നശിക്കും." ദിവ്യഗുരു പത്രോസിനോടു പറയുകയായിരുന്നു: "പത്രോസേ, ഞാൻ വാൾ പായിക്കുവാൻ വന്നു" എന്നു പറഞ്ഞപ്പോൾ ഞാൻ അർത്ഥമാക്കിയതു് ശത്രുവിനെ കുത്തിമുറിപ്പെടുത്തുന്നതിനുള്ള ഉരുക്കുഖഡ്ഗമല്ല, നിന്നിൽത്തന്നെ കുത്തിയിറക്കേണ്ട, നിന്റെ സ്വാർത്ഥത്തേയും പാപത്തേയും കടപുഴക്കുവാൻ കുത്തിയിറക്കേണ്ട ആ ആദ്ധ്യാത്മികഖഡ്ഗമാണ് ഈ ശാന്തിയെ ആനയിക്കുക.

നമുക്കു ഊഹിക്കാനാവുന്നതിലും മനോജ്ഞമായ ഒരന്ത്യം അമേരിക്കയ്ക്കുണ്ട്. അതു ക്രിസ്തുവിന്റെ കുരിശാരോഹണദിനം, ഒററമിനന്യനായിരുന്ന സിറീനിലെ സീമയോന്റെ ഭാഗമാണ്. അയാൾ കൗതുകത്തിനുമാത്രം ഈശോ കാൽവരി കയറുന്നതുനോക്കി വഴിയരികിൽ നിന്നിരുന്നു. ഈശോ ആരെന്നു അയാൾ അറിഞ്ഞിരുന്നില്ല.

അങ്ങനെ ദൈവകുമാരൻ കുരിശു ചുമന്നുപോകുന്നതു നോക്കിനിന്നപ്പോൾ, റോമൻനിയമത്തിന്റെ ദീർഘഹസ്തങ്ങൾ അയാളോടാജ്ഞാപിച്ചു: "ആ കുരിശെടുക്കൂ, അതു ചുമക്കൂ" എന്ന്. അയാൾക്കതിഷ്ടമായില്ല. എങ്കിലും അയാളതെടുത്തു, ദിവ്യഗുരുവിന്റെ കാല്പാടുകൾ പിഞ്ചെന്നു. വേഗം ആ നുകം മധുരവും ഭാരം ലഘുവുമായിവന്നു.

അമേരിക്കയും ആ വഴിക്കവലയിലാണ്. വേദനയനുഭവിക്കുന്ന ലോകത്തിന്റെ വഴിക്കവലയിൽ. അതു കാണുന്നു, കമ്മ്യൂണിസം ലോകത്തെ കുരിശിൽ തറയ്ക്കുന്നതു്. ഈശ്വരപരിപാലനത്തിന്റെ നീണ്ട കരം അമേരിക്കയെ സ്പർശിച്ചുകൊണ്ടു പറയുന്നു, "കുരിശെടുക്കുക, ലോകത്തു ഒട്ടിയ വയറുകളുമായി പട്ടിണികിടക്കുന്ന അവശലക്ഷങ്ങളുടെ കുരിശെടുക്കുക."

നമ്മുടെ വൻനാടറിയുന്നില്ല ആരുടെ കുരിശാണു അതു ചുമക്കുന്നതെന്ന്. വാസ്തവത്തിൽ നാം അറിയുന്നതിലും കുലീനമായ ഒരു കുരിശാണ് നാം ചുമക്കുന്നതു്. നാം അർഹിക്കുന്നതിലും സമുന്നതമായ കുരിശാണ് നാം വഹിക്കുന്നതു്. കുരിശിനെ കുരിശല്ലാതെ, എന്നാൽ ഇരട്ടക്കുരിശാക്കുന്ന "സ്വസ്തിക"യിൽനിന്നു നാം ലോകത്തെ രക്ഷിച്ചിരിക്കുകയാണ്. ഇനി നാം ലോകത്തെ അരിവാളിൽനിന്നും ചുററികയിൽനിന്നും രക്ഷിക്കണം. "ജീവന്റെ അപ്പ"വുമായി ഒരുനാളും ഒന്നിക്കാതിരിക്കുവാൻ, വിളഞ്ഞു പാകമാകാത്ത ഗോതമ്പിനെപ്പോലെ പച്ചിച്ചുജീവനെ അരിഞ്ഞുവീഴ്ത്തുന്ന അരിവാളും കുരിശിൽ തറയ്ക്കുന്ന ചുററികയും.

കമ്മ്യൂണിസ്റ്റുകാർ, ഒരു ദിവസം, ദൈവത്തിന്റെ നാമത്തിൽ അണിനിരന്നു മുന്നേറുമ്പോൾ ചുററിക കുരിശിനെപ്പോലെയും അരിവാൾ മറിയത്തിന്റെ പദതളിരിലെ അമ്പിളിപ്പൊളിപോലെയും കാണപ്പെടുവാൻതക്കവണ്ണം ഈ കൊടിയടയാളങ്ങളെ മാററുകയാണ് അമേരിക്കയുടെ കടമ. അവ നമ്മെ ദൈവത്തിങ്കലേക്കാനയിക്കുന്നതിനും ലോകത്തിന്റെ മേന്മയ്ക്കും മനുഷ്യാത്മാവിന്റെ ശാന്തിക്കുമായി നാം പരസ്പരം സ്നേഹിക്കുന്നവരാകുന്നതിനും സഹായിക്കട്ടെ. (From "The Life is worth living")

പരിഭാഷകൻ—പി. എക്സ്. പുല്ലുവിള.

## വിനോദവേദി



"യമാന്നേ, ഒരുമിനിട്ടു താമസിക്കണേ! ഫോട്ടോഗ്രാഫറും പത്രപ്രതിനിധിയും ദേ, ഓടിയണച്ചു വന്നെത്തുന്നതേയുള്ളു!"

x x x

ഭാര്യ:- നിങ്ങൾക്കിത്ര കണ്ണിൽ ചോരയില്ലല്ലോ. എപ്പോഴും കുററംതന്നെ. നേരം വെളുത്താൽ സന്ധ്യയാകുന്നതുവരെ ഒരു തേനീച്ചയെപ്പോലെ ഞാൻ ജോലിചെയ്യുന്നുണ്ട്. എന്നിട്ടും കേട്ടില്ലേ പറയുന്നതു്?

ഭർത്താവു്:- എന്റെ പ്രിയേ. നീ പറഞ്ഞതു കുറെ ശരിയാണ് പക്ഷെ നീ തേനീച്ചയെപ്പോലെയല്ല. തേനീച്ച ഒരു കുത്തുകുത്തിയാൽ അതിന്റെ കൊമ്പൊടിഞ്ഞുപോകും. പിന്നെ കുത്തുകയില്ല. നിന്റെ പ്രകൃതി നേരെ മറിച്ചാണ്.

x x x

വികാരിഅച്ചൻ:- തോമസിനു മീൻ കുറെ കിട്ടിയല്ലോ. പക്ഷെ ഇന്നു ഞായറാഴ്ചയല്ലേ? ചൂണ്ടലിടാൻ പോയതുകൊണ്ട് കല്പന ലംഘിച്ചില്ലേ?

ബാലൻ:- ഈ മീനോരോന്നും ഇരയ്ക്കുവേണ്ടി ഓടിയതുകൊണ്ടല്ലേ ഞാനവയെ പിടിച്ചെടുത്തതു്? അവ സ്വസ്ഥമായിരുന്നെങ്കിൽ വല്ല കുഴപ്പവും വരുമോ?




"വിദ്യാഭ്യാസത്തിനും, വിവാഹത്തിനും ഉതകുന്ന പ്രത്യേക പദ്ധതികൾ" എന്ന ഞങ്ങളുടെ ലഘുഗ്രന്ഥം കുട്ടികൾക്കു വേണ്ടി എങ്ങിനെ നിക്ഷേപം ആരംഭിക്കണമെന്നുള്ളതിനെപ്പററി പൂർണ്ണ വിവരം തരും. അടുത്തുള്ള ഞങ്ങളുടെ ബ്രാഞ്ചു മാനേജരിൽ നിന്നും ഒരു പ്രതി സൗജന്യമായി വാങ്ങുക.

ദീർഘദൃഷ്ടിയോടുകൂടി പണം നിക്ഷേപിച്ചു പോരുന്നതിനാൽ

അവന്റെ ഭാവി സുരക്ഷിതമത്രെ

രഞ്ജൻ പാവകൾ ഇഷ്ടപ്പെടുന്നില്ല. അവന്റെ മോട്ടോർകാർ എങ്ങിനെയാണ് ഓടുന്നതെന്ന് അവൻ ശ്രദ്ധിക്കുകയാണ്. ഒരുപക്ഷെ അവൻ ഒരിക്കൽ ഒരു എൻജിനീയരോ ഒരു ശില്പകലാവിദഗ്ദ്ധനോ, അല്ലെങ്കിൽ ഒരു ശാസ്ത്രജ്ഞനോ ആയേക്കാം. എന്നാൽ, ഏതു ജോലിയിൽ പ്രവേശിച്ചാലും അവന്റെ അപ്പന്റെ ദീർഘദൃഷ്ടിയേയാണ് അവൻ സ്തുതിക്കേണ്ടതു്.

രഞ്ജനും അവന്റെ സഹോദരിയും ജനിച്ച ഉടനെതന്നെ അവരുടെ അപ്പൻ അവരുടെ പേരുകളിൽ പാലാ സെൻട്രൽ ബാങ്കിൽ സേവിംഗ്സ് കണക്കുകൾ ആരംഭിച്ചു. ഈ കണക്കുകളിൽ നിരന്തരം ഓരോ തുകകൾ നിക്ഷേപിച്ചുവരുന്നതുകൊണ്ട് രഞ്ജന്റെ സാങ്കേതിക പഠനത്തിനും, സഹോദരിയുടെ വിവാഹച്ചിലവിനും വേണ്ടതായ പണം യഥാസമയം ഉണ്ടായിരിക്കും.

എത്ര വേഗം തുടങ്ങുന്നോ അത്രയും നല്ലതു്

നിങ്ങളുടെ കുട്ടികളുടെ ഭാവിയിലെ ആവശ്യങ്ങൾക്കു വേണ്ടിവരുന്ന പണം കരുതുന്നതിന് സമയമായില്ലെന്ന് വിചാരിക്കരുതു്. നിങ്ങൾക്കേററവും സൗകര്യപ്രദമായ പദ്ധതികൾ പാലാ ബാങ്കിൽ ഉണ്ട് ഉദാഹരണമായി ഒരു സേവിംഗ്സ് കണക്ക് ആരംഭിച്ച് ക്രമമായി അതിൽ പണം നിക്ഷേപിക്കുകയോ, ഉദാരമായ പലിശ കിട്ടുന്ന കാഷ് സർട്ടിഫിക്കേററുകൾ വാങ്ങി അഞ്ചുകൊല്ലത്തിലൊരിക്കൽ പുതുക്കിക്കൊണ്ടിരിക്കുകയോ ചെയ്യുക.

നിക്ഷേപങ്ങൾ കുട്ടികളോടൊപ്പം വളർന്നുവരും. പലിശ ലഭിക്കുന്നതുകൊണ്ട് ആ തുകകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യും. വിശേഷിച്ച്, നിങ്ങൾ നിങ്ങളുടെ കുട്ടികളെ സ്നേഹിക്കുന്നതുകൊണ്ട് അവരുടെ പേരിലുള്ള നിക്ഷേപങ്ങൾ പിൻവലിക്കുന്നതിന് നിങ്ങൾക്കു മനസ്സുണ്ടാകയില്ല.

പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

ESTD. 1927

ഹെഡാഫീസ്: പാലാ

തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ

തെക്കെ ഇൻഡ്യയിലെ ഒരു പ്രമുഖ ബാങ്ക്

PC. 330

# ചെറുകഥ

## ഇന്നു അതു് എനിക്കു മനസ്സിലായി

[മറിയക്കുട്ടി പരുവനാനി]

"മാമ്മിപ്പെമ്പിള്ളേ, ഇവിടെ യാരുമില്ലേ?" എന്നുള്ള ആ വിളി കേട്ടുകൊണ്ടു് അടുക്കളയിൽ പാലപ്പത്തിനു അരിപ്പൊടി കുഴച്ചുകൊണ്ടിരുന്ന മാമ്മിച്ചേട്ടത്തി വാതുക്കൽ വന്നു് എത്തിനോക്കി. "ആണ്ടു്, കുമാരൻകുഞ്ഞാണോ, പിന്നെയെന്നാ ഇങ്ങോട്ടൊക്കെ ഇറങ്ങിയതു്?" "മേരിക്കുട്ടി ഇവിടെ ഇല്ലേപെമ്പിള്ളേ?" അതായിരുന്നു അവൻ്റെ മറുപടി. "എന്തിനാ, ആ ചാവടിയിലിരുന്നു വായിക്കുന്നുണ്ടു്." "വത്സലക്കൊച്ചമ്മ ഒരു എഴുത്തു തന്നുവിട്ടിട്ടുണ്ടു്; അതുകൊടുക്കാനാ." "എന്നാ എഴുത്താ കുമാരാ?" "നാളെപള്ളിക്കൂടത്തിൽ വരികേലന്നൊ മറ്റൊ ആവാം" എന്നു പറഞ്ഞുകൊണ്ടു് സ്വല്പം കൂനുള്ള ആ വെളുത്ത പയ്യൻ ചാവടിയുടെ പടിഞ്ഞാറുവശത്തേക്കു പോയി. മാമ്മിച്ചേട്ടത്തി പഴയ ജോലിയിൽതന്നെ വ്യാപൃതയായി.

വായനയിൽ ദത്തശ്രദ്ധയായിരുന്ന മേരിക്കുട്ടി മോഹനബംഗ്ലാവിലെ കന്നുകാലികെട്ടുകാരനായ കുമാരനെ കണ്ടപ്പോൾ പുസ്തകം മടക്കി മേശപ്പുറത്തു വച്ചിട്ടു് പുറത്തേക്കിറങ്ങിവന്നു "എന്താവന്നതു്" എന്നു ചോദിച്ചതിനുമുമ്പേ നല്ലവണ്ണം പശവെച്ചൊട്ടിച്ച ഒരു കവർ അവളുടെ നേർക്കു നീട്ടിക്കൊണ്ടു "വത്സലക്കൊച്ചമ്മ തന്നുവിട്ടതാ" എന്നു പറഞ്ഞു. കവറിൻ്റെ പുറത്തെ കൈപ്പട നോക്കിക്കൊണ്ടു "വത്സലക്കൊച്ചമ്മ എന്നാട്ടുക്കുവാ" എന്നു മേരിക്കുട്ടി ചോദിച്ചു. "വല്യ കരച്ചിലാ ഇന്നലെത്തുടങ്ങി." "എന്തിനാണെന്നു അറിയാമോ" എന്നു് ഉൽക്കണ്ഠയോടുകൂടി മേരിക്കുട്ടി ചോദിച്ചു. "ഇല്ല, ഞാൻ ഇന്നലെ കാളേമ്മാരേം തീററികൊണ്ടു വന്നപ്പം അവിടെയിരുന്നു കരയുന്നുണ്ടു്. ഞാൻ ചോദിച്ചിട്ട ഒന്നും പറഞ്ഞില്ല. ഞാൻ പോകുവാ. കാള എത്തവാഴവേലിക്കകത്തു കയറും" എന്നു പറഞ്ഞുകൊണ്ടു ആ കൊച്ചുകൂനൻ ഓട്ടംപിടിച്ചു.

മേരിക്കുട്ടി അത്യാകാംക്ഷയോടും എന്നാൽ ഉൽക്കണ്ഠയോടുംകൂടി ആ കത്തു പൊട്ടിച്ചു് വായിച്ചു. അതിൽ ഇപ്രകാരമെഴുതിയിരുന്നു:-

പ്രിയ മേരിക്കുട്ടി,

നമ്മുടെ രഹസ്യങ്ങളെല്ലാം വീട്ടിലും അറിഞ്ഞു. അച്ഛൻ എന്നോടു ചോദിച്ചു. ഞാൻ സത്യമെല്ലാം തുറന്നു പറഞ്ഞു. ഉഗ്രകോപിയെങ്കിലും, ഇതുവരെഎന്നെശാസിച്ചിട്ടുപോലുമില്ലാത്ത അച്ഛൻ ഇന്നു് എന്നെ കഠിനമായി ശാസിക്കയും ശക്തിയായി വളരെയധികം പ്രഹരിക്കയും ചെയ്തു. മേലാൽ സ്കൂളിൽ പോകണ്ടായെന്നു കല്പനയും നൽകി. അതിനാൽ പ്രാണസുഹൃത്തേ, നാളെ എന്നെ പ്രതീക്ഷിച്ചുനില്ക്കേണ്ട.

എന്നു് കവിഞ്ഞൊഴുകുന്ന കണ്ണീരോടുകൂടി പ്രാണസഖി
വത്സലകുമാരി

മേരിക്കുട്ടി ധാരധാരയായി കണ്ണുനീർ ഒഴുക്കിക്കൊണ്ടു് ആ കത്തു വായിച്ചു. അവളുടെ കൈയിൽനിന്നും എഴുത്തു താഴെ പതിച്ചതു് അവൾ അറിഞ്ഞില്ല. അവളുടെ ഹൃദയം രണ്ടായി പിളർന്നു പോകുന്നതുപോലെ അനുഭവപ്പെട്ടു. കുറെ സമയത്തേക്കു പ്രജ്ഞാവിഹീനയായി ആ നിലയിൽ തന്നെ നിന്നുപോയി.

വത്സലകുമാരി—മോഹനബംഗ്ലാവിലെ വമ്പിച്ച സ്വത്തിൻ്റെയെല്ലാം ഏകാവകാശി. വളരെയധികം വഴിപാടുകളും നേർച്ചകാഴ്ചകളും കഴിച്ചതിൻ്റെ ഫലമായി ജനിച്ച ഏകപുത്രി. സൗന്ദര്യവും സമ്പത്തും ഒത്തിണങ്ങിയ ഒരു ഹൈന്ദവയുവതി. ചുരുണ്ടു നീണ്ട അവളുടെ നീലവേണി മററു യുവതികൾക്കു അസൂയാജനകംതന്നെയാണു്. കുവലയപുഷ്പങ്ങളുടെ ഇതളുകൾപോലെ നീണ്ടു മോഹനമായ അവളുടെ കൺകോണുകളുടെ വശ്യത ഒന്നു പ്രത്യേകമാണു്. അവളുടെ ആകാരസുഷമ അവളെ അന്നാട്ടുകാരുടെയെല്ലാം വത്സലതന്നെയാക്കിത്തീർത്തു. അവളുടെ സൗന്ദര്യത്തിനു മാററു വർദ്ധിക്കത്തക്കവിധത്തിൽ പട്ടുസാരികളും ആഭരണങ്ങളും ഉണ്ടാക്കിക്കൊടുക്കുന്നതിൽ രാധാമണിദേവിയും അവ മാറിമാറി മോടിയായി ധരിക്കുന്നതിൽ വത്സലയും അതിവ ശ്രദ്ധിച്ചിരുന്നു. ഇപ്രകാരം സൗന്ദര്യറാണിയായി മന്ദസ്മേരസമന്വിതം സ്കൂളിലേക്കു യാത്രയാകുന്ന ഈ കുമാരിയുടെ ഹൃദയം ആനന്ദപുളകിതമാകുന്നതു് പടിഞ്ഞാറെ വഴിയുടെ കിഴക്കേ ചെരിവിലുള്ള ഒരു വീട്ടുപടിക്കൽ എത്തുമ്പോഴാണു്.

അവിടെ അലക്കിത്തേച്ച മൽമൽമുറി ഭംഗിയായി ഞൊറിയിട്ടുടുത്തു്, കൈമുട്ടു മറയത്തക്കവണ്ണം കൈനീളമുള്ള ചട്ടയും, പുള്ളിയിലക്കരയൻ കവണിസാരിയുമിട്ടു്, അലോകമോഹനമായ സൗന്ദര്യവായ്പു് ചുററും വിതറിക്കൊണ്ടു് ഒരു സൗന്ദര്യധാമം നില്ക്കുന്നുണ്ടാവും. തനിത്തങ്കനിറമുള്ള ഈ യുവതിടമ്പു് ലാനേൽതോമ്മാച്ചേട്ടൻ്റേയും മാമ്മിച്ചേട്ടത്തിയുടേയും ദാമ്പത്യവല്ലരിയിൽ വികസിച്ച സൗന്ദര്യധാമമായ മേരിക്കുട്ടിയാണു്. സൗന്ദര്യത്തിലും സൽസ്വഭാവത്തിലും മികച്ചവളാണു് മേരിക്കുട്ടി. വർഷംതോറും സ്കൂളിൽനിന്നും സൽസ്വഭാവത്തിനുള്ള സമ്മാനം കരസ്ഥമാക്കുന്നതും ഈ ബാലികതന്നെയാണു്. ഒരു മാതൃകാവിദ്യാർത്ഥിനിയാണു് അവൾ. ആർഭാടരഹിതമായും എന്നാൽ മോടിയായുമാണു് അവളുടെ വസ്ത്രധാരണം. ജീവിതത്തിൽ സകല സൗഭാഗ്യങ്ങളും അവൾക്കുണ്ടു്. എങ്കിലും ഒരു സംഗതി അവളെ നിരന്തരം ദുഃഖിപ്പിച്ചുകൊണ്ടിരുന്നു. ധൂർത്തനും ഈശ്വരവിചാരരഹിതനുമായ ഒരു കോളേജുകുമാരൻ്റെ സഹോദരിയാണവൾ. പ്രേമസമ്പന്നരായ മാതാപിതാക്കളുടെ ശാസനകൾക്കോ, ആദർശമൂർത്തിയായ ഇടവകവൈദികൻ്റെ സാരോപദേശങ്ങൾക്കോ അവൻ ചെവികൊടുത്തിരുന്നില്ല. കുടുംബത്തിൻ്റെ നിലനില്പിനു് ഏകമകൻ— ടോമിച്ചൻ—മാത്രമേയുള്ളല്ലോ എന്നു വിചാരിച്ചു് തോമ്മാച്ചേട്ടനും മാമ്മിച്ചേട്ടത്തിയും അത്യധികമായി ലാളിക്കയും അനാവശ്യമായി പണം ചെലവാക്കാൻ കൊടുക്കയും ചെയ്യുന്നതിൻ്റെ ഫലമായിട്ടാണു് ടോമിച്ചൻ ഇത്രമാത്രം വഷളായിത്തീർന്നതു്. കമ്മ്യൂണിസ്റ്റു്സിദ്ധാന്തങ്ങളിൽ അടിയുറച്ചു വിശ്വസിക്കുന്നവനാണു് ടോമിച്ചൻ. അവനെ അതിൽനിന്നു വ്യതിചലിപ്പിക്കുവാൻ ആരാലും സാദ്ധ്യമല്ല. തൻ്റെ ഏകസഹോദരിയായ മേരിക്കുട്ടിയെ അവൻ ജീവതുല്യം സ്നേഹിക്കുന്നുണ്ടു്. പക്ഷെ അവളുടെ ആർഭാടരഹിതമായ ജീവിതം അവനു ഇഷ്ടമായിരുന്നില്ല.


കറുത്തു ചുരുണ്ട തലമുടി പുറകോട്ടു ഭംഗിയായി ചീകിവച്ചു് അലക്കിത്തേച്ച ബുഷ്ഷർട്ടും ലിനൻമുണ്ടും ധരിച്ചു്, സ്വർണ്ണച്ചെയിനോടുകൂടിയ റിസ്റ്റുവാച്ചും കെട്ടി, സ്വന്തംപേരുകൊത്തിയതും നീലക്കല്ലു പതിച്ചതുമായ ഓരോ മോതിരം രണ്ടു കൈകളിലുമിട്ടു്, സുഗന്ധദ്രവ്യങ്ങളുടെ പരിമളം പാരെങ്ങും പരത്തിക്കൊണ്ടു് ഷൂസിൻ്റെ കിറുകിറശബ്ദത്തോടുകൂടി പ്രഭുകുമാരനെപ്പോലെ കോളേജിലേക്കു യാത്രയാകുന്ന ഈ യുവരസികൻ—ടോമിച്ചൻ— തൻ്റെ കഴുത്തിനെ അലങ്കരിക്കുന്ന ഡബിൾച്ചെയിൻ അന്യദൃഷ്ടിയിൽ പെട്ടില്ലെങ്കിലോയെന്നു കരുതി കോട്ടിൻ്റെ രണ്ടു ബട്ടൺസിടാറു പതിവില്ല. ഇങ്ങനെ ഒരു ചെറുപുഞ്ചിരിയോടുകൂടി കോളേജിലേക്കു പോകുന്ന വഴിമദ്ധ്യേ, പിരിയാമിത്രങ്ങളായ — "ഇണപ്രാക്കളാ"യ— മേരിക്കുട്ടിയേയും വത്സലകുമാരിയേയും കാണുക പതിവാണു്. രാജകുമാരിയെപ്പോലെ അലംകൃതയായിപ്പോകുന്ന വത്സലയിൽ അവൻ്റെ ദൃഷ്ടികൾ പതിയും. അവളുടെ സൗന്ദര്യത്തിൽ അവൻ ആമഗ്നനാകും. അവളുടെ കിളിമൊഴി കേൾക്കുവാൻ ലോഹ്യമായി അവരോടു് എന്തെങ്കിലും അവൻ സംസാരിക്കുക പതിവാണു്. വീട്ടിൽ വരുമ്പോൾ വത്സലയെപ്പററി മേരിക്കുട്ടിയോടു് അവൻ പലതും പറയും: "എൻ്റെ മേരിക്കുട്ടി, നീയെന്തു ഭോഷിയാണു്. ഇക്കാലത്തു് ഇങ്ങനെ നാടൻവസ്ത്രം ധരിക്കുന്ന പെണ്ണുങ്ങളുണ്ടോ? പരിഷ്കൃതസ്ത്രീകൾക്കു യോജിച്ചവേഷം പട്ടുസാരികളും കാഞ്ചനാഭരണങ്ങളുമാണു്. ചില സ്ത്രീകളൊക്കെ ഇന്നും ഈ മുണ്ടും ചട്ടയും ഉപയോഗിക്കുന്നതു് അവർക്കു മാതാപിതാക്കൾ പട്ടുസാരികളും മററും വാങ്ങിച്ചുകൊടുക്കാഞ്ഞിട്ടാണു്. നീ വാങ്ങിച്ചുതന്നാലും ഉപയോഗിക്കാത്ത മണ്ടിപ്പെണ്ണു്. നീ ആ വത്സലയെ ഒന്നു കണ്ടുപഠിക്കു്. എന്തു ഭംഗി; അവളുടെ വേഷം എന്തു മോടി!"

"ടോമിച്ചാച്ചാ, ആന്തരികമോടിയാണു് ബാഹ്യമോടിയെക്കാൾ കാമ്യം" എന്നു മേരിക്കുട്ടി മറുപടി പറയും.

"നിൻ്റെ ആന്തരികം. എന്നതാ ഈ ആന്തരികമെന്നു പറഞ്ഞാൽ? വലിയ വേദാന്തമൊന്നും ഓതണ്ട." അങ്ങനെ വെള്ളവസ്ത്രാലംകൃതയായ ആ മാടപ്രാവിനോടു് അവൻ കയർക്കുക പതിവാണു്.

വത്സലയും മേരിക്കുട്ടിയും ഒരേ ഞെട്ടിൽ വിടർന്ന രണ്ടു സുമങ്ങൾ പോലെ ആത്മാർത്ഥസ്നേഹിതകൾ. സ്കൂൾഫൈനൽവിദ്യാർത്ഥിനികൾ. നിത്യവും വഴിവക്കിൽ കാത്തുനില്ക്കുന്ന മേരിക്കുട്ടിയുമൊന്നിച്ചാണു് വത്സലകുമാരിയുടെ പോക്കുവരവുകൾ. വഴിമദ്ധ്യേ അവരുടെ ഹൃദയരഹസ്യങ്ങൾ അന്യോന്യം പകരുക സാധാരണമാണു്. രണ്ടുപേർക്കും അറിവില്ലാത്ത യാതൊരു സംഗതിയും അവർക്കില്ല. എങ്കിലും കുറെ നാളുകളായിട്ടു് വത്സല ഒരു സംഗതിമാത്രം മേരിക്കുട്ടിയിൽനിന്നും മറച്ചിരുന്നു. ടോമിച്ചൻ വത്സലയേയും വത്സല ടോമിച്ചനേയും സ്നേഹിക്കുന്നുണ്ടു്. ഈ സംഗതി മേരിക്കുട്ടിക്കു രസിച്ചില്ലെങ്കിലോ എന്നു കരുതി പറയാതിരുന്നതാണു്. വഴിമദ്ധ്യേ മേരിക്കുട്ടി ക്രിസ്തുമതത്തേയും അതിലെ മോഹനവശങ്ങളേയും പാരത്രികജീവിതത്തിൻ്റെ മാഹാത്മ്യത്തേയും മററും കുറിച്ചു് വത്സലയോടു പറയുക പതിവാണു്. വി. മരിയഗൊരേത്തി, വി. ആഗ്നസ്, വി. ഫിലോമിന മുതലായ രക്തസാക്ഷിണികളുടെ ജീവചരിത്രം അവൾക്കു വായിക്കുവാനും കൊടുത്തിരുന്നു. ഇപ്രകാരം വർഷങ്ങൾ രണ്ടു കടന്നുപോയി. അവരുടെ സ്നേഹബന്ധം ഫോർത്തുഫോറംമുതൽ ആരംഭിച്ചതാണു്. ഇക്കാലയളവിൽ അവർ തമ്മിൽ ഒരു വാക്കുസമരംപോലുമുണ്ടായിട്ടില്ല. മേരിക്കുട്ടിയെ പിരിഞ്ഞു് വത്സലയോ, വത്സലയെ പിരിഞ്ഞു് മേരിക്കുട്ടിയോ ഒരു ദിവസംപോലും സ്കൂളിൽ പോയിട്ടില്ല. സന്തതസഹചാരിയായ മേരിക്കുട്ടിയുടെ സാരോപദേശങ്ങളും, വി. ഗ്രന്ഥങ്ങളുടെ പാരായണവും സർവ്വോപരി മേരിക്കുട്ടിയുടെ മാതൃകയും വത്സലയിൽ ചില മാററങ്ങൾ വരുത്തി. മേരിക്കുട്ടി ടോമിച്ചൻ്റേയും വത്സലയുടേയും മാനസാന്തരത്തിനായി നിരന്തരപ്രാർത്ഥന തുടങ്ങിയിട്ടു് വർഷം രണ്ടരകഴിഞ്ഞു. ദൈവം അവളുടെ പ്രാർത്ഥനയിൽ പ്രസാദിച്ചു. വത്സല ക്രിസ്തുമതത്തോടു് അതിവ പ്രതിപത്തി കാണിച്ചുതുടങ്ങി. കത്തോലിക്കാവിശ്വാസം സ്വീകരിക്കുന്നതിനുതന്നെ അവൾ നിശ്ചയിച്ചു. മേരിക്കുട്ടി വിവരം ബ: കന്യാസ്ത്രീകളെ—ഗുരുഭൂതരെ—അറിയിച്ചു അവർ അവൾക്കുവേണ്ട ഉപദേശങ്ങൾ നൽകുകയും ആവശ്യമായവ പഠിപ്പിക്കയുംചെയ്തു. അച്ഛനമ്മമാരുടെ അനുവാദംകൂടി ഉണ്ടെങ്കിൽ ഉടനെ തന്നെ മാമ്മോദീസാ നൽകാമെന്നു് ഇടവകവികാരി അറിയിച്ചു. വത്സല അനുവാദം ചോദിക്കാൻ നിശ്ചയിച്ചുപോയതിൻ്റെ പിറേറദിവസമാണു് കുമാരൻ പ്രസ്തു

## For Favours Received



Excuse for delay

K. V. J.

(1-ാംപേജു തുടർച്ച)

സിച്ചു് പരിമളം പരത്തി മററുള്ളവരെ നന്മയിലേക്കും, സത്യവെളിച്ചത്തിലേക്കും, എല്ലാററിലുമുപരിയായി ക്രിസ്തുവിൻ്റെ സമാധാനത്തിലേക്കും ആകർഷിക്കത്തക്കവണ്ണം സർവ്വവ്യാപകമായിത്തീരുന്നപക്ഷം തീർച്ചയായും അതു് ലോകസമാധാനത്തിലേക്കു വഴിതെളിക്കുകയായിരിക്കും ചെയ്യുന്നതു്.



തകത്തു് മേരിക്കുട്ടിയെ ഏല്പിച്ചു്.

അന്നു് അതീവസങ്കടത്തോടുകൂടി മനസ്സില്ലാമനസ്സോടെ മേരിക്കുട്ടി സ്കൂളിലേക്കു യാത്രയായി. തന്റെ ഇണയെ പിരിഞ്ഞതിൽ അവൾ വളരെയേറെ ദുഃഖിച്ചു. കരഞ്ഞുകരഞ്ഞു് അഴകേറിയ അവളുടെ മുഖകമലം അരുണാവർണ്ണം പൂണ്ടിരുന്നു. കൺപോളകൾ വീങ്ങി നീരുവന്നതുപോലെയും. അവൾ തനിച്ചു് ഈ മൂന്നുവർഷക്കാലത്തിനിടയിൽ ഒരുദിവസംപോലും സ്കൂളിൽ പോയിട്ടില്ല. സങ്കടങ്ങളെല്ലാം ഉള്ളിലൊതുക്കി തന്റെ പ്രാണസഖിക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടാണു് അവൾ പോയതു്. "ഇന്നു ഇണപ്രാവുകളിൽ ഒന്നിനെ കണ്ടില്ല" എന്നു് കുസൃതിക്കുട്ടന്മാർ വിളിച്ചുപറയുന്നതു് അവൾ കേട്ടു. സ്കൂളിലെത്തി അവൾ വിവരം ബ: കന്യാസ്ത്രീകളെ അറിയിച്ചു. അവർ അത്യധികം ദുഃഖിക്കുകയും വത്സലകുമാരിക്കുവേണ്ടി കന്യകാമറിയത്തോടു തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിക്കയും ചെയ്തു.

മേരിക്കുട്ടി ഏകയായി സ്കൂളിൽ പോകുവാൻ തുടങ്ങിയിട്ടു് ആഴ്ചകൾ രണ്ടുകഴിഞ്ഞു. വത്സലകുമാരി അത്യധികം ദുഃഖിതയായിത്തീർന്നു. അവൾക്കുവേണ്ടി അമ്മ അച്ഛന്റെ അടുക്കൽ മാദ്ധ്യസ്ഥം പറഞ്ഞു. പക്ഷെ ഉഗ്രവ്രതക്കാരനായ ആ പിതാവിന്റെ അടുക്കൽ രാധാമണിദേവിയുടെ സാന്ത്വനവാക്കുകളെല്ലാം വനരോദനമായി ഭവിച്ചു. വത്സല ക്രമേണ രോഗശയ്യയെ അവലംബിച്ചു. രോഗം വർദ്ധിച്ചുതുടങ്ങി. യാതൊരു ഭക്ഷണവും രോഗി ഉപയോഗിക്കാതെയായി. ചികിത്സകൾ മുറയ്ക്കാരംഭിച്ചു. യാതൊരു കുറവും കണ്ടില്ല. പുത്രീവത്സലനായ പിതാവു് പ്രസിദ്ധന്മാരായ പല ഡോക്ടർമാരേയും വരുത്തി ചികിത്സിപ്പിച്ചു. വഴിപാടുകൾ പലതും നേർന്നു. എങ്കിലും രോഗി കൂടുതൽ കൂടുതൽ അവശതയിൽ എത്തിച്ചേരുകയാണുണ്ടായതു്. രോഗം എന്താണെന്നു കണ്ടുപിടിക്കാൻ ആർക്കും സാധിച്ചില്ല. സമർത്ഥന്മാരായ പല ഗണകന്മാരേയും വരുത്തി പ്രശ്നംവയ്പിച്ചു രോഗമെന്തെന്നറിയുവാൻ. പക്ഷെ എല്ലാം നിഷ്ഫലമായി ഭവിച്ചു. രോഗിക്കു് അവശത വർദ്ധിച്ചുവന്നു. ഓമനത്വം നിറഞ്ഞ അവളുടെ മുഖത്തിന്റെ പ്രഭയെല്ലാം മങ്ങി ശരീരം അസ്ഥിമാത്രമായിത്തീർന്നു. പുത്രീവത്സലരായ മാതാപിതാക്കൾ ഊണുമുറക്കവും ഉപേക്ഷിച്ചു് തങ്ങളുടെ ഏകപുത്രിയെ പരിചരിച്ചു. യാതൊരു ഫലവുമുണ്ടായില്ല. ആ മാതാപിതാക്കളുടെ ആശയാറു. പ്രതീക്ഷകളെല്ലാം തകർന്നു. തങ്ങളുടെ ഏകപുത്രി, കുടുംബസ്വത്തിന്റെയെല്ലാം അവകാശി, തങ്ങളുടെ ആശാകേന്ദ്രം, അവൾ മരിച്ചുപോയാൽ......ഹാ അതു ചിന്തിക്കാൻപോലും അവർക്കു ശക്തിയില്ല. ലാനേലെ മേരിക്കുട്ടി പലപ്രാവശ്യവും വത്സലയെ കാണുവാൻ വന്നിരുന്നു. അവളുടെ സാന്നിദ്ധ്യം രോഗിണിക്കു വളരെ ആശ്വാസം നൽകിയിരുന്നു. അന്നു രോഗത്തിനല്പം ശാന്തതയുള്ളതുപോലെയും അനുഭവപ്പെട്ടു. അവൾ മേരിക്കുട്ടിയോടു പതറിയ സ്വരത്തിൽ പറഞ്ഞു, "എനിക്കു കത്തോലിക്കാസഭയിൽ ചേരണം" എന്നു്. വത്സലയുടെ അച്ഛനുമമ്മയും അതുകേട്ടു. തന്റെ ഓമനപ്പുത്രിക്കു് പരിപൂർണ്ണാരോഗ്യം ലഭിക്കുന്നപക്ഷം താൻ കുടുംബസഹിതം കത്തോലിക്കാസഭയെ ആശ്ലേഷിച്ചുകൊള്ളാമെന്നു് ഉടൻതന്നെ ആശയാറ പിതാവു് വാഗ്ദാനം ചെയ്തു. വത്സലയുടെ രോഗം ഭേദമിച്ചതും വളരെ സങ്കടമുണ്ടാക്കി. അവൻ മേരിക്കുട്ടിയിൽനിന്നും വിവരങ്ങൾ ഗ്രഹിച്ചിരുന്നു.

മാസം രണ്ടു കഴിഞ്ഞു. വത്സലകുമാരി പരിപൂർണ്ണ ആരോഗ്യവതിയായി, മുമ്പിലത്തേതിലും പതിന്മടങ്ങു് സൗന്ദര്യവതിയായി കാണപ്പെട്ടു. മാത്രമല്ല ആ കുടുംബം കത്തോലിക്കാസഭയെ ആശ്ലേഷിച്ചുകഴിഞ്ഞു. വത്സല തന്റെ സുഹൃത്തിന്റെ നാമധേയംതന്നെ സ്വീകരിച്ചു. അങ്ങനെ വത്സലകുമാരി മരിയകുമാരിയായിത്തീർന്നു. അവർക്കു ലാനേൽകുടുംബത്തോടും വിശിഷ്യ മേരിക്കുട്ടിയോടും അത്യന്തസ്നേഹവും ബഹുമാനവുംതോന്നി. വത്സല മേരിക്കുട്ടിയുമൊത്തു വീണ്ടും സ്കൂളിൽ പോകുവാൻ തുടങ്ങി. അങ്ങിനെ അവരുടെ സ്നേഹബന്ധം കൂടുതൽ വികസിതമായി.

ആയിടയ്ക്കു് ടോമിച്ചൻ പഠിക്കുന്ന കോളേജിൽ കപ്പൂച്ചിൻ അച്ചന്മാരാൽ നടത്തപ്പെട്ട ഒരു ഏകാന്തധ്യാനം ഉണ്ടായിരുന്നു. മേരിക്കുട്ടിയുടേയും മാമ്മിച്ചേടത്തിയുടെയും നിരന്തരമായ നിർബന്ധംമൂലം ആ കൊച്ചു നിരീശ്വരൻ ടോമിയും ആ ധ്യാനത്തിൽ സംബന്ധിച്ചു. മേരിക്കുട്ടിയും മാമ്മിച്ചേടത്തിയും അവനുവേണ്ടി വിശുദ്ധകുർബാനയുടെ സന്നിധിയിൽ നിരന്തരം പ്രാർത്ഥിച്ചു. ആദ്യമാദ്യം ധ്യാനപ്രസംഗം അവനു് അരോചകമായിരുന്നു. ഏതായാലും അവൻ അതിൽ ഭാഗഭാക്കായി. പത്തുദിവസത്തെ ധ്യാനം ഉണ്ടായിരുന്നു. എട്ടാംദിവസം മരണത്തെപ്പറ്റിയായിരുന്നു പ്രസംഗം. ആ ധ്യാനം അവനെ നന്നായി സ്പർശിച്ചു. അവൻ നന്നായി ചിന്തിച്ചു. പാപങ്ങളെപ്പറ്റി നന്നായി അനുതപിച്ചു. പിറേറദിവസം നല്ലകുമ്പസാരം കഴിച്ചു് ആത്മാവിനെ വിശുദ്ധമാക്കി. പത്താംദിവസം അത്യന്തഭക്തിയോടുകൂടി ദിവ്യകാരുണ്യം സ്വീകരിച്ചു. അത്യധികമായ ആനന്ദത്താൽ അവന്റെ ഹൃദയം ചാഞ്ചാടി. മൂന്നു വർഷത്തിനുള്ളിൽ അവൻ ആദ്യമായിട്ടാണു് ആത്മീയഭോജനം അനുഭവിക്കുന്നതു്. അന്നു് ഒരു പുതിയ മനുഷ്യനായിട്ടാണു് ടോമിച്ചൻ വീട്ടിലെത്തിയതു്. അന്നു് തോമാച്ചേട്ടനും മാമ്മിച്ചേടത്തിയും വിശിഷ്യ മേരിക്കുട്ടിയും അനുഭവിച്ച ആനന്ദാതിരേകം വർണ്ണനാതീതംതന്നെ. ടോമി പറഞ്ഞു: "മേരിക്കുട്ടി, നിന്റെ വാക്കുകൾ ഞാൻ സമ്മതിക്കുന്നു. ആന്തരികമോടിയാണു് ബാഹ്യമോടിയേക്കാൾ കാമ്യം. ഇന്നു് അതു് എനിക്കു മനസ്സിലായി." ഇപ്രകാരം ചിരപ്രതീക്ഷിതമായ മേരിക്കുട്ടിയുടെ അഭിലാഷങ്ങൾ രണ്ടും സാധിതമായി.

X X X

വർഷം ഒന്നു തികഞ്ഞില്ല. വത്സലകുമാരിയും ടോമിച്ചനും തമ്മിലുള്ള വിവാഹം മോഹനബംഗ്ലാവിൽവച്ചു് അതിമോടിയായി നടത്തപ്പെട്ടു. അന്നു് അത്യധികമായ ആനന്ദത്തിൽ ചാഞ്ചാടിയതു് മേരിക്കുട്ടിയാണു്.

ആഴ്ചകൾ രണ്ടു കഴിഞ്ഞു. മേരിക്കുട്ടി—ആ മാടപ്രാവു്—വീണ്ടും ആത്മാവുകളെ തേടി—മിഷ്യൻസേവനാർത്ഥം—ഷില്ലോംഗിലേക്കു പറന്നുപോയി.

ആത്മകഥാകഥനം

# തോമസ് ബ്രാഡി

[ജെ തച്ചിൽ]

ആത്മാർത്ഥതനിറഞ്ഞ ഒരു ചരിത്രപ്രൊഫസറാണു് തോമസ് ബ്രാഡി. മിസ്സൗറി സർവ്വകലാശാലയുടെ വൈസ്പ്രസിഡന്റുപദം അലങ്കരിക്കുന്ന ഇദ്ദേഹം അനേകകാലത്തെ ചരിത്രപഠനത്തിലൂടേയും സമ്യക്കായ പര്യവീക്ഷണത്തിലൂടേയുമാണു് സഭയെ ആശ്ലേഷിച്ചതു്. ബുദ്ധിപരമായ ബോദ്ധ്യമല്ല, ദൈവാനുഗ്രഹമാണു മാനസാന്തരം സാധിക്കുന്നതെന്നതിനു് അദ്ദേഹത്തിന്റെ ചരിത്രം സാക്ഷ്യംവഹിക്കുന്നു

എന്റെ മാനസാന്തരം സ്വതന്ത്രമായ പഠനത്തിന്റെയും ചിന്തയുടെയും ഫലമാണു്. അന്ധകാരത്തിലൂടെ അനേകകാലം ചുററിത്തിരിഞ്ഞു് ഒടുവിൽ പ്രകാശം ദർശിച്ച കഥകൾ പലരും എഴുതിയിട്ടുണ്ടു്. അവയിൽ ഒന്നുംതന്നെ ഞാൻ വായിച്ചിട്ടില്ല. പക്ഷെ, ഒരു കഥ എന്റെ സവിശേഷമായ ശ്രദ്ധയെ ആകർഷിച്ചു. സെൻറു് അഗസ്റ്റിന്റെ "ഏററുപാച്ചിൽ" (Confessions), നൂററാണ്ടുകൾ പഴക്കമുള്ള മഹത്തായ ആ ആത്മചരിത്രം എന്റെ ഹൃദയത്തിൽ മായാത്ത മുദ്ര പതിച്ചു

ഞാൻ സഭയെ ആശ്ലേഷിക്കുവാനുണ്ടായ പ്രധാന കാരണം അതിൽ ദൈവത്തെ കണ്ടെത്തി എന്നതാണു്. എന്റെ കലാലയപ്രവേശനം മുതൽ വിശ്വാസസ്വീകരണംവരെ (1920—1947) ഞാൻ ദൈവത്തെ അന്വേഷിച്ചുകൊണ്ടിരുന്നു. ചിലപ്പോഴെല്ലാം തോംസൺ ചിത്രീകരിച്ചിരിക്കുന്നതുപോലെ,

"ഓടി ഞാൻ ഓടി ഞാൻ
കീഴോട്ടു രാപകലോടിഞാനങ്ങയിൽ നിന്നക
ന്നീടുവാൻ;
ഓടി ഞാൻ, കാലം കടക്കമബ്ധങ്ങളാ-
മോരോ കവാടവും പിന്നിട്ടു
തിദ്ധതം;
ഓടി ഞാൻ മാനസത്തിന്റെ
വക്രങ്ങളാ-
മൂടുവഴികളിലൂടെക്കറങ്ങിയും-
ബാഷ്പോദിതഹിമം തന്നിലങ്ങിൽനിന്നൊ-
രല്പമൊളിച്ചിരിക്കാൻ
പണിപ്പെട്ടു ഞാൻ."

ജീവിതംതന്നെ ചരിത്രാദ്ധ്യാപനമായിരുന്നതിനാൽ സഭയെപ്പററി വളരെയേറെ വായിക്കാൻ എനിക്കു കഴിഞ്ഞു. ഈ പഠനങ്ങൾക്കു് എന്റെ മാനസാന്തരവുമായി അഭേദ്യമായ ബന്ധമുണ്ടു്. എന്നാൽ ചരിത്രഗ്രന്ഥങ്ങളുടെ താളുകളിലൂടെ ഞാൻ കണ്ണോടിച്ചപ്പോഴും ദൈവത്തെ അവിടെയെങ്ങും കണ്ടെത്താൻ എനിക്കു കഴിഞ്ഞില്ല. അങ്ങിനെ രണ്ടു വ്യാഴവട്ടക്കാലത്തേക്കു ഞാൻ ദൈവത്തെ അന്വേഷിച്ചു ചുററിത്തിരിഞ്ഞു.

ഇരുപത്തിരണ്ടു വയസ്സുവരെയുള്ള എന്റെ ജീവിതകാലത്തൊരിക്കലും ഒരു കത്തോലിക്കാപ്പള്ളി ഞാൻ ദർശിച്ചിട്ടില്ല. എന്നാൽ സഭാപ്രവേശനത്തിനു് 13 കൊല്ലം മുമ്പു മുതൽ ഞാൻ കുർബാനയിൽ സംബന്ധിച്ചതായി ഓർമ്മിക്കുന്നു. 1924-ൽ അർദ്ധരാത്രിയിലെ ക്രിസ്തുമസ് കുർബാനയ്ക്കു ബോസ്റ്റണിലെ ഹോളിക്രോസ് കത്തീഡ്രലിൽ ഒരു സ്നേഹിതൻ എന്നെ കൊണ്ടുപോയതു് ഇപ്പോഴും ഓർക്കുന്നു. അന്നു നവമായൊരനുഭൂതിയാണു് എനിക്കുണ്ടായതു്. പിന്നീടു് 1934 ൽ കത്തോലിക്കാ മതാവലംബിനിയായ എന്റെ പ്രേമഭാജനത്തെ വിവാഹം കഴിച്ചതു മുതൽ പതിവായി പള്ളിക്കർമ്മങ്ങളിൽ ഞാൻ സംബന്ധിച്ചു തുടങ്ങി.

ആദ്യമായി, ആരാധനക്രമങ്ങൾ (Liturgy) എന്നെ ആകർഷിച്ചു. വെറും വിജ്ഞാനത്തിനായി മാത്രമാണു്, ഞാൻ അതിൽ സംബന്ധിച്ചതു്. സ്കൂളിൽവച്ചു ലത്തീൻ പഠിച്ചിരുന്നതുകൊണ്ടു് കുർബാനയുടെ അർത്ഥം മനസ്സിലാക്കുവാൻ എനിക്കെളുപ്പമായി. കുർബാനയുടെ ചരിത്രപശ്ചാത്തലവും മാറവും വ്യക്തമായി പഠിച്ചു. കാലാന്തരത്തിൽ ഞാൻ മറെറാരു സമീപനരീതി അവലംബിച്ചു. ഒരു ദിവസം കുർബാനയിൽ സംബന്ധിച്ചില്ലെങ്കിൽ ഏതോ വല്ലായ്മ അനുഭവപ്പെടുന്നതുപോലെ ഒരു തോന്നൽ. കത്തോലിക്കരുടെ ക്ലേശാവഹമായ "മുട്ടുകുത്തൽ" ഒരിക്കലും എനിക്കനുകരിക്കാൻ കഴിഞ്ഞില്ല. പ്രഭാതഭക്ഷണമൊന്നും കൂടാതെ പള്ളിക്കർമ്മങ്ങളിൽ സംബന്ധിക്കുവാൻ വെമ്പൽകൊള്ളുന്ന സഹനമനസ്ഥിതിയെപ്പററി എനിക്കു് ആശ്ചര്യം തോന്നി. ഞാൻ ഏതാൎക്കും സമ്മതിച്ചു. എന്നിട്ടും എന്തോ കുറേക്കൂടി അറിയുവാനുണ്ടെന്നു എനിക്കു അപ്പോഴും തോന്നിയിരുന്നു. എന്നാൽ എന്റെ ആത്മാവിന്റെ ഓരോ ചലനവും വ്യക്തമായി ദർശിച്ചുകൊണ്ടിരുന്ന വൈദികൻ തീർപ്പുകല്പിച്ചു, ഞാൻ സഭാപ്രവേശനത്തിനു യോഗ്യനാണെന്നു്.

പ: കുർബാന എന്റെ ചിന്താപരിധിക്കപ്പുറം മാഹാത്മ്യമേറിയതാണെന്നു മനസ്സിലാക്കി. അതിലെ ഓരോ ശബ്ദവും ഓരോ ചലനവും അർത്ഥസംപുഷ്ടമായിരുന്നു. ദൈവത്തിന്റെ യഥാർത്ഥ സാന്നിദ്ധ്യം അവിടെ എനിക്കു ബോദ്ധ്യപ്പെട്ടു. ചിരപരിചയംമൂലം സാധാരണ ക്രിസ്ത്യാനികൾക്കു് ഇതു വിസ്മയജനകമല്ല. പക്ഷേ, എന്നെ സംബന്ധിച്ചിടത്തോളം ജീവിതത്തിലെ മഹത്തായ വിജയമായിരുന്നു ഇതു്. ആയിരം സംവത്സരങ്ങൾ പഠിച്ചാലും വി. കുർബാനയിലെ ക്രിസ്തുവിനെ കണ്ടെത്തുവാൻ കണ്ണുകൾ പ്രാപ്തങ്ങളാവില്ല.

സഭാതത്വങ്ങളുടെ പഠനം പരിപൂർണ്ണമായി ഞാൻ നിർവ്വഹിച്ചിരുന്നു. എന്നാൽ, ഏറാം അനിവാര്യമായ മറെറാന്നിനുവേണ്ടി കാത്തിരിക്കേണ്ടിവന്നു; ദൈവവരപ്രസാദം. അനന്തകാരുണികനായ ദൈവം ഒടുവിൽ അതും എനിക്കു പ്രദാനം ചെയ്തു. പരമാർത്ഥത്തിൽ വരപ്രസാദമാണു് ഒരുവനെ സഭയിലേക്കാനയിക്കുന്നതു്. ഒന്നുകൂടി വിശദീകരിക്കാം. മാനസാന്തരത്തിനു മുമ്പു പലപ്പോഴും ഞാൻ വിശ്വസിക്കാൻ ശ്രമിച്ചിട്ടുണ്ടു്. എന്നാൽ, പരിപൂർണ്ണമായി പരാജയമടയുകയാണുണ്ടായതു. ചുരുക്കത്തിൽ, നമ്മുടേതിനേക്കാൾ ദൈവത്തിന്റെ പ്രവർത്തനമാണു് മാനസികപരിവർത്തനം.

എന്റെ പരിവർത്തനം ഒട്ടും വികാരാത്മകമല്ലായിരുന്നു; തികച്ചും മാനസികമായിരുന്നു. മതവും ദൈവവും ബുദ്ധിയെ അങ്ങേ അററം തൃപ്തിപ്പെടുത്തുന്നതായിരിക്കണമെന്നതായിരുന്നു എന്റെ ധാരണ. ബുദ്ധിയേയും യുക്തിയേയും സഭ ബഹുമാനിച്ചിരുന്നുവെന്നു് എനിക്കു മനസ്സിലായി. "ബുദ്ധിയെന്നതു് ദൈവത്തിന്റെ വഴികളെ മനസ്സിലാക്കുവാൻ അശക്തമായ ഒന്നാണെ"ന്ന ലൂതറിന്റെ തത്വസംഹിതയുടെ വെളിച്ചത്തിൽ വളന്ന എന്റെ ജീവിതത്തിനു് ഇതു തികച്ചും നവമായ ഒരനുഭൂതിയാണു പ്രദാനം ചെയ്തതു്. ഒരു എപ്പിസ്കോപ്പേലിയൻ വൈദികൻ സഭയിലേക്കു മാനസാന്തരപ്പെട്ടു് രണ്ടുമൂന്നു കൊല്ലങ്ങൾക്കുശേഷം സഭയിൽനിന്നും വിട്ടുപോന്നതു ഞാൻ ഈയിടെ പത്രത്തിൽ വായിച്ചു. അദ്ദേഹം പറയുകയാണു്, സഭ ബുദ്ധിപരമായി വെറും തണ്ടനാണെന്നു്; അങ്ങനെ വികാരസ്ഥായിയായ പ്രോട്ടസ്റ്റന്റു സഭയിലേക്കുതന്നെ അദ്ദേഹം മടങ്ങിപ്പോയി.

ചരിത്രപഠനത്തിലൂടെ സഭയുടെ അപ്പസ്തോലികപാരമ്പര്യവും തത്വങ്ങളുടെ മാഹാത്മ്യവും ഞാൻ ബോധപൂർവ്വം ഗ്രഹിച്ചു. ക്ലാസ്സുകളിൽ ചിലപ്പോഴെല്ലാം ഈ പരമാർത്ഥം വെളിപ്പെടുത്താറുണ്ടായിരുന്നു. എന്റെ പ്രസംഗത്താൽ പ്രചോദിതനായി കുറെക്കൊല്ലങ്ങൾക്കുമുമ്പു മാനസാന്തരപ്പെട്ട ഒരു യുവവിദ്യാർത്ഥിയെ എനിക്കറിയാം.

അന്ധകാരാവൃതമായ ഏതെല്ലാം പാതകളിലൂടെയാണു് ഞാൻ സഞ്ചരിച്ചതെന്നു് കൃത്യമായി എനിക്കു പറഞ്ഞുകൂടാ. എന്റെ തുലികയ്ക്കു തെളിവും ബുദ്ധിക്കു തികഞ്ഞ മിഴിവുമുണ്ടെങ്കിലും ഏതെല്ലാം പാറക്കെട്ടുകളിലൂടെയാണു് നിസ്സഹായനായി അലഞ്ഞുതിരിഞ്ഞതെന്നു കുറിച്ചിടുവാൻ എനിക്കു സാദ്ധ്യമല്ല. അതൊരു പോരായ്മയായി എനിക്കു തോന്നിയിട്ടുമില്ല. കാരണം, മനുഷ്യനു് അജ്ഞാതമായ വഴികളിലൂടെയാണല്ലോ ദൈവം മനുഷ്യരെ നയിക്കുന്നതു്.

ആദ്യദശയിൽ ചോദ്യങ്ങളുടേയും പ്രശ്നങ്ങളുടേയും നീണ്ട ശൃംഖല എന്റെ മസ്തിഷ്കത്തെ ബന്ധിച്ചിരുന്നു. കരുത്തേറിയ ഈ കണ്ണികളെ പൊട്ടിച്ചെറിയുവാൻ ഗ്രന്ഥപാരായണം എന്നെ സഹായിച്ചു. ഫാദർ കൊൺവേയുടെ "Question Box" എന്റെ സങ്കേതസ്ഥാനമായിരുന്നു. മററുള്ളവർക്കും അതിന്റെ ധാരാളം പ്രതികൾ ഞാൻ വായിക്കാൻ കൊടുത്തിട്ടുണ്ടു്. അകത്തോലിക്ക

For favours received



M. P. Ulahannan,
Panchayath Officer,
Kothamangalam

വായിക്കുവിൻ
"നിങ്ങൾ ഭൂമിയുടെ ഉപ്പു് ആകുന്നു"
പണ്ഡിതനും ലളിതസാഹിത്യകാരനുമായ
കെ. സി. ചാക്കോ
എം. എ., എം. എസ്., എ. എം. ഐ. ഇ.,
അവർകളുടെ പ്രസംഗസമാഹാരം
വില ക. 1—2—0
ഐ. എസ്. പ്രസ്സ്, എൽത്തുരുത്തു്, തൃശ്ശൂർ

സംഭവകഥ

# "പിഞ്ചു പന്ത്രണ്ടുകാരൻ"

(ഏ. ജോയിച്ചൻ)

"ആ കുട്ടി ഏതാണ്?" പതിവായി പള്ളിയിൽവന്ന് അവിടെ നടക്കുന്ന ദിവ്യകർമ്മങ്ങളെ പുഞ്ചിരിക്കുന്ന പൂമുഖത്തോടെ നോക്കിനിന്നിരുന്ന ആ പയ്യനെപ്പററി വികാരിയച്ചനു യാതൊരെത്തും പിടിയും കിട്ടിയില്ല.

"അച്ചാ, അവനൊരു പ്രോട്ടസ്റ്റൻറാണ്. അവന്റെ പേര് ചാർലിന്നാണ്." ഗായകസംഘത്തിലെ ഒരംഗമാണ് ചാർലിയെ അച്ചനു പരിചയപ്പെടുത്തിയത്.

അച്ചൻ തിരിഞ്ഞുനോക്കി. ചാർലിയുടെ പൊടിപോലും കാണാനില്ല!

x x x

മൂന്നുനാലു കൊല്ലംമുമ്പ് ഇംഗ്ലണ്ടിൽനടന്ന ഒരു സംഭവമാണിത്. അവിടത്തെ വികാരിയച്ചൻ തന്റെ ഗായകസംഘാംഗങ്ങളുമൊരുമിച്ച് ദൈവാലയത്തിലെ ചടങ്ങുകൾ തുടങ്ങുകയായിരുന്നു. ചെമന്ന കുപ്പായവും വെള്ളത്ത സർപ്ലസുമണിഞ്ഞ അൾത്താരബാലകരും ഗായകരും അണിനിരന്നുപോകുന്നത് ഒരു പന്ത്രണ്ടുകാരൻ നോക്കിനിന്നിരുന്നു. അച്ചൻ അവനെ പ്രത്യേകം നോട്ടു ചെയ്തു.

ഏതായാലും ഇത്തവണ അച്ചൻ അവനെ അടുത്തുവിളിച്ച് കുശലപ്രശ്നങ്ങളാരംഭിച്ചു. അവന്റെ പ്രതീക്ഷകളും പ്രത്യാശകളും നിറഞ്ഞ ഹൃദയം വിടർന്നു ആ മുഖത്ത് പുഞ്ചിരിപ്പൂനിലാവുദിച്ചു

"ചാർലി, നിനക്ക് അൾത്താരബാലകരെ നോക്കിനില്ക്കുന്നത് ഇഷ്ടമാണോ?" അച്ചൻ അടുത്തുകൂടി.

"അതെയച്ചാ." ആ പിഞ്ചുമുഖത്തിൽ അവന്റെ ആഗ്രഹം മുഴുവൻ മുഴച്ചുനിന്നു. അവന്റെ പ്രസരിപ്പും ചൊടിചൊടുപ്പും പുഞ്ചിരിയുമെല്ലാം അച്ചനു നന്നേ പിടിച്ചു

നിന്നീക്ഷണനായി അല്പസമയം നോക്കിനിന്നശേഷം ചാർലി ചോദിച്ചു: "എനിക്കും അവരിലൊരാളാകാൻ സാധിക്കുമോ?"

"പ്രിയ ചാർലി, എന്തുചെയ്യാം. നീ കത്തോലിക്കാസഭയിൽ വിശ്വസിക്കുന്നില്ലല്ലോ." നിരാശാജനകമായ മറുപടി.

"അച്ചാ, അങ്ങ് എനിക്കൊരു ചാൻസ് തരികയില്ലേ?" വീണ്ടും അതേ ചോദ്യം തപ്തമായ പിഞ്ചുഹൃദയത്തിൽനിന്നും ഉയർന്നുവന്നു.

അവന്റെ വാക്കുകളും മുഖഭാവവും അച്ചനെ വികാരതരളിതനാക്കി. അച്ചനെഴുന്നേററ് ബ്രാക്കററിൽനിന്നും ചെമന്നകുപ്പായവും വെളുത്ത ഒരുടുപ്പും എടുത്തുകൊണ്ടു വന്നു. നിരാശനിറഞ്ഞ നയനങ്ങളോടെ നിന്നിരുന്ന ചാർലിയുടെ മുഖത്ത് പുഞ്ചിരിയുടെ ബാലകിരണങ്ങൾ വീശി.

അച്ചന്റെ സഹായത്തോടുകൂടി അവൻ ആ ഉടുപ്പുകൾ അണിഞ്ഞു. അവന്റെ ഹൃദയത്തുടിപ്പുകൾ കൂടിവന്നു. ഒരു രാജാവിന്റെ പ്രൗഢിയോടെ അവൻ ഗായകരുടെ നിരയിലേക്കു നടന്നു. പല ജോഡി കണ്ണുകൾ ഒരേസമയത്ത് അവന്റെനേരെ നോക്കിയിരുന്നു.

"അവർ ചെയ്യുന്നതുപോലെ നീയും ചെയ്യുക" അച്ചനവന് നിർദ്ദേശംനൽകി. അവനതു നന്നായിപ്പാടി. പിന്നീട് പലപ്പോഴും അവൻ ആ ഉടുപ്പുകൾ അണിഞ്ഞു. സന്തോഷത്തിന്റെ കൊച്ചുചപ്പാത്തുകൾ നിർമ്മിച്ചുകൊണ്ട് ദിവസങ്ങൾ ചാർലിയുടെ ജീവിതത്തിൽ നീങ്ങിയിരുന്നു. അന്നു പതിവുപോലെ വിശുദ്ധ കർബാനയുടെ ആശീർവ്വാദവും പ്രസംഗവും കഴിഞ്ഞ് ചാർലി കൂട്ടുകാരെല്ലാം പള്ളിയിൽനിന്നു പോയ തക്കംനോക്കി അച്ചനെ സമീപിച്ചു.

"എന്താ ചാർലി, വീട്ടിൽ പോകാത്തത്?" അച്ചനായിരുന്നു ചോദിച്ചത്."

"എനിക്കൊരു കാര്യം അച്ചനോടു പറയാനുണ്ട്...."

"എന്താ, മടുത്തോ ഈ ജോലി?"

ഇല്ലച്ചാ. തീർച്ചയായും ഇല്ല. അച്ചാ അങ്ങ് എന്നെ കത്തോലിക്കാസഭയിൽ സ്വീകരിക്കണം." അവന്റെ ആഗ്രഹങ്ങളുടെ ആകത്തുകയായിരുന്നു അത്.

"പ്രിയ കുഞ്ഞേ, എനിക്ക് ഇഷ്ടമാണ് നിന്റെ ആഗ്രഹം സാധിച്ചുതരാൻ. പക്ഷേ...... നിന്റെ മാതാപിതാക്കൾ..."

"മാതാപിതാക്കന്മാരോ? അവരെ എന്നും ഞാൻ പള്ളിയിൽ കൊണ്ടുവരുന്നുണ്ട്, തങ്ങളുടെ പ്രിയ പുത്രനെ ഈ ചെമന്ന കുപ്പായത്തിൽ കാണിച്ചുകൊടുക്കുവാനായി. ഞാനൊരു കത്തോലിക്കനാകുന്നതിൽ അമ്മച്ചിക്ക് വളരെ സന്തോഷമാണ്."

അച്ചനവന്റെ മേൽവിലാസം വാങ്ങി. അവന്റെ അപ്പച്ചനെയും അമ്മച്ചിയെയും പോയികണ്ടു. അവരും അവരുടെ ആറു കുട്ടികളും പ്രോട്ടസ്റ്റൻറുകാരായിരുന്നു.

അച്ചൻ ചാർലിയെപ്പററി അവരോടു സംഭാഷിച്ചു. ആ ദമ്പതികൾ ചാർലിയുടെ മതപ്രതിപത്തിയിൽ സന്തോഷിച്ചു. അവനെ പഠിപ്പിച്ച് കത്തോലിക്കനാക്കുവാൻ സാക്ഷാൽ അനുവാദം നൽകി.

ദിവസങ്ങൾ ഇഴഞ്ഞുനീങ്ങി. അന്നൊരു സുപ്രഭാതത്തിൽ ചാർലി കത്തോലിക്കാസഭയിലെ ഒരംഗമായി. അന്നാദ്യമായി അവൻ ഈശോയെ സ്വഹൃദയത്തിൽ സ്വീകരിച്ചു

അധികം താമസിയാതെ ആ കൊച്ചു പ്രേഷിതന്റെ കുടുംബാംഗങ്ങളെല്ലാവരേയും ചാർലിയുടെ ആത്മപിതാവായിരുന്ന അച്ചൻതന്നെ സഭാമാതാവിന്റെ മടിയിലേക്കാനയിച്ചു

ചാർലിയെന്നും കാണാം ഗായകസംഘത്തിൽ, അൾത്താരബാലസംഘത്തിൽ. അവൻ തന്റെ പുതിയ വിശ്വാസദീപത്തിൽ അതിരററാനന്ദിക്കുന്നു. അവന്റെ കുരുന്നുഹൃദയം ദൈവത്തിങ്കലേക്കുയരും പലപ്പോഴും.

ദൈവവചനമാകുന്ന ദിവ്യകാരുണ്യം സ്വീകരിക്കുവാൻ നിവൃത്തിയില്ലാതെ പട്ടിണികിടക്കുന്ന—ദാഹിക്കുന്ന—അനാഗതരുടെ ആത്മാക്കൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിച്ച് ചാർലി ഒരിക്കം അൾത്താരയിൽ നില്ക്കുകയില്ലെന്ന് ആരറിഞ്ഞു?

ചാർലിയെപ്പോലെ ഒരു കൊച്ചുപ്രേഷിതനെ ആവശ്യമുള്ള മാതാപിതാക്കന്മാരുണ്ടാകും. നമ്മുടെ നാട്ടിലെ അൾത്താരബാലകർക്കും "സൺഡേസ്കൂളി"ലെ കുട്ടികൾക്കും തങ്ങളുടെ വിദൂരസുഹൃത്തായ ചാർലിയെപ്പററി എന്തു തോന്നുന്നു?

## കൃതജ്ഞത

ഡോക്ടർമാരാൽ ഉപേക്ഷിക്കപ്പെട്ട എന്റെ ഡബ്ബിൾ ന്യൂമോണിയ രോഗം വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ സുഖം പ്രാപിച്ചതിനു കൃതജ്ഞത. താമസിച്ചതിനു ക്ഷമാപണം.

കെ. സി. ജോസഫ്, ചേപ്പ്

ക്ക് മാർഗ്ഗദർശികളായ മററു രണ്ടു ദീപങ്ങളാണ് ന്യൂമാനും, ചെസ്റ്റർട്ടനും. ന്യൂമാൻ ആദ്യം എനിക്ക് കടംകട്ടിയായിതോന്നി അദ്ദേഹത്തിന്റെ "Grammar of Assent" മനസ്സിലാക്കുവാൻ മൂന്നുവട്ടം എനിക്കതു വായിക്കേണ്ടിവന്നു. ചെസ്റ്റർട്ടന്റെ "Everlasting Man" എന്റെ മനസ്സിൽ ആശയുടെ തീപ്പൊരിയിട്ടു.

എനിക്കുവേണ്ടി വളരെപ്പേർ പ്രാർത്ഥിച്ചിട്ടുണ്ട്. പ്രത്യേകിച്ച് എന്റെ പ്രേയസിയും കുഞ്ഞുങ്ങളും. ദൈവാനുഗ്രഹം മനുഷ്യരുടെ പ്രവൃത്തിയിലൂടെയാണല്ലോ പ്രവഹിക്കുന്നത്. എന്റെ ഭാര്യ ഇക്കാര്യത്തിൽ വളരെയധികം പ്രശംസയർഹിക്കുന്നുണ്ട്. അവളുടെ തികഞ്ഞ കത്തോലിക്കാജീവിതവും എന്റെ മാനസാന്തരവുമായി അഭേദ്യമായ ബന്ധമുണ്ട്. ഞങ്ങളുടെ വിവാഹം ആശീർവ്വദിച്ച ഡൊമിനിക്കൻവൈദികൻ തന്ന ഉപദേശം സാർത്ഥകമായി. അദ്ദേഹം പറഞ്ഞു: "നല്ല കത്തോലിക്കാവനിതയോടുകൂടി ജീവിക്കുമ്പോൾ താങ്കൾ വിശ്വാസത്തിന്റെ യഥാർത്ഥമധുരിമ ആസ്വദിച്ചറിയും." എന്റെ അനുഭവം ഇതിനൊരു മകുടോദാഹരണമാണ്.

## In Memory of

JOSEPH PERAYIL B. A.,
VAIKOM



who at his 28th year entered his eternal rest this day (2nd December) last year. While he lived, he was the beloved of all who knew him. Let us pray that he be in heaven the beloved of his Lord.

R. I. P.

Inserted by
his beloved parents & brothers

## ഇടവകവാർത്തകൾ

ഏലിക്കുളം: വർദ്ധമാൻ എന്ന സ്ഥലത്തുള്ള കത്തോലിക്കാദേവാലയത്തിൽ നടത്തിയ നീചപ്രവൃത്തികൾക്കു പരിഹാരമായി നവമ്പർ 11-ാംനു ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് സ്ഥലം പള്ളിയിൽനിന്നും റവ ഫാദർ ജെ വട്ടക്കാട്ട് അവർകളുടെ നേതൃത്വത്തിൽ ഒരു പ്രായശ്ചിത്തപ്രദക്ഷിണം പുറപ്പെട്ടു. ഈ പ്രദക്ഷിണത്തിൽ 3 അടി നീളമുള്ള മരക്കുരിശുധാരികളായ 1000-ൽപ്പരം പേർ സംബന്ധിച്ചിരുന്നു. ജപമാല അത്യുച്ചത്തിൽ ആലപിച്ചുകൊണ്ടു നടത്തിയ പ്രസ്തുത പ്രദക്ഷിണം നാലുമൈൽദൂരം പൊതുനിരത്തിൽക്കൂടി യാത്രചെയ്ത് 5 മണിയോടെ പള്ളിയിൽ തിരിച്ചെത്തി വി. കുർബാനയുടെ വാഴ്വിനുശേഷം റവ ഫാദർ ലിയോ ഒ എഫ് എം അവർകൾ ഒരു പ്രസംഗംചെയ്തു.

ഈ പള്ളിയിൽ കപ്പൂച്ചിൻ സഭക്കാരായ ബ: വൈദികർ നടത്തിവന്ന മിഷൻധ്യാനം നവ: 11-ാംനു നടന്ന പതിമൂന്നുമണിയാരാധനയോടുകൂടി സമംഗളം പര്യവസാനിച്ചിരിക്കുന്നു.

കിഴവറയാർ: ജോഷിയുടെ മതപരിവർത്തനബില്ലിനേയും, ബീഹാറിലെ ആര്യസമാജക്കാർ നടത്തിയ മർദ്ദനത്തേയും പ്രതിഷേധിക്കുവാൻ നവ: 13-ാംനു ഉച്ചകഴിഞ്ഞ് അദ്ധ്യാപകനായ വർഗ്ഗീസ് തോമസ് ബി എ ബി എൽ വെള്ളാപ്പള്ളാട്ട് അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം നടത്തപ്പെട്ടു ഫാദർ വി എം മാത്യു അവർകളും വേറെ പലരും പ്രസംഗിച്ചു പ്രതിഷേധപ്രമേയങ്ങൾ കമ്പിമാർഗ്ഗം അധികൃതകേന്ദ്രങ്ങളിൽ അയച്ചുകൊടുത്തിരിക്കുന്നു.

ബീഹാറിൽ വിശുദ്ധ കുർബാനയുടെ നേരെ കാണിച്ച നിന്ദനങ്ങൾക്ക് പരിഹാരമായി പള്ളിയിൽ പ്രത്യേകപ്രാർത്ഥനകളും മൂന്നാംസഭയുടെ നേതൃത്വത്തിൽ ആരാധനയും നടത്തപ്പെട്ടു.

കാവിലത്താറ്: ചെറുപുഷ്പമിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നവമ്പർ 20-ാംനു ഞായറാഴ്ച കൃഷിപ്രദർശനമഹോത്സവം കൊണ്ടാടിയിരിക്കുന്നു റവ ഡോക്ടർ തിയഡോഷ്യസ് എം എ പിഎച്ച് ഡി അവർകൾ പ്രദർശനം ഉദ്ഘാടനംചെയ്യുകയും സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കുകയുംചെയ്തു. കുമാരി എലിസബത്ത് ജോസഫ് ബി എസ്‌സി, മി സി ജെ സെബാസ്റ്റ്യൻ എം എ എന്നിവർ പ്രസംഗിച്ചു. മി എം ജെ തോമസ് ബി എ ബീഹാറിൽ വർദ്ധമാൻനഗറിൽ നടന്ന മതമർദ്ദനത്തെ പ്രതിഷേധിക്കുന്ന ഒരു പ്രമേയം യോഗത്തിലവതരിപ്പിച്ചതു ഐകകണ്ഠ്യേന പാസാക്കപ്പെട്ടു.

102 റാത്തലുള്ള ഒരുമൂട് കപ്പ. 61 റാത്തലുള്ള ഒരു ചേന, മൂന്നാറാത്തലുള്ള ഒരുചുവട് ഇഞ്ചി, നാലരയടി നീളമുള്ള ഒരു കാച്ചിൽ ഇവയ്ക്കു സമ്മാനങ്ങൾ നൽകപ്പെട്ടു. കൃഷിവിഭവങ്ങൾ ലേലം ചെയ്തതിൽ 757 രൂപയോളം ലഭിച്ചു ലീഗംഗങ്ങൾ "കള്ളസന്യാസി" എന്ന നാടകം അഭിനയിക്കയുമുണ്ടായി.

[illegible]ർ: ഷെവലിയർ ഏ സി എം അന്തപ്പർ "ഹോളിക്രോസ്" സിസ്റ്റേഴ്സിനു ദാനം ചെയ്ത കെട്ടിടങ്ങളിൽ ഒരു ഡിസ്പെൻസറിയുടെ ഉൽഘാടനകർമ്മം നവ: 19-ാംനു രാവിലെ കൊല്ലം ബിഷപ്പ് നിരാലംബവന്ദ്യ ദിവ്യശ്രീ ഡോക്ടർ ജെറോം ഫെർണാണ്ടസ് തിരുമനസ്സുകൊണ്ട് നിർവ്വഹിച്ചിരിക്കുന്നു രാവിലെ 7-30 ന് ഡിസ്പെൻസറികെട്ടിടങ്ങളുടേയും, മഠത്തിന്റേയും, കപ്പേളയുടേയും ആശീർവ്വാദത്തിനുശേഷം വന്ദ്യ തിരുമേനി ദിവ്യപൂജ അർപ്പിക്കയും തദനന്തരം നിരവധി ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ ഡിസ്പെൻസറിയുടെ ഉൽഘാടനകർമ്മം നിർവ്വഹിക്കുകയുമുണ്ടായി.

തൂത്തുക്കുടി: ലോക്സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ഇന്ത്യൻ മതപരിവർത്തനബില്ലിനേയും ബീഹാറിൽ നടന്ന മതമർദ്ദനത്തേയും പ്രതിഷേധിക്കുന്നതിനു നവമ്പർ 21-ാംനു വൈകുന്നേരം ഇവിടെവച്ച് ഒരു മഹായോഗം നടത്തപ്പെട്ടു. ഡോക്ടർ കെ ഐ തൊമ്മി ബി എ, എം ബി ബി എസ് അദ്ധ്യക്ഷതവഹിച്ചു. ഉപക്രമപ്രസംഗത്തിൽ ആളുകൾ അധികം കൂടിയേക്കുമെന്ന് പറഞ്ഞിരുന്നാലേ ആ ശബ്ദം ഡൽഹിയിൽ കേൾക്കയുള്ളുവെന്നതുകൊണ്ട് ഇമ്മാതിരി മഹായോഗങ്ങൾ നാം ചേരേണ്ടതാണെന്ന് അദ്ദേഹം ഉൽബോധിപ്പിക്കയുണ്ടായി. യോഗത്തിനുമുമ്പ്, പ്രധാനതെരുവീഥികളിൽക്കൂടി പ്ലക്കാർഡുകൾ പിടിച്ച് നിശ്ശബ്ദഘോഷയാത്രയായിട്ടാണ് ജാഥകൾ യോഗസ്ഥലത്ത് വന്നുചേർന്നത്. മി എം ഡൽമിയാ വർദ്ധമാൻനഗരിൽ നടന്ന സംഭവത്തെ ആസ്പദിച്ചു പ്രസംഗിച്ചു. അദ്ധ്യാപകനായ മി എസ് സേവ്യർ മതപരിവർത്തനബില്ലിനെ പരാമർശിച്ചു. വർദ്ധമാൻനഗരിൽ നടത്തപ്പെട്ട ആക്രമണത്തിന് കുററക്കാർക്കു ശരിയായ ശിക്ഷ നൽകണമെന്നും, ജോഷിബില്ല് ലോക്സഭയിൽ തള്ളിക്കളയണമെന്നും ആവശ്യപ്പെടുന്ന രണ്ടു പ്രമേയങ്ങൾ ഐകകണ്ഠ്യേന പാസ്സാക്കപ്പെട്ടു. മി സെലസ്റ്റിൻ മനോഹരനായാണ് ബില്ലുകൾ അവതരിപ്പിച്ചതു്. കൂടാതെ, മെ: എ എഫ് ഇ ജേക്കബ് പൊന്നുരാജ്, എൻ എ ആരോക്യസ്വാമി, പണ്ഡിററ് എം പി മസ്കർനെഡ് മുതലായവരും പ്രസംഗിക്കയുണ്ടായി.

കിഴക്കമ്പലം: വർഷംതോറും നടത്തിവരാറുള്ള പൊതുധ്യാനം ഈ കൊല്ലം നവമ്പർ 13-ാം തീയതി തുടങ്ങി 18 ാം തീയതി അവസാനിച്ചു. ഈ കൊല്ലത്തെ ധ്യാനഗുരു റവ ഫാദർ മാത്യു ആലക്കളമായിരുന്നു.

സ്ത്രീകൾക്കായുള്ള ഏകാന്തധ്യാനം നവമ്പർ 24-ാംനു തുടങ്ങി 27-ാംനു അവസാനിച്ചു. ധ്യാനഗുരു റവ ഫാദർ മാത്യു മങ്കുഴിക്കരിയായിരുന്നു.

## വർദ്ധമാൻ സംഭവം

### ആവർത്തിക്കുകയില്ലെന്നു

വർദ്ധമാൻനഗറിൽ നടന്ന മതമർദ്ദനപരമായ നടപടികളിലേക്ക് ബീഹാർ മുഖ്യമന്ത്രിയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ട് നാഗ്പൂർ ക്രിസ്ത്യൻ അസോസ്യേഷൻ പ്രസിഡണ്ട് മി ജി. എക്സ്. ഫ്രാൻസിസ് അയച്ച ഒരു കത്തിന് മുഖ്യമന്ത്രി ശ്രീ കൃഷ്ണസിൻഹാ നൽകിയ മറുപടിയിൽ, പ്രസ്തുത സംഭവം സംബന്ധിച്ച് പോലീസ്കേസെടുത്തിട്ടുണ്ടെന്നും രണ്ടുപേർ ഒഴികെയുള്ള പ്രതികളെല്ലാം ഇതിനകം അറസ്റ്റുചെയ്യപ്പെട്ടിട്ടുണ്ടെന്നും മേലിൽ ഇതുപോലുള്ള നടപടികൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ടെന്നും പ്രസ്താവിച്ചിരിക്കുന്നു

ഇൻഡ്യയിലെ ഭൂരിപക്ഷസമുദായം ഇൻഡ്യയിലൊരിടത്തും ക്രൈസ്തവരുടെനേരെ ആക്രമണം നടത്താതെ തടയുന്നതിനു ഊർജ്ജിതമായ നടപടികൾ നടത്തുന്നതാണെന്ന് കോൺഗ്രസ് പ്രസിഡൻറ് മി. ഡേബാർ തന്നെ സന്ദർശിച്ചു പരാതിസമർപ്പിച്ച തിരുകൊച്ചി എം. പി. മാർക്ക് ഉറപ്പുനൽകുകയുണ്ടായി.

## വിജ്ഞാപനം

തപാൽവഴി അയക്കുന്ന സത്യദീപം പത്രക്കെട്ടുകൾ മേലാൽ ബുധനാഴ്ച മാത്രമേ തപാലാപ്പീസിൽ സ്വീകരിക്കുകയുള്ളു എന്നു അറിയിച്ചിരിക്കയാൽ പത്രവിലപ്പ തലേ തിങ്കളാഴ്ച ഇവിടെ അടച്ചിരിക്കേണ്ടതാണെന്നും, അല്ലാത്തപക്ഷം പത്രക്കെട്ടു അയക്കുന്നതിനു ഒരാഴ്ച താമസം നേരിടുന്നതാണെന്നും ഉള്ള വിവരം ഞങ്ങളുടെ മാന്യ ഏജൻറുമാരെ അറിയിച്ചുകൊള്ളുന്നു.

മാനേജർ, സത്യദീപം

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 || ERNAKULAM, NOVEMBER 30 | No. 17


# തിന്മയുടെ ചിത്രീകരണം

ലോകത്തിൽ നന്മയും തിന്മയും കൂടിക്കലർന്നതാണ് നാം കാണുക. ചരിത്രസംഭവങ്ങളോരോന്നും ഒന്നുകിൽ നന്മയ്ക്കുള്ള പ്രചോദനമോ അല്ലെങ്കിൽ തിന്മയ്ക്കുള്ള പ്രേരണയോ നമ്മിൽ ഉളവാക്കാതിരിക്കയില്ല. ഇതു സംഭവങ്ങളുടെ സ്വഭാവത്തേക്കാൾ കൂടുതലായി അതിന്റെ ചിത്രീകരണരീതിയിൽ നിന്നാണ് ഉളവാകുന്നതെന്നുള്ളതും വിസ്മരിക്കാവതല്ല. സ്ഥലകാലവ്യത്യാസങ്ങൾക്കനുസരിച്ചും മനുഷ്യന്റെ മനോഭാവങ്ങളുടെയും പ്രവണതകളുടേയും നാനാത്വമനുസരിച്ചും ഈ പ്രേരണാശക്തി കൂടുതലായോ കുറവായോ അനുഭവപ്പെട്ടെന്നുംവരും. ഏതായാലും വസ്തുതകളെ മനുഷ്യമനസ്സിന്റെ വിചിന്തനത്തിനായി സമർപ്പിക്കുന്ന കലാകാരന്മാർക്ക് ഇക്കാര്യത്തിൽ ഗൗരവാവഹമായ ഉത്തരവാദിത്വമുണ്ട്. ആധുനികലോകത്തിൽ ഈ പരിഗണന പല പ്രകാരത്തിലും അനാദരിക്കപ്പെടുകയോ മനഃപ്പൂർവ്വം വ്യഭിചരിക്കപ്പെടുകയോ ചെയ്യുന്നുവെന്നുള്ളത് ശോചനീയമായ ഒരു സ്ഥിതിവിശേഷമാണ്. ഇന്നത്തെ സാഹിത്യം, നടനവേദി, ചലച്ചിത്രങ്ങൾ ഇവയോരോന്നും ഇതിനു സാക്ഷ്യംവഹിക്കുന്നുണ്ട്.

സംഭവങ്ങളുടെ ചിത്രീകരണത്തിലും ഭാവനകളുടെ പ്രകടനത്തിലും കലകളിൽ അവശ്യം ദീക്ഷിക്കപ്പെടേണ്ട തത്വങ്ങളെ പരിശുദ്ധ മാർപ്പാപ്പാ പന്ത്രണ്ടാം പീയൂസ് തിരുമേനി ഒക്ടോബർ 28-ാംനു സിനിമാപ്രവർത്തകരോടു ചെയ്ത ഒരു പ്രഭാഷണത്തിൽ വിശദമാക്കുകയുണ്ടായി. ശ്രോതാക്കളിൽ സിനിമാതാരങ്ങളും, വിധാതാക്കളും, വ്യവസായികളും, ഫിലിമുടമകളും, മാനേജരന്മാരും എല്ലാം ഉൾപ്പെട്ടിരുന്നു. മാത്രമല്ല ഈ തത്വങ്ങൾ നോവലെഴുത്തുകാരും, നാടകകർത്താക്കളും, ഗ്രന്ഥനിർമ്മാതാക്കളും മററിതുപോലെ സുന്ദരകലകളെ കൈകാര്യം ചെയ്യുന്ന എല്ലാവരും ഒരു നിയമമായി സ്വീകരിക്കണമെന്നും തിരുമേനി വ്യക്തമാക്കുകയുണ്ടായി. അവിടുന്നു പ്രസ്തുത പ്രഭാഷണത്തിൽ ഇപ്രകാരമാണ് പ്രസ്താവിച്ചത്:-

"തിന്മയ്ക്കു കലാപരമായ ഒരു നിറംകൊടുക്കുക, അതിന്റെ പ്രത്യാഘാതങ്ങൾ, വികസനം, അതുല്പാദിപ്പിക്കുന്ന തെളിഞ്ഞതും ഒളിഞ്ഞതുമായ സംഘട്ടനസംയോഗമാർഗ്ഗങ്ങൾ ആദിയായവയെ വർണ്ണിക്കുക മുതലായവ പലരെ സംബന്ധിച്ചും അപ്രതിരോധ്യമായ ഒരു പ്രേരണയ്ക്കു നിദാനമാണ്. ചിലർ പറയാറുണ്ട്, ഏതാദൃശമായ ഒരു പ്രതിപാദനരീതി കൂടാതെ ജനസാമാന്യത്തിനു വർണ്ണനയിലോ അഭിനയത്തിലോ കലാമൂല്യമോ നാടകീയാസക്തിയോ ആസ്വദിക്കുന്നതിനു സാധിക്കയില്ലെന്ന്. തിന്മയുടെ ഈ ചിത്രീകരണം നന്മയ്ക്കുള്ള ഒരു പശ്ചാത്തലമോ പ്രകാശം കൂടുതൽ ശോഭിക്കത്തക്ക ഒരു ഇരുണ്ട നിഴലാട്ടമോ മാത്രമാണെന്നും അക്കൂട്ടർ വാദിക്കാറുണ്ട്. മാതൃകാപരമായ ഒരു ചലച്ചിത്രത്തിനു അത്തരത്തിലുള്ള ഒരു കഥയെ പ്രതിപാദ്യമാക്കാമോ? എല്ലാക്കാലത്തും എല്ലാം രാജ്യത്തുമുണ്ടായിട്ടുള്ള ഏററവും മികച്ച കവികളും ഗ്രന്ഥകാരന്മാരും വിഷമംപിടിച്ച ഈ പ്രശ്നത്തെ ചർച്ചാവിഷയമാക്കിയിട്ടുണ്ട്; ഭാവിയിലും അതങ്ങനെതന്നെ ആയിരിക്കുകയും ചെയ്യും. ചിത്രീകരിക്കപ്പെടുന്ന തിന്മ അംഗീകരിക്കപ്പെടുന്നതായി കാണപ്പെടുമ്പോഴും, ദോഷാരോപണത്തിനോ കൗടില്യത്തിനോ ഇടച്ചുരുക്കും അതു വഴികൊടുക്കുമ്പോഴും, അതിനെ അധഃകരിക്കുന്നതിനോ ചെറുക്കുന്നതിനോ കഴിയാത്തവരുടെ മുമ്പിൽ പ്രദർശിപ്പിക്കപ്പെടുമ്പോഴും പ്രസ്തുത തിന്മയും അതിന്റെ വഷളത്തരവും പ്രത്യക്ഷമായി പ്രകാശിപ്പിക്കപ്പെടുന്നതുകൊണ്ട് വിവാദപ്രശ്നത്തിനു സ്വഭാവനിയമമനുസരിച്ച് നിഷേധമായ ഒരുത്തരമാണ് നൽകേണ്ടതു്. എന്നാൽ ഉദ്ധൃതമായ ഈ വിപത്തുകൾ ഇല്ലാതിരിക്കുകയും, തിന്മയോടുള്ള എതിർപ്പും സാന്ദർഭികമായ അതിന്റെ വിജയവും കഥാതന്തുവിന്റെ പൂർണ്ണതയിൽ മനുഷ്യജീവിതത്തെ അവഗാഢമായി മനസ്സിലാക്കുന്നതിനും, ഓരോരുത്തരുടെയും ജീവിതത്തിന്റെമേൽ നിയന്ത്രണവും അതിന്റെ മാർഗ്ഗനിർദ്ദേശവും മാനസികതീരുമാനത്തിന്റെയും പ്രവർത്തനത്തിന്റെയും ദൃഢതയും ദീക്ഷിക്കപ്പെടുകയും ചെയ്യുമ്പോൾ ഏതാദൃശമായ വിഷയങ്ങൾ ഒരു ചലച്ചിത്രകഥയുടെ ഭാഗമായി സ്വീകരിക്കുന്നതും അതിൽ ഇടകലർത്തുന്നതും അനുവദനീയമായിരിക്കും. ഈ നിയമംതന്നെയാണ് ഇത്തരത്തിലുള്ള മററു കലാസൃഷ്ടികളിലും—ഉദാഹരണമായി നോവലുകൾ, നാടകങ്ങൾ, ശോകാന്താഭിനയങ്ങൾ, എല്ലാത്തരത്തിലുമുള്ള സാഹിത്യകൃതികൾ എന്നിത്യാദി—അവശ്യം പാലിക്കപ്പെടേണ്ടതു്....... അവിടെ തിന്മയും പാപവും വഞ്ചനാത്മകമായ മറകൾകൊണ്ടു മൂടിക്കാണിക്കുകയല്ല, അവയുടെ യഥാർത്ഥസ്വഭാവത്തിൽ പ്രദർശിപ്പിക്കപ്പെടുകയാണ്. സത്യസന്ധനായ ചരിത്രലിഖിതാവു് പാപത്താൽ പങ്കിലമായ ആ സംഭവങ്ങളെ വസ്തുനിഷ്ഠമായും പരമാർത്ഥമായും പ്രതിപാദിക്കുന്നുവെങ്കിലും അവയെ നീതീകരിക്കുകയോ പ്രശംസിക്കുകയോ ചെയ്യുന്നില്ല; പ്രത്യുത പ്രത്യക്ഷമായി തിന്മയെ ഖേദിക്കുന്നതിൽ ദത്താവധാനനാകുന്നു. തന്മൂലം പ്രസ്തുതസംഭവവിവരണങ്ങൾ മനസംസ്കാരം ലഭിച്ചിട്ടുള്ള മനുഷ്യരിലെങ്കിലും, വികാരങ്ങളെയും ക്രമവിരുദ്ധമായ ആവേശങ്ങളേയും ഉണർത്താതിരിക്കുവാൻ ശ്രദ്ധിക്കുന്നുണ്ട്. ഗൗരവമുള്ള ഒരനുവാചകൻ അതുവഴിയായി കൂടുതൽ ചിന്താശീലനും സൂക്ഷ്മദർശിയുമായിത്തീരുന്നു. അവൻ ആത്മപരിശോധന ചെയ്തശേഷം തീരുമാനിക്കും:- "നീയും പ്രലോഭനങ്ങളാൽ നയിക്കപ്പെടാതിരിക്കാൻ സൂക്ഷിക്കുക", "നീ നില്ക്കുന്നുവെങ്കിൽ വീഴാതിരിക്കുവാൻ ശ്രദ്ധിക്കുക" എന്നു്. ഈദൃശാനുമാനങ്ങളാണ് വേദപുസ്തകങ്ങളിലും പ്രാചീനചിന്തകന്മാരുടെ ജ്ഞാനഗ്രന്ഥങ്ങളിലും പ്രതിപാദിക്കപ്പെട്ടിട്ടുള്ള ദാരുണസംഭവങ്ങളുടെ വിവരണങ്ങളിൽ നിന്നു ലഭിക്കുന്നതു്.

"അതുകൊണ്ട് മാതൃകാപരമായ ഒരു ചലച്ചിത്രം തിന്മയേയോ പാപത്തേയോ അധഃപ്പതനത്തേയോ ചിത്രീകരിക്കുമ്പോൾ, അതിന്റെ പ്രദർശനം കാണികളിൽ ജീവിതത്തെയും മനുഷ്യനേയും സംബന്ധിച്ച അവധാനപൂർവ്വകമായ അറിവും അവരുടെ ആദർശങ്ങളെ ഉന്നമിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും വേണ്ട കഴിവും പ്രദാനം ചെയ്യണമെന്നുള്ള നിശ്ചയദാർഢ്യവും പ്രായോഗികപദ്ധതികളും ഉണ്ടായിരിക്കട്ടെ. തിന്മയെ സാധൂകരിക്കുന്ന ഒരു മനോഭാവം ദൂരെ ത്യജിക്കുക; പാപത്തെ ദിവ്യവത്കരിക്കുന്ന രീതി പരിവർജ്ജിക്കുക; തിന്മയെ പ്രതിഷേധിക്കുന്നതിനുള്ള ശ്രമം ചിത്രത്തിന്റെ അവസാനത്തേക്കു മാത്രം മാററിവയ്ക്കാതെ കഥാഘടനയുടെ എല്ലാ ഭാഗങ്ങളിലും അതു പ്രകടമായിരിക്കട്ടെ, എന്തുകൊണ്ടെന്നാൽ സാമാന്യമായി ആ നീട്ടിവയ്ക്കൽ അപകടകാരണമാകും—ചിത്രംദർശിച്ചുകൊണ്ടിരിക്കുന്ന ആളിൽ കാലമേ തിന്മയുടെ പ്രേരണകളും വ്യാമോഹങ്ങളും ദൃഢമൂലമായി കഴിഞ്ഞിരിക്കും."

സിനിമാചിത്രവ്യവസായികളോടു മാർപ്പാപ്പാ പ്രത്യേകമായി അഭ്യർത്ഥിച്ചു, അവർ കുടുംബജീവിതത്തിന്റെ മനോഹരപാരമ്പര്യങ്ങളെ സജീവവും സരസവുമായ കലാസൃഷ്ടികൾവഴി പ്രദർശിപ്പിക്കുന്നതിനു ശ്രമിക്കണമെന്നു്, കുടുംബത്തിന്റെ സ്വാഭാവികവും അതിമാനുഷികവുമായ കുലീനതയേയും, ഭാര്യാഭർത്താക്കന്മാരും, മാതാപിതാക്കന്മാരും, സഹോദരീസഹോദരന്മാരും കുടുംബബന്ധത്തിൽ സന്തോഷത്തിലും സങ്കടത്തിലും, അഭിവൃദ്ധിയിലും അധഃപ്പതനത്തിലും അനുഭവിക്കുന്ന സൗഭാഗ്യത്തേയും അത്തരം ചിത്രങ്ങൾമൂലം ജനതയെ ബോദ്ധ്യപ്പെടുത്തണമെന്നു്.

ഈ ഒരു വീക്ഷണഗതി ഇന്നത്തെ കച്ചവടലോകത്തിൽനിന്നു എത്രമാത്രം വിദൂരസ്ഥിതമായിരിക്കുകയാണ് എന്നുള്ള ചിന്ത ഏതൊരു യഥാർത്ഥമാനവസ്നേഹിയേയും ദുഃഖിപ്പിക്കുന്നതാണ്. ലോകത്തിലെ ഇന്നത്തെ കെടുതികളുടെ ഒരു വലിയ പങ്കിനു ഉത്തരവാദികൾ കലയെ അലങ്കോലപ്പെടുത്തി ജീവിതത്തെ താറടിച്ചുകാണിച്ചു മനുഷ്യനിൽ ഉന്നതമായ അഭിലാഷങ്ങളെ കൊലപ്പെടുത്തുന്ന കലാകൊലപാതകികളാണെന്നു തീർത്തും പറയാവുന്നതാണ്. അതുകൊണ്ടു വിനാശകരമായ ക്ഷുദ്രകൃതികൾക്കു—അവ ഏതു രംഗത്തായാലും—ഒരു പൂർണ്ണവിരാമംവരുത്തുന്നതിനാണ് സുമനസ്സുകൾ ആദ്യായധനം നടത്തേണ്ടതു്. പൊതുജനതയുടെ ദൗർബല്യങ്ങളെ ചൂഷണം ചെയ്യുന്ന ഈ വ്യവസായത്തിനു അന്തം വന്നെങ്കിലേ ലോകം സമാധാനം ദർശിക്കൂ.

## പ്രസാധകക്കുറിപ്പുകൾ

### അദ്ധ്യാപകരോട് മാർപ്പാപ്പാ

10000-ത്തിൽപ്പരം സ്കൂളദ്ധ്യാപകന്മാർ സെൻറ് പീറേറഴ്സിൽവച്ചു പരിശുദ്ധ മാർപ്പാപ്പായെ സന്ദർശിച്ചു. വിദ്യാർത്ഥികളെ പരിശീലിപ്പിക്കേണ്ട വിധത്തെപ്പററിയും അവർവഴിയായി തിരുസഭയിലുണ്ടാകാൻപോകുന്ന നവോത്ഥാനത്തെ സംബന്ധിച്ചും പരിശുദ്ധ പിതാവു് അവരോടു പ്രസ്താവിച്ചു. "ഇക്കാലത്തു കുട്ടികളുടെ ഇടയിൽ വിശുദ്ധന്മാർ ഉണ്ടാകണമെന്നുള്ളതു ഈശോയുടെ അഭിലാഷമാണു്. അവിടുത്തെ കുട്ടികളുടെ ഒരുത്തമസുഹൃത്തായി മാത്രമല്ല, അവരുടെ എല്ലാ സൽഗുണങ്ങളുടേയും മാതൃകയായും അവർ സ്വീകരിക്കത്തക്കവണ്ണം അവർക്കുവേണ്ട പരിജ്ഞാനം നൽകുന്നതിൽ നിങ്ങൾ ദത്താവധാനരാകണം. ദൈവം അവിടുത്തെ തിരുസഭയ്ക്കു ഒരു പുതിയ വസന്തകാലം സജ്ജീകരിക്കുകയാണെന്നുള്ള വസ്തുത നമുക്കു ദൃഢബോദ്ധ്യപ്പെട്ടിരിക്കുകയാണു്. പ്രായപൂർത്തിയായവരിലെന്നവണ്ണംതന്നെ കുഞ്ഞുകുട്ടികളിലും അവിടുത്തെ ആഹ്വാനം സ്വീകരിക്കുന്നതിനും വീരോചിതമായ സേവനമനുഷ്ഠിക്കുന്നതിനും തയാറുള്ള ഒരു വലിയ ഗണമുണ്ടെന്നു മനസ്സിലാക്കുന്നതിൽ നമുക്കതിയായ ആനന്ദമുണ്ട്" എന്നാണ് പരിശുദ്ധ പിതാവു പറഞ്ഞതു്.

നിരുപദ്രവകരമെന്ന കാരണത്തിൽ ചില ഇററാലിയൻ സ്കൂളുകളിൽ ക്രിസ്തു അനാദരിക്കപ്പെടുന്ന വസ്തുത അവിടുത്തെ ഹൃദയത്തിനു വേദനയുണ്ടാക്കുന്നുവെന്നും, അതിലുപരിയായി ചില സ്കൂളുകളിൽ ക്രിസ്തുവിനെ എതിർക്കുന്നതിനും പുറംതള്ളുന്നതിനും കുട്ടികൾ പരിശീലിപ്പിക്കപ്പെടുന്നതിൽ അവിടുന്നു പരിതപിക്കുന്നുവെന്നും പരിശുദ്ധ പിതാവു വ്യക്തമാക്കി. "അശുദ്ധമാക്കപ്പെട്ട ഈ വിദ്യാലയങ്ങളിൽനിന്നും സത്യത്തെ അറിയാത്തവരും തദ്വാരാ ഒരു യഥാർത്ഥജീവിതനിയന്ത്രണം പ്രദാനം ചെയ്യുവാൻ സാധിക്കാത്തവരുമായ അദ്ധ്യാപകന്മാരിൽനിന്നും നിർദ്ദോഷികളായ പിഞ്ചുബാലികാബാലന്മാർക്ക് എന്താണു പഠിക്കുവാൻ സാധിക്കുക?" എന്നാണവിടുന്നു ചോദിച്ചതു്. "കത്തോലിക്കാ അദ്ധ്യാപകന്മാരായ നിങ്ങൾ അവരെ മതതത്വങ്ങൾ വിശദമായി പഠിപ്പിക്കുന്നതിനു പ്രത്യേകം ശ്രദ്ധപതിക്കണം. ക്രിസ്തീയവിദ്യാഭ്യാസത്തിന്റെ എതിരാളികൾ സാധാരണ ഉന്നയിക്കാറുള്ള വാദങ്ങൾകൊണ്ടു് നിങ്ങൾ വഞ്ചിതരാകരുതു്. അവരുടെ ന്യായങ്ങൾ അടിസ്ഥാനരഹിതങ്ങളാണു്. കുടുംബങ്ങളുടെ സ്വാഭാവികമായ തത്വങ്ങളും ലക്ഷ്യങ്ങളും അഭിലാഷങ്ങളും അനുസരിച്ചു് സ്വകാര്യവിദ്യാലയങ്ങളും പബ്ളിക്ക് സ്കൂളുകളും വികസിക്കുന്നതിനു അനുവദിക്കപ്പെടുമ്പോഴാണ് സംസ്കാരവും യഥാർത്ഥസ്വാതന്ത്ര്യവും സുദൃഢമായ സാമ്പത്തികസ്ഥിതിയും കൂടുതൽ ഭദ്രമാക്കപ്പെടുന്നതു്" എന്നവിടുന്നു അവരോടു പ്രസ്താവിച്ചു.

x x x

### ചൈനയിലെ പുതിയ മർദ്ദനപരിപാടി

മതത്തിനെതിരായി കമ്മ്യൂണിസ്റ്റ് ചൈന കഴിഞ്ഞ സെപ്റ്റംബർ മുതൽ നടത്തിയിട്ടുള്ള മർദ്ദനപരിപാടികളുടെ ഫലമായി 17 ചൈനീസ് കത്തോലിക്കാവൈദികർ വധിക്കപ്പെട്ടതായും 70ൽപരം വൈദികരും 2000ത്തോളം അൽമായരും അറസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ളതായും റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. വിദേശമിഷനറിമാർ ഇനി ഒന്നും ബാക്കിയില്ലെന്നാണറിയുന്നതു്. ഷാങ്കായിൽ ഒരു കമ്മലീത്താകന്യകാമഠത്തിന്റെ മുകളിൽ കമ്മ്യൂണിസ്റ്റുകൾ ചെങ്കൊടി പറപ്പിച്ചിരിക്കുന്നു. കപ്പേളയിൽ കർബാന ചൊല്ലുന്നതിനു മുടക്കിയിരിക്കുകയാണ്. ക്രിസ്തുരാജദേവാലയത്തിന്റെ പ്രധാന അൾത്താരയുടെ മുകളിൽ മാവോസെതുങ്ങിന്റെ ഒരു പടം തൂക്കിയിരിക്കുന്നു. അവിടത്തെ ഇടവകവികാരിയേയും സഹായ വൈദികരേയും 300 ഓളം അൽമായരേയും സെപ്റ്റംബറിൽതന്നെ അറസ്റ്റു ചെയ്തു. ഷാങ്കേയിലെ മെത്രാൻ കുങ്ങ് തിരുമേനി കഴിഞ്ഞ മാസത്തിൽ അറസ്റ്റ് ചെയ്യപ്പെട്ടു. കാൻടണിലെ അപ്പസ്തോലിക്ക് അഡ്മിനിസ്ട്രേററർ ബിഷപ്പ് ടാങ്ങ് തിരുമേനിയും ഈയിടെ അറസ്റ്റ് ചെയ്യപ്പെട്ടു. ചൈനയിൽനിന്നു തിരുസഭയെ നിശ്ശേഷം ഉന്മൂലനം ചെയ്യണമെന്നുള്ള ദൃഢനിശ്ചയത്തോടെയാണ് ഈ പുതിയ മർദ്ദനപരിപാടികൾ സ്വീകരിച്ചിരിക്കുന്നതു് എന്നു് വത്തിക്കാൻ റേഡിയോ ദൃഷ്ടാന്തങ്ങൾ ഉദ്ധരിച്ചുകൊണ്ടും പോലീസ് നടപടികളെ ചൂണ്ടിക്കാണിച്ചുകൊണ്ടും വിശദമായി പ്രസ്താവിക്കുകയുണ്ടായി. സെപ്റ്റംബറിലെ അറസ്റ്റു് ബഹളത്തിൽതന്നെ 35 ചൈനീസ് വൈദികരും 36 സെമ്മിനാരി വിദ്യാർത്ഥികളും 900ത്തോളം യുവാക്കന്മാരും യുവതികളുമായ അൽമായ കത്തോലിക്കരും ഉൾപ്പെട്ടു എന്നു വക്താവു പറഞ്ഞു. കുങ്ങ് മെത്രാൻ തിരുമനസ്സിലെ അറസ്റ്റിനെതുടർന്നു് നടന്ന നാടകീയ സംഭവങ്ങളുടെ ശരിയായ ഒരു വിവരണം ശ്രോതാക്കൾക്കു നൽകുകയുണ്ടായി. അറസ്റ്റു് നടന്ന ഉടനെ കമ്മ്യൂണിസ്റ്റ് പത്രങ്ങളെല്ലാം അദ്ദേഹത്തിനും വൈദികർക്കുംഎതിരായി വലിയ പ്രചാരണം ആരംഭിച്ചു. അവർ ഒററുകാരാണെന്നും, സാമ്രാജ്യവാദികളാണെന്നും, വിപ്ലവവിരുദ്ധമനസ്ഥിതിക്കാരാണെന്നും അവരുടെമേൽ കുററമാരോപിച്ചു. ഈ പ്രചരണത്തിന്റെ അന്ത്യരംഗമായി കമ്മ്യൂണിസ്റ്റ് മേധാവികൾ നഗരത്തിലെ സ്റ്റേഡിയത്തിൽവച്ചു ഒരു പരസ്യവിചാരണയും ഏർപ്പാടു ചെയ്തു. 20000ത്തോളം പേർ അവിടെ തടിച്ചുകൂടി. ക്ഷീണിതനായി, പരിഭ്രമവിഹ്വലനായി അവിടെ ആനയിക്കപ്പെട്ട—കമ്മ്യൂണിസ്റ്റ് രീതിയിൽ തലച്ചോറു കഴുകലും, പ്രകാശപ്രസരണവും എല്ലാം കഴിച്ചു തയ്യാറാക്കിയ—ഒരു വൈദികൻ കൈയിൽ ഒരു കുററപത്രവുമായി പ്രത്യക്ഷപ്പെട്ടു. അദ്ദേഹം നേതാക്കളുടെ ആജ്ഞയനുസരിച്ചു മെത്രാനും മററു വൈദികർക്കും എതിരായ ആരോപണങ്ങളടങ്ങിയ ആ പ്രസ്താവന വായിച്ചു. കമ്മ്യൂണിസ്റ്റു മേധാവികളുടെ ഇഷ്ടാനുസരണമുള്ള ഒരു കമ്മററിയെ ഭരണം അപ്പോൾ തന്നെ ഏല്പിക്കുകയും ചെയ്തു. ഇതാണ് കമ്മ്യൂണിസ്റ്റ് രീതി.

* * *

### അർജൻറീനായിലെ ജനങ്ങളെ ഹയരാർക്കി അനുമോദിക്കുന്നു

അർജൻറീനായിൽ പെറോണിന്റെ മർദ്ദനത്തിനെതിരായി രാജ്യമാസകലം മാതൃകാപരമായ ക്രിസ്തീയഐക്യം പാലിച്ചതിൽ അവിടത്തെ കത്തോലിക്കാജനതയെ അനുമോദിച്ചുകൊണ്ടും ഭാവിയിലും ഈ ഐക്യത്തെ സംരക്ഷിച്ചു പരിപോഷിപ്പിക്കുന്നതിനു അവരെ ആഹ്വാനംചെയ്തുകൊണ്ടും അവിടത്തെ കത്തോലിക്കാ ഹയരാർക്കി ഒരു സംയുക്ത ഇടയലേഖനം പ്രസിദ്ധീകരിച്ചിരിക്കുന്നു. ക്രിസ്തീയഐക്യപോഷണത്തിനു സഹായകമായ മാർഗ്ഗങ്ങൾ പ്രസ്തുത ലേഖനത്തിൽ വിവരിച്ചിട്ടുണ്ട്. തിരുസഭയുടെ ഐക്യത്തിന്റെ അസ്ഥിവാരം വിശ്വാസത്തിന്റേയും ആരാധനയുടേയും ഐക്യത്തിലാണ് നിലകൊള്ളുന്നതു്. എങ്കിലും പാട്ടുള്ളിടത്തോളം ഈ ഐക്യത്തെ കത്തോലിക്കർ സാമൂഹികരംഗത്തേക്കും പ്രസരിപ്പിക്കണം എന്നാ

വാരാന്ത്യവീക്ഷണം

# ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പുതിയ നിർദ്ദേശം

[സി. ഐ ജോൺ തലയാലപ്പറമ്പ്]

ഈ നാട്ടിലെ കമ്മ്യൂണിസ്റ്റുകളുടെ ഇടയിൽ വളരെ ഏറെ ചിന്താക്കുഴപ്പം സൃഷ്ടിക്കുന്നതിനും അവരുടെ ഉള്ളുകള്ളികൾ വെളിച്ചത്തു കൊണ്ടുവരുന്നതിനും ഉപയുക്തമായതരത്തിലുള്ള ചില നിർദ്ദേശങ്ങൾ ഈ ആഴ്ചയിൽ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി ലോകകമ്മ്യൂണിസ്റ്റ് ജനതയുടെ മുമ്പിൽ വച്ചിട്ടുണ്ട്. ഇൻഡ്യൻ കമ്മ്യൂണിസ്റ്റുകൾ, പ്രത്യേകിച്ച് കേരളത്തിലുള്ളവർ സാധാരണ പറഞ്ഞുവരാറുള്ള ഒന്നാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ഈശ്വരവിശ്വാസത്തിനെതിരല്ലെന്ന്. ഈ നാട്ടിലെ പ്രമുഖന്മാരായ പല കമ്മ്യൂണിസ്റ്റ് നേതാക്കന്മാരും ഈ സംഗതി പരസ്യമായി പല പ്രാവശ്യം ആവർത്തിച്ചിട്ടുള്ളതാണ്. ഒരുവന് ഈശ്വരനിൽ വിശ്വസിക്കുവാനോ വിശ്വസിക്കാതിരിക്കുവാനോ ഉള്ള അവകാശം അവന് മൌലികമായിട്ടുള്ളതാണെന്നും അതിനെ ലോകത്തിലൊരിടത്തുമുള്ള യാതൊരു കമ്മ്യൂണിസ്റ്റ് ഗവർമ്മേണ്ടുകളും ഇതുവരെ ചോദ്യം ചെയ്തിട്ടില്ലെന്നും അങ്ങനെ ചോദ്യംചെയ്യുന്നത് മൌലികാവകാശധ്വംസനമാണെന്നും കമ്മ്യൂണിസ്റ്റ് പാർട്ടി മനുഷ്യൻെറ മൌലികാവകാശങ്ങളെ അങ്ങേയററം മാനിക്കുന്ന ഒരു പാർട്ടിയാകയാൽ പാർട്ടിക്ക് അതു സാദ്ധ്യമല്ലെന്നുമാണ് "നാടൻ" സഖാക്കളുടെ വാദം. ഈ വാദഗതിയുടെ പൊള്ളത്തരങ്ങളെ വെളിച്ചത്തു കൊണ്ടുവരുന്നതിന് മതിയായ പല സംഭവവികാസങ്ങൾക്കും ദൈനംദിനമെന്നവണ്ണം പൂർവ്വയൂറോപ്യൻ രാജ്യങ്ങളും ചൈനയും സാക്ഷ്യം വഹിക്കുന്നുണ്ട്. എങ്കിലും അതൊന്നും വകവച്ചു തരുവാനുള്ള "ബുദ്ധിശൂന്യത" ഇവിടത്തെ കമ്മ്യൂണിസ്റ്റുകൾക്കില്ലെന്നു വേണം കരുതുവാൻ. ഈ അടുത്ത കാലത്ത് ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ഒരു ഉന്നതവ്യക്തി പശ്ചിമബംഗാളിൽവച്ചു ചെയ്ത ഒരു പ്രസംഗത്തിൽ പറഞ്ഞു, ഈശ്വരവിശ്വാസത്തെ ജനങ്ങളിൽ നിന്നും അകററിനിറുത്തുന്നതിനു വേണ്ടി യാതൊരുവിധമായ പ്ലാനും റഷ്യയോ, ചൈനയോ സ്വീകരിച്ചിട്ടില്ലെന്നും, എന്നാൽ അതിനെതിരായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് (ഈശ്വരവിശ്വാസത്തിന്) യൂഗോസ്ലാവിയാ മാത്രമാണെന്നുമാണ്. ഇന്നത്തെ പരിതസ്ഥിതിയിൽ അദ്ദേഹം അതും സമ്മതിക്കുമെന്നു തോന്നുന്നില്ല. കമ്മ്യൂണിസം നിരീശ്വരപരമാണെന്നതിന് കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രത്തിൽ വളരെയധികം തെളിവുകളുണ്ട്. അത് കമ്മ്യൂണിസത്തിൻെറ പ്രചാരകന്മാരും പ്രവാചകന്മാരും ആയിരക്കണക്കിന് പ്രാവശ്യം തുറന്നു സമ്മതിച്ചിട്ടുള്ളതുമാണ്. ലെനിൻ സെലക്‌റ്റഡ് വർക്ക്സ് എന്ന പുസ്തകത്തിൽ പറയുന്നു: "നിരീശ്വരത്വം പ്രചരിപ്പിക്കുന്നതിനുവേണ്ടിയുള്ള ഡിപ്പാർട്ടുമെൻറുകളോ രാഷ്ട്രീയ സ്ഥാപനങ്ങളെങ്കിലുമോ നമുക്കു വേണം." "നാം ഈശ്വരവിശ്വാസികളായി ചമഞ്ഞുകൊണ്ട് പ്രവർത്തിക്കുന്നതിൽനിന്നും എളുപ്പം നിരീശ്വരത്വം പരന്നുകൊള്ളും—" അത് മറെറാരിടത്തു പറയുകയാണ്. വീണ്ടും അദ്ദേഹം തുടരുന്നു: ഈശ്വരവിശ്വാസത്തെ വേരോടെ നശിപ്പിക്കുകയും അവരുടെ സാംസ്കാരികമൂല്യങ്ങൾ പിടിച്ചെടുക്കുകയുംവേണം." ഇതെല്ലാം ആർക്കും നിഷേധിക്കുവാൻ പാടില്ലാത്ത പരമാർത്ഥങ്ങളാണ്. എങ്കിലും ഇവിടത്തെ കമ്മ്യൂണിസ്റ്റുകൾ പറയുന്നതക്കും ആ പുസ്തകങ്ങൾ ലെനിൻെറ പേരുവച്ച് ബുക്കാറിനോ ട്രോട്സ്കിയോ മററോ എഴുതിയതാണെന്ന്. എന്നാൽ അങ്ങനെയൊന്നുമല്ലെന്നും സോവിയററുയൂണിയനിലെ വിദേശ ഭാഷകൾക്കായുള്ള പ്രസിദ്ധീകരണശാലയിൽനിന്നും അടിച്ചു പരസ്യപ്പെടുത്തുന്നതും സാക്ഷാൽ ലെനിനും, മാർക്സും, എംഗൽസുമെല്ലാമാണ് അതുകൾ എഴുതിയിട്ടുള്ളതെന്നും സുബോധം നശിച്ചിട്ടില്ലാത്തവർക്കെല്ലാം അറിയാവുന്നതാണ്.

നമ്മുടെ നാട്ടിലെ കമ്മ്യൂണിസ്റ്റുകാർ എലക്ഷൻപ്രചരണങ്ങളിലും മററും പറയാറുണ്ട്, അവരും ദൈവവിശ്വാസികളാണെന്നും, സോവിയററു യൂണിയനിൽ ധാരാളം ആരാധനാസ്ഥലങ്ങളുണ്ടെന്നും മററും. അതിനെ അരക്കിട്ടുറപ്പിക്കുവാൻ ഇവിടെനിന്നും റഷ്യ സന്ദർശിച്ച പല മഹതിമഹാന്മാരും പറയും: "ഞങ്ങൾ ഒരു ഞായറാഴ്ചയാണ് മോസ്കോ വിമാനത്താവളത്തിലിറങ്ങിയത്. ഞാനാണെങ്കിൽ എന്നും കർബാന കാണണമെന്ന നിർബന്ധമുള്ള കൂട്ടത്തിലുമാണ്. നേരേ ഞങ്ങൾ പള്ളിയിലേക്കാണു പോയത്. അതു കാണേണ്ട ഒരു കാഴ്ച തന്നെയാണ്. ഹാ! എന്തൊരു ഹൃദയാവർജ്ജകമായ ഭക്തിപ്രകടനങ്ങൾ........." എന്നാൽ അവിടെ നടക്കുന്നതിൻെറ ഉള്ളുകള്ളികൾ ആരാണ് ചികഞ്ഞു നോക്കിയത്. മുകളിൽ കാണുന്ന തരത്തിലുള്ള ഉദ്ധരണികളും ഉദ്ധരിയെടുത്തുകൊണ്ടാണ് നമ്മുടെ സഖാക്കൾ പ്രചരണം നടത്തുന്നത്. ആക്ഷേപിക്കാൻ കഴിയുക വാസ്തവം പറയുന്നവർ ഇംപീരിയലിസ്റ്റ് ചാരന്മാരാണുതാനും.

കമ്മ്യൂണിസത്തിൻെറ വരവ് ഡയലക്‌റ്റിക്കൽമെററീരിയലിസത്തിൽ നിന്നാണെന്നും വൈരുദ്ധ്യാധിഷ്ഠിതഭൌതികവാദം ഈശ്വരവിശ്വാസത്തിനു നേരേ എതിരാണെന്നും ഒരു വിധം എല്ലാവർക്കും അറിവുള്ള കാര്യമാണ്. ഹിസ്റ്റോററിക്കൽ ആൻറ് ഡയലക്‌റ്റിക്കൽ മെററീരിയലിസം എന്ന ഒരു ചെറുപുസ്തകത്തിൽ സ്റ്റാലിൻ പറയുന്നതു് "ഡയലഗോ" എന്ന യവനപദത്തിൽ നിന്നാണ് ഡയലക്‌റ്റിക്സിൻെറ ഉത്പത്തി; ഈ വാക്കിനു തുറന്നുള്ള വാദപ്രതിവാദം എന്നാണ് അർത്ഥം എന്ന്. അതുകൊണ്ട് ഡയലക്‌റ്റിക്കൽ മെററീരിയലിസം ഈശ്വരവിരുദ്ധപ്രസ്ഥാനമല്ലെന്നു പറയുവാൻ ചങ്കൂററമുള്ളവരാണ് നമ്മുടെ സഖാക്കൾ.

ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കും എന്നുള്ള തത്വം വച്ചുകൊണ്ട് നോക്കുമ്പോൾ ഇവിടത്തെ കമ്മ്യൂണിസ്റ്റുകളുടെ പ്രചാരണത്തിൽ അർത്ഥമുണ്ട്.

ചൈനയിലെ ബഹുജനങ്ങളുടെ ഇടയിൽ നിരീശ്വരത്വഭൌതികവാദത്തെപ്പററി കൂടുതൽ കൂടുതൽ പ്രചാരണം നടത്തണമെന്ന് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി ആവശ്യപ്പെട്ടിരിക്കുകയാണ്. പീക്കിംഗിൽനിന്നും പ്രസിദ്ധീകരിക്കുന്ന ഔദ്യോഗികപാർട്ടി മാസികയായ "ഹെ സ്യൂഹെസി" ഈയിടെ നിരീശ്വരത്വഭൌതികവാദത്തെപ്പററി ഒരു നീണ്ട ലേഖനം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിൽ പറയുന്നു പത്രങ്ങൾ നിരീശ്വരത്വപ്രചാരണപ്രസ്ഥാനം ശക്തിയായി ആരംഭിക്കണമെന്ന്. കൂടാതെ കഴിഞ്ഞ കാലത്ത് ചൈനീസ് പത്രങ്ങൾ ഈ വിഷയത്തിൽ കാണിച്ച ഉദാസീനത ക്ഷമിക്കത്തക്കതല്ലെന്നും വീണ്ടും അങ്ങനെ തുടർന്നുപോകുന്നത് കുററകരമാണെന്നും അവിടത്തെ പത്രങ്ങൾക്കു പ്രസ്തുതലേഖനം മുഖേന താക്കീതു നൽകിയിരിക്കുകയാണ്.

ണ് അതിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഐക്യത്തെ ശിഥിലമാക്കുന്നതിനു ശത്രുക്കൾ പ്രയോഗിക്കുന്ന ഉപാധികളെപ്പററി ഇടയലേഖനത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രധാനമായി വൈദികവിദ്വേഷം ഉളവാക്കുന്നതിനുള്ള അവരുടെ ശ്രമങ്ങളെയാണ് അതു ചൂണ്ടിക്കാണിക്കുന്നത്. ഒരു വൈദികവിദ്വേഷമനോഭാവം കുത്തിവയ്ക്കുന്നതിനുള്ള അവരുടെ ശ്രമങ്ങൾ ഏറെക്കുറെ ഇന്നു സഫലമായിക്കൊണ്ടിരിക്കുന്നുണ്ട്. ഉത്തമകത്തോലിക്കനെന്നു ഭാവിക്കുകയും അഭിമാനിക്കുകയും ചെയ്യുന്ന പലരും വൈദികരുടെ കാര്യം വരുമ്പോൾ ഒരു അരുചി—അകൽച്ച—ഭാവിക്കുന്ന രീതിയുണ്ട്. അതു കത്തോലിക്കാസഭയുടെ ഒരാപത്താണ്. സഭാഘടനയിൽ വൈദികവിഭാഗം അപരിത്യാജ്യമാണ്. ആ വിഭാഗവുമായുള്ള ഐക്യം ക്രിസ്തീയജീവിതത്തിൻെറ പൂർണ്ണതയ്ക്കു അനിവാര്യമാണ്. ആധുനികകാലത്തെ വേറൊരു വിപത്തു കത്തോലിക്കാ വിശ്വാസത്തെ അക്രൈസ്തവമാക്കുന്നതിനുള്ള ശ്രമമാണ്. കത്തോലിക്കാ സഭയുടെ ചട്ടക്കൂട്ടിൽനിന്നു വ്യതിരിക്തമായ, മനുഷ്യൻെറ സ്വാഭാവികവും സാങ്കേതികവുമായ ജീവകാരുണ്യമനോഭാവത്തെ ആസ്പദമാക്കിയുള്ള ഒരു സംഘടനയായിട്ടാണ് അവർ സഭയെ ദർശിക്കുന്നത്. ഇതിൻെറ അർത്ഥം ദൈവസ്ഥാപിതമായ കത്തോലിക്കാ സഭയുടെ ആദർശങ്ങൾ ഇഷ്ടാനുസരണം സ്വീകരിക്കുകയും ക്രിസ്ത്യാനി എന്നഭിമാനിക്കുകയും ചെയ്ക എന്നാണ്. ക്രിസ്തു മാനവരക്ഷാർത്ഥം സ്ഥാപിച്ച സഭയെ അവിടുത്തെ നിർദ്ദേശത്തിനനുസരിച്ചു സ്വീകരിക്കുവാൻ അവർ സന്നദ്ധരല്ല. ഈ വിധത്തിൽ കത്തോലിക്കരെ ശരിയായ വിശ്വാസത്തിൽനിന്നും ക്രിസ്തീയാദർശത്തിൽനിന്നും വ്യതിചലിപ്പിക്കുന്നതിനു പണിപ്പെട്ടുകൊണ്ടിരിക്കുന്ന പ്രതിലോമശക്തികളെ വിശദീകരിച്ചുശേഷം അർജൻറീനായിലെ കത്തോലിക്കർ സ്വീകരിച്ച നിലപാടിൽ അചഞ്ചലമായി തുടരണമെന്നാഹ്വാനം ചെയ്തിരിക്കുന്നു.



വിശുദ്ധ കൊച്ചുത്രേസ്യായുടെയും, വിശുദ്ധ യൗസേപ്പുപിതാവിൻെറയും മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

O. C. Joseph
ഓന്തിരിക്കൽ, പള്ളിപ്പുറം.

# ആലുവാ "കർമ്മലഗിരി" സെമ്മിനാരി ഉൽഘാടനം

## ഇൻറർനുൺഷിയോ തിരുമേനി നിർവ്വഹിച്ചു

സെൻറ് ജോസഫ്സ് അപ്പസ്തോലിക്ക് സെമ്മിനാരിയുടെ ഫിലോസഫി സെക്ഷനുവേണ്ടി, ആലുവാപ്പുഴയുടെ തീരത്ത് പുതുതായി പണികഴിച്ചിരിക്കുന്ന മൂന്നുനിലയുള്ള അതിമനോഹരവും ബ്രഹ്മാണ്ഡവുമായ "കർമ്മലഗിരി സെമ്മിനാരി", ഇൻഡ്യയുടെ അപ്പസ്തോലിക്ക് ഇൻറർനുൺഷിയോ മോസ്റ്റ് റവ. മാർട്ടിൻ എച്ച്. ലൂക്കാസ് എസ്. ഡി. തിരുമനസ്സുകൊണ്ട് നവമ്പർ 24-ാം തീയതി കാലത്തു 10 മണിക്ക് സാഘോഷം ആശീർവ്വദിച്ച് ഉൽഘാടനം ചെയ്തിരിക്കുന്നു.

പ്രസ്തുത ചടങ്ങുകളിൽ കേരളത്തിലെ എല്ലാ വൈദികാദ്ധ്യക്ഷന്മാരും കേരളത്തിൻെറ മിഷനറി മെത്രാനായ പടിയറ തിരുമേനിയും, സുറിയാനികമ്മലീത്താ പ്രിയോർജനറാൾ മുതലായി സ്വദേശീയരും വിദേശീയരുമായ പല കർമ്മലീത്താ വൈദികരും സെമ്മിനാരിയിലെ പൂർവ്വവിദ്യാർത്ഥികളായ 300-ൽപ്പരം വൈദികരും സെമ്മിനാരിക്കാരും പങ്കെടുത്തിരുന്നു. ശരീരാസ്വാസ്ഥ്യംമൂലം എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും യാത്രാവൈഷമ്യംകൊണ്ട് കോട്ടാർമെത്രാൻ തിരുമനസ്സുകൊണ്ടും സന്നിഹിതരായില്ല. മദ്രാസ്, കോയമ്പത്തൂർ, മൈസൂർ തുടങ്ങിയ രൂപതകളിൽനിന്നുള്ള മിഷനറിമാരടക്കം നൂറിൽപ്പരം അതിഥികൾ സന്നിഹിതരായിരുന്നു.

സെമ്മിനാരിഹാളിൽ ഇൻറർനുൺഷിയോ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ഉൽഘാടനപൊതുയോഗം നടന്നു. റെക്ടർ വെരിറവ. ഫാ. ഔറേലിയൻ ഒ. സി. ഡി. ഇൻറർനുൺഷിയോ തിരുമേനിക്കും വൈദികാദ്ധ്യക്ഷന്മാർക്കും വൈദികാതിഥികൾക്കും സ്വാഗതമാശംസിച്ചു. കർമ്മലഗിരി സുപ്പീരിയർ വെരി റവ. ഫാദർ സഖറിയാസ് ഒ. സി. ഡി. മംഗളപത്രം വായിച്ച് ദന്തനിർമ്മിതമായ സ്തൂപികാപേടകത്തിൽ ഇൻറർനുൺഷിയോ തിരുമേനിക്കു സമർപ്പിച്ചു. പൂർവ്വവിദ്യാർത്ഥികളേയും മലബാർഹൈരാർക്കികളേയും പ്രതിനിധാനം ചെയ്തുകൊണ്ട് പാലാമെത്രാൻ റൈററ് റവ. ഡോക്ടർ സെബാസ്ത്യൻ വയലിൽ തിരുമനസ്സുകൊണ്ട് ഒരു പ്രസംഗംചെയ്തു. തിരുമേനി മംഗലപ്പുഴയിൽ, ചങ്ങനാശേരി, കൊച്ചി രൂപതാദ്ധ്യക്ഷന്മാരുമൊന്നിച്ച് വൈദികവിദ്യാഭ്യാസം നടത്തിയ കാലത്തെ അനുസ്മരിക്കുകയും സെമ്മിനാരിയുടെ പ്രവർത്തനത്തിൽ വിദേശകർമ്മലീത്താസഭ ചെയ്തുപോരുന്ന നിസ്തുലസേവനത്തെ മുക്തകണ്ഠം പ്രശംസിക്കുകയുംചെയ്തു.

ഇൻറർനുൺഷിയോ തിരുമനസ്സിലെ ഉൽഘാടനപ്രഭാഷണം ആദ്യന്തം പ്രൗഢഗംഭീരമായിരുന്നു. കർമ്മലീത്തർ ഈ സെമ്മിനാരി നടത്തുന്നതിൽ അനുഭവിക്കുന്ന ത്യാഗങ്ങൾ ഇൻഡ്യൻസഭയ്ക്കു അവർ ചെയ്യുന്ന നിസ്തുലമായ സേവനമാണെന്നും; ഈ ക്ലേശങ്ങളും ത്യാഗങ്ങളും ഒട്ടും അസ്ഥാനത്തല്ല; വ്യഥാഅല്ല; ഈ ത്യാഗങ്ങളെ സംബന്ധിച്ച് ഒരു കാലത്തും അവർ വ്യസനിക്കേണ്ടിവരുകയുമില്ല എന്നും തിരുമേനി ആദ്യമായി പ്രസ്താവിച്ചു. അനന്തരം തിരുമനസ്സുകൊണ്ട് വൈദികവിദ്യാർത്ഥികൾ സെമ്മിനാരി ജീവിതത്തിൽ സാധിക്കേണ്ട പരിശീലനത്തെപ്പററി സുദീർഘം ഉൽബോധിപ്പിച്ചു.

മാർപ്പാപ്പാ തിരുമേനി, കർദ്ദിനാൾ തിസ്സരാങ്ങ്, "ഒപ്പൂസ് സാക്തി പേത്രി" സിക്രട്ടറി, കർമ്മലീത്താ ജനറൽ, നവാറാ-പ്രൊവിൻഷ്യൽ, എറണാകുളം മെത്രാപ്പോലീത്താ, സി. ബി. സി. ഐ. സെമ്മിനാരി സെക്ഷൻ പ്രസിഡണ്ട് എന്നിവർ അയച്ചിരുന്ന ആശംസാസന്ദേശങ്ങൾ യോഗത്തിൽ വായിച്ചു.

ഡിന്നറിൽ അതിഥികളെല്ലാം പങ്കെടുത്തു. ആലപ്പുഴമെത്രാൻ റൈററ് റവ. ഡോക്ടർ മൈക്കിൾ ആററുകുളം ടോസ്റ്റു പറഞ്ഞു. വിദേശമിഷനറിപ്രശ്നത്തെ സംബന്ധിച്ചും ഇൻഡ്യയിലെ ഏതദ്ദേശീയസഭയുടെ ഭാവിയെ സംബന്ധിച്ചും തിരുമേനിക്കുള്ള ശുഭാപ്തിവിശ്വാസത്തെ ഇൻറർനുൺഷിയോ തിരുമേനി ചെയ്ത പ്രസംഗത്തിൽ വിശദമാക്കുകയുണ്ടായി. "ഇൻഡ്യൻ ജനതയ്ക്കു നേതൃത്വം നൽകുവാൻ കരുത്തുള്ള "തിരഞ്ഞെടുക്കപ്പെട്ട പാത്രങ്ങൾ" ഇൻഡ്യയ്ക്കുണ്ട്; പോരാ ഇനിയും ഉണ്ടാകണം. വൈദികവൈരള്യം പരിഹരിക്കപ്പെടണം. അഭിവന്ദ്യ വൈദികാദ്ധ്യക്ഷന്മാരേ, ഉത്തമരായ യുവാക്കളെ വൈദികാന്തസ്സിലേക്കു നിങ്ങൾ സ്വീകരിക്കുക; അവർക്കു സമർത്ഥമായ ശിക്ഷണം നൽകുക. നിങ്ങളുടെ വൈദികരിൽ ഏററം ഉത്തമരെ സെമ്മിനാരികളിൽ നിങ്ങൾ നിയമിക്കുക. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ" എന്നാശംസിച്ചുകൊണ്ടാണ് തിരുമേനി പ്രസംഗം സമാപിപ്പിച്ചത്.

വെരി റവ. ഫാദർ സഖറിയാസ് ഒ. സി. ഡി. പ്രശസ്താതിഥികൾക്കു കൃതജ്ഞത പറഞ്ഞു. വൈ

## മുപ്പതുശതമാനം കമ്മീഷൻ

1955 ഡിസമ്പർ 1 മുതൽ 1956 ജനുവരി 1 വരെ മാത്രം

ക്രിസ്തുമസ്സും കേരളകർമ്മലീത്താസഭയുടെ ശതാബ്ദജൂബിലിയും പ്രമാണിച്ച് 100 രൂപായ്ക്കും അതിൽ കൂടുതലിനും സ്പെഷ്യൽ ലിസ്റ്റനുസരിച്ച് സാമാനം എടുക്കുന്നവർക്ക് മുപ്പതു ശതമാനം കമ്മീഷൻ വ്യവസ്ഥയിൽ വില്പനനടത്തുന്നു. ജൂബിലിപ്രമാണിച്ച് ഡിസമ്പർ 1 മുതൽ 9 വരെ ജൂബിലിപ്പന്തലിന് അഭിമുഖമായി ഞങ്ങളുടെ ഒരു ബുക്ക്സ്റ്റോൾ തുറക്കുന്നതാണ്.

മാനേജർ

എസ്. എച്ച്. ബുക്ക്സ്റ്റോൾ, മാന്നാനം

## അടുത്തയാഴ്ചയിൽ

ഡിസംബർ

1 വ്യാ: വി. തോമാവില്ലനോവ
2 വെ: വി. ബിബിയാന
3 ശ: വി. ഫ്രാൻസീസ് സേവ്യർ
4 ഞാ: സുവാറ 2-ാം ഞായർ
5 തി: വി. സാബ
6 ചൊ: വി. നിക്കൊളാവോസ്
7 ബു: വി. അംബ്രോസീസ്

# വിവിധവൃത്താന്തങ്ങൾ

## കർദ്ദിനാൾ സ്റ്റെപ്പിനാക്കിന്

### മാർപ്പാപ്പായുടെ ജൂബിലി ആശംസ

യുഗോസ്ലാവിയായിലെ പ്രൈമേറ്റായ കർദ്ദിനാൾ സ്റ്റെപ്പിനാക്കു് തിരുമേനിക്കു് ഒക്ടോബർ 31-ാംനു തിരുമേനിയുടെ പൗരോഹിത്യരജതജൂബിലി പ്രമാണിച്ചു പരിശുദ്ധമാർപ്പാപ്പ വത്തിക്കാൻ റേഡിയോവഴി ഒരു ആശംസാസന്ദേശം അയച്ചുകൊടുത്തിരിക്കുന്നു:- "വാത്സല്യസുതാ, വിഷമതകൾക്കിടയിൽ അചഞ്ചലവും അനുമോദനാർഹവുമായ സ്ഥിരതയോടും പുണ്യയോഗ്യതാപൂർണ്ണമായ വിധത്തിലും അങ്ങു് പൂർത്തിയാക്കുന്ന വൈദികജീവിതത്തിന്റെ 25 ാം വർഷപൂർത്തിയിൽ അങ്ങേക്കു സമാശ്വാസം നൽകുന്നതിനു നാം സർവ്വേശ്വരനെ പ്രാർത്ഥിക്കുന്നു. തീവ്രമായ സദാശംസകൾ നാം അങ്ങേക്കു നേരുന്നു. നമ്മുടെ സ്നേഹപൂർണ്ണമായ ഹൃദയത്തിൽനിന്നു അങ്ങേക്കു നമ്മുടെ അപ്പസ്തോലികാശീർവ്വാദവും നാം നൽകുന്നു."

## 4-ാം നൂറ്റാണ്ടിലെ ബസ്സിലിക്കാ കണ്ടുകിട്ടി

ഇറ്റലിയുടെ പശ്ചിമതീരത്തു അൽബേഞ്ഞാ എന്ന സ്ഥലത്തു നടത്തിക്കൊണ്ടിരുന്ന ഖനനാവലികളുടെ ഫലമായി 4-ാംനൂറ്റാണ്ടിലെ ഒരു ബസ്സിലിക്കായുടെ നഷ്ടാവശിഷ്ടങ്ങൾ കണ്ടുകിട്ടിയിരിക്കുന്നു. ഇതു വിശുദ്ധ വിക്ടർ പുണ്യവാനു പ്രതിഷ്ഠിച്ചിട്ടുള്ളതാണു്. വളരെ പുരാതനമായ പല കുഴിമാടങ്ങളും അവിടെ കണ്ടുപിടിക്കുവാൻ സാധിച്ചിട്ടുണ്ടു്.

## ലൂവെയ്ൻ സർവ്വകലാശാലയിലെ വിദ്യാർത്ഥിസംഖ്യ

ലോകപ്രസിദ്ധമായ ലൂവെയ്ൻ യൂനിവേഴ്സിററിയിൽ ഇക്കൊല്ലം വിദ്യാർത്ഥികളുടെ സംഖ്യ സകല പൂർവ്വറിക്കാർഡുകളേയും അതിശയിക്കുന്നതായിരിക്കും എന്നറിയുന്നു. വിദ്യാർത്ഥിസംഖ്യ 10,000 വരുമെന്നാണു് പ്രതീക്ഷ. ബെൽജിയത്തിൽ മൂന്നു സർവ്വകലാശാലകൾകൂടിയുണ്ടു് ഇതിനുപുറമേ. അവയിൽ മൂന്നിലുംകൂടി ഇത്രയും വിദ്യാർത്ഥികളില്ല.

---

കിട്ടു് 5-50 നു് മംഗലപ്പുഴ സെമിനാരിയിൽവച്ചു വളരെ തന്മയത്വത്തോടുകൂടി സെമിനാരിക്കാരാൽ അഭിനയിക്കപ്പെട്ട "ഹെർമെജിൽഡ്" എന്ന ഇംഗ്ലീഷ് നാടകത്തിൽ ഇന്റർനൂൺഷിയോ തിരുമേനിയും, ആലപ്പുഴ, കൊച്ചി, തിരുവല്ലാ, തലശേരി രൂപതാദ്ധ്യക്ഷന്മാരും അനേകം വൈദികാതിഥികളും സംബന്ധിച്ചിരുന്നു.

## തടങ്കൽപാളയം ധ്യാനമന്ദിരമാക്കി മാററുന്നു

ആസ്ട്രിയായിൽ സാൻസ്ബർഗ്ഗിനടുത്തുള്ള മൗത്താസർ തടങ്കൽപാളയം ഇപ്പോൾ ഒരു ധ്യാനമന്ദിരമായി മാററുന്നതിനു തീരുമാനിച്ചിരിക്കുന്നു. "പാക്സ് ക്രീസ്റ്റി" സംഘടനാപ്രവർത്തകരുടെ ശ്രമഫലമായിട്ടാണു് "ഭീകരതകളുടെ വിളനില"മെന്നറിയപ്പെട്ടിരുന്ന ഈ സ്ഥലം "പരിഹാരത്തിന്റെ സന്യാസഭവന"മായി മാറുന്നതു്. ഇപ്പോൾ അതു ഒരു ടൂറിസ്റ്റു് സെൻറററായി ഉപയോഗിക്കുകയാണു്. ഇനിമേലിൽ ആസ്ട്രിയൻജനങ്ങൾ പ്രതിവർഷം മൂന്നുദിവസത്തെ ജ്ഞാനധ്യാനം നടത്തുന്ന സങ്കേതമായിരിക്കും അതു്. അവർ ആ ദിവസങ്ങൾ ഉപവാസത്തിലും പ്രായശ്ചിത്തപ്രവൃത്തികളിലും പരിശുദ്ധകുർബാനയുടെ മുമ്പിലുള്ള പ്രാർത്ഥനയിലും ചിലവഴിക്കും.

---

പരേതനായ

### സേവ്യർ വക്കീൽ വെട്ടിക്കാപ്പള്ളിൽ,

വൈക്കം.



ജനനം 20—11—1891
മരണം 20—11—1955

വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

R. I. P.

---

## നീഗ്രോനേതാവു് മാർപ്പാപ്പായെ പ്രശംസിക്കുന്നു

യുണൈററഡ് സ്റ്റേററ്സിലെ ഒരു പ്രമുഖ നീഗ്രോനേതാവായ ഡോക്ടർ ചാനിങ്ങ് തോബിയാസ് എന്ന ദേഹം വർഗ്ഗവിവേചനം സംബന്ധിച്ചു് കത്തോലിക്കാസഭ സ്വീകരിച്ചിട്ടുള്ള ധീരമായ നിലപാടിൽ പരിശുദ്ധ മാർപ്പാപ്പായെ പ്രശംസിച്ചും അനുമോദിച്ചും ഒരു കത്തയച്ചിരിക്കുന്നു. "ഈ പ്രശ്നത്തിൽ വളരെനാളായി ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ഞങ്ങൾക്കു വത്തിക്കാന്റെ സഹായം ഏററം ഉത്തേജകമായിരുന്നിട്ടുണ്ടു്. കാരണം, റോമൻകത്തോലിക്കാസഭയുടെ തലവൻ എന്തെങ്കിലും പ്രസ്താവിക്കുമ്പോൾ ലോകം മുഴുവനിലുമുള്ള കത്തോലിക്കാസമുദായത്തിനു അലസമായിരിക്കാൻ സാദ്ധ്യമല്ല" എന്നാണു് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നതു്. പ്രത്യേകിച്ചും, ഒരു നീഗ്രോ വൈദികന്റെ ശുശ്രൂഷകളിൽ പ്രതിഷേധിച്ച ഒരു മിഷനെതിരായി മുടക്കുകല്പന പുറപ്പെടുവിച്ച ന്യൂഓർലിയൻസിലെ ആർച്ചുബിഷപ്പു് റോമെലിന്റെ നടപടിയെ ശ്ലാഘിച്ച ഒസ്സർവത്തോരെ റൊമാനായുടെ നടപടിയെ അദ്ദേഹം എടുത്തുപറയുകയുണ്ടായി. പള്ളികളിലും സ്കൂളുകളിലും വർണ്ണവിവേചനം നിഷ്കാസനം ചെയ്യുന്നതിൽ യുണൈററഡ്സ്റ്റേററ്സിലെ സഭ നിർവ്വഹിച്ചിട്ടുള്ള മഹത്തായ സേവനത്തേയും അദ്ദേഹം ചൂണ്ടിക്കാണിച്ചു. ലേഖനകർത്താവായ ഡോക്ടർ തോബിയാസ് ഒരു മെത്തഡിസ്റ്റു് സഭാംഗവും നീഗ്രോകളുടെ ഉദ്ധാരണത്തിനുവേണ്ടിയുള്ള നാഷനൽഅസ്സോസിയേഷന്റെ ചെയർമാനുമാണെന്നുള്ളതു് പ്രത്യേകം പ്രസ്താവാർഹമാണു്.



Rev. Fr. John Nedumpuram, S. D. B.
Ordination & 1st Mass ) 8,9-12-1955
at SHILLONG

---

### റുവാൻഡാ രാജാവു ബൽജിയം മെത്രാനു

## കൃതജ്ഞത പ്രകടിപ്പിക്കുന്നു

റുവാൻഡാ രാജ്യം യുണൈററഡ് നേഷ്യൻസിന്റെ ട്രസ്റ്റ് അതിർത്തികളിൽപെട്ടതും ബൽജിയത്തിന്റെ ഭരണത്തിലിരിക്കുന്നതുമായ ഒന്നാണു്. ചാർലസ് മുട്ടാറാ എന്നദ്ദേഹമാണു് അവിടത്തെ രാജാവു്. ലീജിലെ മെത്രാനായ കെർക്കോഫ്സ് തിരുമേനി ഈ രാജ്യം ഉൾപ്പെടുന്ന നിയ്യൂണ്ഡാ വികാരിയാത്തിനെ അവിടത്തെ സംരക്ഷണത്തിൽ ഏടുത്തു അതിന്റെ അഭിവൃദ്ധിക്കുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. അവിടെ പ്രവർത്തിക്കുന്നതിനു സാങ്കേതിക വിദഗ്ദ്ധന്മാരെ തുടർച്ചയായി അയച്ചുകൊടുത്തുകൊള്ളാമെന്നു തിരുമേനി വാഗ്ദാനം ചെയ്തിട്ടുമുണ്ടു്. തന്റെ രാജ്യത്തിനുവേണ്ടി ബിഷപ്പു തിരുമേനി ചെയ്തുകൊണ്ടിരിക്കുന്ന ഈ സഹായസഹകരണങ്ങൾക്കു നേരിട്ടു കൃതജ്ഞത രേഖപ്പെടുത്തുന്നതിനാണു് രാജാവു് ബൽജിയത്തിലേക്കു പുറപ്പെട്ടിരിക്കുന്നതു്.

### ബൽജിയൻ കോംഗോയിലെ രാജാവു്

## മാർപ്പാപ്പായെ സന്ദർശിച്ചു

ബൽജിയംകോംഗോയിൽ ഉട്ടണ്ടിയുടെ രാജാവു് ചാൾസ്മുറുസാ രണ്ടാമനും രാജ്ഞി റൊസാലിയായും പരിശുദ്ധപിതാവിനെ സന്ദർശിച്ചു. അവർക്കു പരിശുദ്ധപിതാവു് ഒരു രഹസ്യസന്ദർശനമനുവദിച്ചു. അവർ രണ്ടുപേരും ഉത്തമകത്തോലിക്കരാണു്. രാജാവു് 7 അടി പൊക്കമുള്ള ആളാണു്. സന്ദർശനാവസരത്തിൽ അവരുടെ രാജ്യത്തിലെ പ്രത്യേക രാജകീയചിഹ്നമായ, വെള്ളത്തുവലുകളും രത്നങ്ങളുംകൊണ്ടലങ്കരിച്ച ഒരു തലപ്പാവു് മാർപ്പാപ്പാക്കു സമ്മാനിച്ചു. "ഇതു ഞങ്ങളുടെ ജീവിതത്തിലെ ഏററവും പ്രമോദനാത്മകമായ ദിനമാണു്" എന്നത്രെ രാജാവു് ഈ സന്ദർശനത്തെപ്പററി പ്രസ്താവിച്ചതു്.

---

## സ്വർഗ്ഗരാജ്ഞി

ദേവമാതാവിന്റെ സ്ഥാനങ്ങളും വരങ്ങളും, അവയുടെ വിശദീകരണവും, സംശയനിവാരണവും, സംബന്ധിച്ചു് വെ. റവ. മോൺ. ജേക്കബ്ബു് നടുവത്തുശേരി അവർകൾ സത്യദീപത്തിൽ തുടർച്ചയായി എഴുതിയിരുന്ന ലേഖനങ്ങളുടെ സമാഹാരമായി, ക്രൗൺ എട്ടിലൊന്നു സൈസിൽ, നൂറു പേജിൽ കമനീയമായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ ഗ്രന്ഥത്തിനു് വില 6 ണ മാത്രം.

കച്ചവടക്കാർക്കു് പത്തിനു രണ്ടു കമ്മീഷൻ.

ആവശ്യപ്പെടുക:
മാർ ലൂയീസ് മെമ്മോറിയൽ പ്രസ്, എറണാകുളം- 1

---

## വൃദ്ധനായ മെത്രാൻ കുഷ്ഠരോഗികളുടെ അരികിലേക്കു്

പാരീസ് വിദേശമിഷനിൽപ്പെട്ട ഫാദർ ജീൻ കസേയ്ൻ 26 കൊല്ലങ്ങൾക്കു മുമ്പാണു് വിയററ്നാമിൽ സെയ്ഗോണിനു വടക്കായി മലംപ്രദേശത്തുള്ള ജിറിംഗ് എന്ന സ്ഥലത്തു ഒരു കുഷ്ഠരോഗകോളനി സ്ഥാപിച്ചതു്. 12 കൊല്ലം കഴിഞ്ഞപ്പോൾ അദ്ദേഹം മെത്രാനായി തിരഞ്ഞെടുക്കപ്പെടുകയും തന്മൂലം അദ്ദേഹത്തിന്റെ ജോലിസ്ഥലമായ കോളനി വിട്ടുപോകേണ്ടിവരികയും ചെയ്തു. ഇപ്പോൾ അദ്ദേഹത്തിനു 60 വയസ്സു് കഴിഞ്ഞിട്ടുണ്ടു്. വാർദ്ധക്യവും മലേറിയാരോഗവും മൂലം അദ്ദേഹം ഈയിടെ രൂപതാഭരണം ഒഴിയുകയുണ്ടായി. അദ്ദേഹം പരിശുദ്ധ സിംഹാസനത്തോടപേക്ഷിച്ചതിന്റെ ഫലമായി സ്ഥാനമൊഴിഞ്ഞ വൃദ്ധമെത്രാൻ ഇപ്പോൾ ജിറിംഗിലെ കുഷ്ഠരോഗകോളനിയുടെ ചാപ്ലെയിനായി നിയമിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ചിരകാലാഭിലാഷം വീണ്ടും നിറവേറുവാൻ പോകുകയാണു് കുഷ്ഠരോഗികളെ ശുശ്രൂഷിക്കുന്നതിൽ.

## 30 എം. എൽ. ഏ. മാരുടെ മെമ്മോറാണ്ഡം

### മതപരിവർത്തനബില്ലിനെ പ്രതിഷേധിച്ചു്

മതപരിവർത്തനബില്ലിനെ പ്രതിഷേധിച്ചുകൊണ്ടും, അതു നിയമമായി വന്നാൽ ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾക്കു ഭരണഘടനയിൽ നൽകിയിരിക്കുന്ന സുരക്ഷിതത്വം അപകടത്തിലാകുമെന്നു കാണിച്ചുകൊണ്ടും തിരു-കൊച്ചി നിയമസഭയിലെ വിവിധസമുദായാംഗങ്ങളായ 30 മെമ്പർമാർ ഒപ്പിട്ട ഒരു മെമ്മോറാണ്ഡം ഇന്ത്യൻപ്രസിഡണ്ടിനു് അയച്ചുകൊടുത്തിരിക്കുന്നു.

### മുസ്ലീം സമുദായവും എതിർക്കുന്നു

ലോകസഭയിൽ അവതരിപ്പിച്ചിരിക്കുന്ന ഇന്ത്യൻ മതപരിവർത്തനബില്ല് ഇന്ത്യൻ ഭരണഘടനയ്ക്കും വിശ്വാസസ്വാതന്ത്ര്യത്തിനും എതിരാണെന്നു പ്രഖ്യാപിക്കുന്ന ഒരു പ്രമേയം മലബാർജില്ലാ മുസ്ലിംലീഗിന്റെ ഒരു വിശേഷാൽസമ്മേളനം പാസാക്കിയിരിക്കുന്നു.


## വിവാഹവാർത്ത

**പുല്ലൂറ്റുശ്ശേരി:** സ്ഥലത്തെ ശ്രീ മാത്യു ഇരിമ്പൻ ബി എസ് സി, ഡി എം ഐ ടിയും തൃശ്ശൂർ സബ്ഡിവിഷണൽ മജിസ്ട്രേട്ട് ശ്രീമാൻ വക്കി കെ എലിഞ്ഞിക്കൽ അവർകളുടെ പുത്രി കുമാരി ആലീസും തമ്മിലുള്ള വിവാഹം മംഗളപൂർവ്വം നടന്നിരിക്കുന്നു. വരഗൃഹത്തിൽവച്ചു നടത്തപ്പെട്ട സൽക്കാരവേളയിൽ നവദമ്പതികളെ അനുമോദിച്ചും ഭാവിഭാവുകങ്ങൾ ആശംസിച്ചും ശ്രീ എ സി റപ്പായി പ്രസംഗിച്ചു.

## ചരമവാർത്ത

**ബസ്ലഹം:** ഈ ഇടവക കൊച്ചുമുട്ടത്തു പുലിക്കുന്നേൽ ശ്രീ ഉലഹന്നൻ ഔസേപ്പു് നവംബർ 18-ാംനു രാവിലെ 6-30നു് 68-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം ശനിയാഴ്ച രാവിലെ പരേതന്റെ പിതൃസഹോദരന്മാരായ റവ. ഫാദേഴ്സ് ജോൺ കൊച്ചുമുട്ടം, യൗസേപ്പു് കൊച്ചുമുട്ടം എന്നിവരുടേയും മററു പല ബ. വൈദികരുടെയും വമ്പിച്ച ഒരു ജനാവലിയുടേയും സഹകരണത്തിൽ നടത്തപ്പെട്ടു. ചരമപ്രസംഗം റവ ഫാദർ വറുഗീസ് നമ്പ്യാപറമ്പിൽ അവർകൾ നിർവ്വഹിച്ചു. ശവസംസ്കാരാനന്തരം സാധുക്കൾക്കു് ദാനധർമ്മങ്ങൾ നൽകപ്പെടുകയുണ്ടായി. റവ സിസ്റ്റർ റജീന പരേതന്റെ പുത്രിയാണു്.

R. I. P.




# ദിവ്യജനനിയുടെ ഏഴ അത്ഭുതപടങ്ങൾ

[റ്റി. കെ. വർക്കി, ചേർത്തല]

റോമിലെ "സാന്ത മരിയാ മജോരെ" ബസ്സിക്കാ വിശ്വവിഖ്യാതമാണ്. ആ ബസ്സിക്കായിലെ "ബോർഗീസ്" ചാപ്പലിലാണ്, ലൂക്കാ സുവിശേഷകൻെറ സ്വഹസ്തങ്ങളാൽ ചിത്രീകൃതമായ ദിവ്യജനനിയുടെ അത്ഭുതപടം നിക്ഷിപ്തമായിരിക്കുന്നതു്. അനേകമനേകം അത്യത്ഭുതാനുഗ്രഹസംഭവങ്ങൾക്ക നിദാനമായ ചരിത്രപ്രസിദ്ധിയുള്ള ഒരു അത്ഭുതപടമാണതു്. പോർട്ടുഗീസുകാരുടെ കേരളപ്രവേശനകാലത്തു അവർ മുഖേന അതിൻെറ മാതൃകകൾ നമ്മുടെ നാട്ടിലും പ്രചരിപ്പിക്കയും ദൈവജനനിയെപ്പററി പൂർവ്വികമായി നമുക്കുണ്ടായിരുന്ന ഭക്തി കുറേക്കൂടി സജീവമാക്കുവാൻ അവരും ഉത്സാഹിക്കയും ചെയ്തിരുന്നു. ആ സന്ധിയിൽ കേരളത്തിലെ ഏഴ് പ്രമുഖ മരിയദേവാലയങ്ങളിൽ ആ അത്ഭുതപടത്തിൻെറ അനുകരണമായ ഏഴ് വലിയ പടങ്ങൾ ദേവാലയബലിപീഠത്തിൽ പ്രമുഖസ്ഥാനത്തു പ്രതിഷ്ഠിക്കയുമുണ്ടായി. ആ ദേവാലയങ്ങളിൽ പലതും അന്നെന്നപോലെ ഇന്നും നമ്മുടെ അമ്മയുടെ അത്ഭുതാനുഗ്രഹസിദ്ധികളാൽ ഓരോ മരിയതീർത്ഥങ്ങളായിത്തന്നെ പ്രശോഭിക്കയും ചെയ്യുന്നു. ഈ ഏഴ് അത്ഭുതപടം സംബന്ധിച്ചു ചില ചരിത്രവിവരങ്ങൾ സംക്ഷിപ്തമായി മാത്രം ഇവിടെ പ്രസ്താവിക്കാം.

ക്രൈസ്തവം 15-ാംശതകത്തിൻെറ അവസാനഘട്ടമായപ്പോൾ മററു രാജ്യക്കാരോടൊപ്പം കേരളവുമായി വ്യാപാരബന്ധം പുലത്തുവാൻ പോർട്ടുഗീസുകാർ തുടങ്ങിയ യൂറോപ്യൻ രാജ്യക്കാരും വളരെ താല്പയ്യപൂർവ്വം ശ്രമംചെയ്തുതുടങ്ങി. ആഫ്രിക്കാ ചുററി കേരളത്തിലേക്ക് ഒരു കപ്പൽമാർഗ്ഗം സൗകയ്യപ്രദമായി കണ്ടുപിടിക്കുവാൻ പ്രഥമമായി പോർട്ടുഗീസുകാർക്കാണു സാധിച്ചതു്. 1498-ൽ വാസ്ക്കോഡിഗാമാ എന്ന പോർട്ടുഗീസ് നാവികനേതാവ് ഒരു കപ്പൽസമൂഹവുമായി കേരളത്തിൽ കോഴിക്കോട്ടെത്തി നങ്കൂരമുറപ്പിച്ചു. പക്ഷേ കോഴിക്കോട്ടെ സാമൂതിരിരാജാവിൻെറ സഖ്യം സമ്പാദിച്ച് അവിടെ വ്യാപാരബന്ധമുറപ്പിച്ചിരുന്ന അറബികളായ മുഹമ്മദിയരുടെ ശക്തിമൂലം അവിടെനിന്നും പോർട്ടുഗീസുകാരെ പലായനം ചെയ്യിക്കയാണുണ്ടായതു്. അതുകൊണ്ടു് അവർ നിരുത്സാഹരായില്ല. വീണ്ടും കരുതലോടുകൂടിയ ഒരു കപ്പൽ സന്നാഹവുമായി 1500-ൽ 2-ാമത്തെ പ്രാവശ്യം കബ്രാളിൻെറ നാവികനേതൃത്വത്തിൽ പോർട്ടുഗീസുകാർ കേരളത്തിലെത്തി. എന്നാൽ ശക്തരായിരുന്ന കോഴിക്കോട്ടെ അറബികളോടു മല്ലിടുവാൻ ഉദ്യമിക്കാതെ അവർ കൊച്ചിയിലെത്തി അവിടെ ഒരു കച്ചവടത്താവളമുറപ്പിക്കുവാൻ പരിശ്രമിച്ചു. കൊടുങ്ങല്ലൂർ പട്ടണത്തിൻെറ തുറമുഖ വ്യാപാരപ്രാധാന്യങ്ങൾ അക്കാലത്തു സാമാന്യം അസ്തമിച്ചുതുടങ്ങിയിരുന്നു. കൊച്ചി ഒരു തുറമുഖത്തിൻെറ സൗകയ്യങ്ങളിൽ വളരുവാനാരംഭിക്കയും ചെയ്തിരുന്നു. കൊച്ചിക്കു സമീപം താമസിച്ചിരുന്ന നസ്രാണികളുടെ സഹായത്താൽ പോർട്ടുഗീസുകാർക്ക കൊച്ചിരാജാവിൻെറ സഖ്യം നിഷ്പ്രയാസം സമ്പാദിക്കുവാനും സാധിച്ചു. ശത്രുബാധ കൂടാതെ കൊച്ചിയിൽ ഒരു കച്ചവടത്താവളമുറപ്പിക്കുവാൻ അവർക്ക സാധിക്കയും അക്കാലത്തെ പെരുമ്പടപ്പു രാജാവായിരുന്ന ഉണ്ണിരാമൻ കോയിലുമായി ഒരു ഉടമ്പടിതന്നെ ഏതത്സംബന്ധം 1506-ൽ അവർ ചെയ്യുകയുംചെയ്തു. അതനുസരിച്ച് കൊച്ചിയിൽ അഭിനവരീതിയിൽ ഉറപ്പായ കോട്ടയും കെട്ടിടങ്ങളും അവർ നിർമ്മിക്കയും വ്യാപാരത്തിൽ പെട്ടെന്നഭിവൃദ്ധി പ്രാപിക്കയും ചെയ്തു. പോർട്ടുഗീസുകാരുടെ കൊച്ചിയിലെ ഈ വ്യാപാരബന്ധം കോഴിക്കോട്ടെ അറബികൾക്കത്ര തൃപ്തികരമായില്ല. പോർട്ടുഗീസുകാരുടെ കാൽ കൊച്ചിയിൽ ഉറപ്പിക്കാതെ അവരെ അവിടെനിന്നു തുരത്തുവാൻ അറബികൾ പരിശ്രമംചെയ്തു തുടങ്ങി. കൊച്ചിപ്രദേശത്തെ ചില ഹിന്ദുവർഗ്ഗക്കാരുടെ കൂട്ടുകെട്ടു സമ്പാദിച്ച് കൊച്ചിയിൽ പോർട്ടുഗീസുകാരെ പല പ്രകാരത്തിലും അലട്ടുവാനും ആരംഭിച്ചു.

## For favours received



Mrs. Mary Sebastian
Trichur

ഈ സന്ധിയിൽ, ദിവ്യജനനിവഴിയായി മുമ്പു യൂറോപ്പിൽ ക്രിസ്ത്യാനികൾക്കു ശത്രുബാധനിങ്ങി പല അത്ഭുതാനുഗ്രഹസഹായങ്ങൾ ലബ്ധമായ സ്മരണയിൽ, വളരെ ആദായകരമായ കേരളത്തിലെ കൊച്ചിയുമായുള്ള വ്യാപാരബന്ധം ശിഥിലമാകാതിരിക്കുവാൻ പോർട്ടുഗീസുകാർ നമ്മുടെ അമ്മയുടെ പാദങ്ങളിൽ തന്നെ അഭയംപ്രാപിച്ചു. മുമ്പു യൂറോപ്പിൽ മുർവഗ്ഗക്കാരിൽനിന്നും മററും ക്രിസ്ത്യാനികൾക്കു നിരന്തരശല്യമുണ്ടായ ഘട്ടത്തിൽ ദിവ്യജനനിയെ അഭയംപ്രാപിച്ച ആ നാട്ടിലെ ക്രിസ്ത്യാനികളെ നമ്മുടെ അമ്മ അത്ഭുതകരമായി ശത്രുബാധനിക്കി രക്ഷിക്കയുണ്ടായി. ആ അനുഭവസ്മരണയിൽ ഇവിടേയും ആയുധബലത്തിൽ ശത്രുക്കളോടു് അടരാടുവാൻ തുനിയാതെ പോർട്ടുഗീസുകാർ ദിവ്യാംബികയെത്തന്നെ അഭയംപ്രാപിച്ചു. അവരുടെ നാട്ടിൽ പ്രചുരപ്രചാരത്തിൽ എത്തിയിരുന്ന കൊമ്പയ്യസഭയും മററും ഇവിടെ നടപ്പിൽ വരുത്തുകയും മരിയഭക്തിവർദ്ധനവിനായി ചില ഏകോപിതപരിശ്രമങ്ങൾ ഇവിടെ നടത്തുകയുംചെയ്തു. അക്കൂട്ടത്തിൽ ലൂക്കാ സുവിശേഷകൻെറ അത്ഭുതപടത്തിൻെറ അനുകരണത്തിലുള്ള ദിവ്യജനനിപടങ്ങൾ നമ്മുടെ ദേവാലയങ്ങളിലും പ്രതിഷ്ഠിക്കുവാനും അവർ പ്രോത്സാഹനംനൽകി. തങ്ങളുടെ ദേവാലയങ്ങളിൽ പ്രതിഷ്ഠിക്കുവാൻ ഓരോ വലിയ പടങ്ങൾ യൂറോപ്പിൽനിന്നു് എഴുതിച്ചുകിട്ടുവാൻ കേരളത്തിലെ ഏഴുപള്ളിക്കാർ പോർട്ടുഗീസുകാരെ ഭരപ്പെടുത്തുകയും അതനുസരിച്ച് വേണ്ട ഏപ്പാടുകൾ അവർ ചെയ്യുകയുംചെയ്തു. ഇക്കാലത്തെപ്പോലെ അന്നു കപ്പൽയാത്ര സവ്വസാധാരണമല്ലായിരുന്നു. ഒരു ക്ലിപ്തതീയതിയിൽ കേരളത്തിലേക്കുള്ള കപ്പൽ പുറപ്പെടുമ്പോൾ ആ ഏഴുപടങ്ങളും പൂർത്തിയാക്കിക്കിട്ടുവാനും വേണ്ട ഏപ്പാടുകൾ അവർ കാലേക്കൂട്ടി ചെയ്തിരുന്നു.

പക്ഷേ പോർട്ടുഗലിൽനിന്നു കപ്പൽ പുറപ്പെടേണ്ട ദിവസമായപ്പോൾ 6 പടങ്ങൾമാത്രമാണു് എഴുതിത്തീന്നതു്. ഒരു പടത്തിൻെറ പലക മിനുസമാക്കി ചില രേഖകൾ ഇടുവാനല്ലാതെ ചായവേലകളൊന്നും ചെയ്യുവാൻ കഴിഞ്ഞിരുന്നില്ല. എങ്കിലും തീന്ന 6 പടങ്ങളും പടമെഴുതാത്ത പലകയും കൂട്ടിക്കെട്ടി കപ്പലിൽ കയററി അവർ കേരളത്തിലേക്കു യാത്രതുടന്നു. കപ്പൽ കൊച്ചിയിലടുത്തു് ചരക്കുകളിറക്കി പടങ്ങൾ കൊടുക്കേണ്ട ഏഴു പള്ളിക്കാരിൽ ആരോടാണു നല്ല വാക്കും സമാധാനവും പറയേണ്ടതെന്നുള്ള കുണ്ഠിതത്തോടുകൂടി അവർ കെട്ടഴിച്ചുനോക്കിയപ്പോൾ ഒരു മഹാത്ഭുതമാണു് അവക്കു ദർശനീയമായതു്. യാതൊരു ചായവേലകളും ചെയ്യാതിരുന്ന പലക ഏതാണെന്നു തിരിച്ചറിയാൻപോലും വയ്യാത്തവിധം ഏഴു പടങ്ങൾ പൂർത്തിയായിരിക്കുന്നതായാണു് ഭക്തിയുള്ള ആ ക്രൈസ്തവക്കു കാണുവാൻ കഴിഞ്ഞതു്. ദിവ്യാംബികയുടെ കാരുണ്യാതിരേകത്തെ അവർ വാഴ്ത്തി നമസ്കരിക്കുകയും പടം കൊടുക്കാമെന്നു് ഏററിരുന്ന ഏഴു പള്ളിക്കാർക്കും ഓരോ പടം അവർ ഉടനെ എത്തിച്ചുകൊടുക്കുകയുംചെയ്തു. ഇപ്രകാരം ദിവ്യാംബികയുടെ ഒരു പ്രത്യേക കാരുണ്യത്തിനുകൂടി ഇടയായ ആ അത്ഭുതപടങ്ങൾ അതതുദേവാലയങ്ങളിലെ പ്രധാന പ്രതിഷ്ഠാസ്ഥാനങ്ങളിൽ ആഘോഷപൂർവ്വം പ്രതിഷ്ഠിക്കയുംചെയ്തു. അതോടുകൂടി ആ ദേവാലയങ്ങളിൽ നമ്മുടെ അമ്മയുടെ അത്ഭുതാനുഗ്രഹങ്ങൾ സവിശേഷം ഉണ്ടാകുന്നതായി ഭക്തജനങ്ങൾ കൊണ്ടാടിത്തുടങ്ങുകയുംചെയ്തു. ഇപ്രകാരം ആ ഏഴ് അത്ഭുതപടങ്ങൾ പ്രതിഷ്ഠിച്ച കേരളത്തിലെ മരിയദേവാലയങ്ങൾ കുറവിലങ്ങാട്ട്, വെച്ചൂർ, വല്ലാർപാടം, കൊടുങ്ങല്ലൂർ പള്ളിപ്പുറം, എറണാകുളം, പള്ളിപ്പുറം (ചേർത്തല), തങ്കി (ചേർത്തല) എന്നിവയായിരുന്നുവെന്നാണു് അറിയപ്പെടുന്നതു്. ഈ സപ്തദേവാലയങ്ങളിൽ ആദ്യത്തെ നാലു ദേവാലയങ്ങൾ കേരളത്തിൽ അന്നും ഇന്നും വിഖ്യാതമായ മരിയതീർത്ഥദേവാലയങ്ങളായിത്തന്നെ പരിലസിക്കുന്നു. ഇതിൽ അഞ്ചുദേവാലയങ്ങളിലും ഇപ്പോഴും പ്രധാനബലിപീഠങ്ങളിലെ പ്രമുഖ പ്രതിഷ്ഠാരൂപങ്ങളായും അവ പരിലസിക്കുന്നു. വല്ലാർപാടം, കൊടുങ്ങല്ലൂർ പള്ളിപ്പുറം ദേവാലയങ്ങളിലെ ഈ അത്ഭുതപടങ്ങളിൽ ചില ഉപപടങ്ങൾ പിന്നീട് വൈദികമേലദ്ധ്യക്ഷാനുമതിയോടെ എഴുതിച്ചുക്കുന്തക്ക ചില അത്ഭുതാനുഗ്രഹസംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ തീർത്ഥദേവാലയങ്ങളിലെല്ലാം കാരുണ്യസാഗരമായ നമ്മുടെ അമ്മയുടെ അനുഗ്രഹത്താൽ പല അത്ഭുതസംഭവങ്ങൾതന്നെ നടന്നിട്ടുള്ളതായി ചരിത്രം ഘോഷിക്കുന്നുമുണ്ട്. കേരളത്തിലെ ഒരു മരിയതീർത്ഥമായ നാഗപ്പുഴ (തൊടുപുഴ) പള്ളിയിലെ മദ്ബഹായിലെ ഭിത്തിയിലുള്ള എഴുത്തുചിത്രം ഈ അനുകരണമാണെങ്കിലും, അതു് പലകയിലുള്ളതോ ഇതിൽ പെട്ടതോ അല്ല. എറണാകുളം അതിരൂപതവക ഭദ്രാസനദേവാലയം തുറമുഖമാതാവിൻെറ നാമത്തിലാണു് നാമിന്നറിയുന്നതു്. കൊച്ചിത്തുറമുഖവികസനാനന്തരം അതിൻെറ കവാടത്തിനെതിരായി സ്ഥിതിചെയ്യുന്ന ഈ മരിയദേവാലയത്തിൽ ഇപ്രകാരമൊരു അത്ഭുതപടം കിട്ടിയശേഷമാണു്, തുറമുഖമാതാവിൻെറ ദേവാലയമെന്നു ജനങ്ങൾ ഈ ദേവാലയത്തെപ്പററി പറയുവാനാരംഭിച്ചതു്. ഈ അത്ഭുതപടം കഴിഞ്ഞ ചില തലമുറകൾക്കപ്പുറംവരെ അവിടത്തെ പ്രധാനപ്രതിഷ്ഠാരൂപവുമായിരുന്നു. ദേവാലയത്തിനു തുറമുഖമാതാവിൻെറ നാമം പ്രകീത്തിതമായിത്തീരുകയും പ്രതിഷ്ഠാരൂപത്തിൻെറ ചായങ്ങൾക്കു് പിന്നീടു് ചില മങ്ങലുകൾ എങ്ങനെയോ സംഭവിക്കയും ചെയ്തപ്പോൾ പുതിയൊരെഴുത്തുപടം പകരം ചെറിയ അൾത്താരയിൽ പ്രതിഷ്ഠിക്കയും പ്രധാന ബലിപീഠത്തിൽ ഒരു പ്രതിമ സ്ഥാനംപിടിക്കുകയും അത്ഭുതപടത്തിനു സ്ഥാനഭ്രംശം സംഭവിക്കയും ചെയ്തതായും പറയപ്പെടുന്നു. എങ്കിലും പഴയ അത്ഭുതപടം കേടുപാടുകൾ പോക്കി വിനാവിളംബം യഥാസ്ഥാനത്തു പ്രതിഷ്ഠിക്കുമെന്നറിയുന്നു. മാർ സെബസ്ത്യാനിമെത്രാൻെറയും മററും കാലത്തും പലേ അത്ഭുതപ്രവർത്തനങ്ങൾക്കു നിദാനമായിരുന്ന കുറവിലങ്ങാട്ടുപള്ളിയിലെ അത്ഭുതപടത്തിനും അടുത്തകാലത്തു് സ്ഥാനമാററം ഉണ്ടായിരിക്കയാണു്. ആ അത്ഭുതപടവും ഇപ്പോഴത്തെ അധികാരികളുടെ ശ്രദ്ധാവിഷയമായിട്ടുണ്ട്.

ഇപ്രകാരം പോർട്ടുഗീസുകാരുടെ കാലംമുതൽ വിവിധങ്ങളായ അത്ഭുതാനുഗ്രഹസിദ്ധികൾക്കു നിദാനമായ ആ ഏഴ് പടങ്ങൾ കേരളത്തിൽ മരിയഭക്തിസംബന്ധിച്ച് ചരിത്രം സൃഷ്ടിച്ചവയും വളരെ മഹത്വമേറിയവയുമാണു്. ഏതത്സംബന്ധമായ കൂടുതൽ ചരിത്രവിവരങ്ങൾ ഈയിടെ പ്രസിദ്ധീകൃതമായിട്ടുള്ള "കേരളമരിയതീർത്ഥങ്ങൾ" എന്ന ഗ്രന്ഥംവഴിയോ മററുവിധമോ വിശദമായി അറിയാൻ കഴിയുന്നതാണു്.

## പുസ്തകാഭിപ്രായം

### ശ്രീ വർഗ്ഗീസ് മാളിയേക്കലിൻെറ മൂന്നു ഗാനകൃതികൾ

### 1. താരും തളിരും

(പ്രസാധകർ: നിർമ്മലാ പബ്ളിക്കേഷൻസ്, തിരുമുടിക്കുന്നു, കൊരട്ടി. വില 4ണ.)

ഒരു നലംതികഞ്ഞ ഗാനകൃത്തു് എന്നു ഇതിനകം പ്രശസ്തിനേടിക്കഴിഞ്ഞിട്ടുള്ള ശ്രീ മാളിയേക്കൽ വിദ്യാർത്ഥിനീ വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി പലേ അവസരങ്ങളിൽ രചിച്ചിട്ടുള്ള ഈശ്വരപ്രാർത്ഥന, സ്വാഗതഗാനം, അഭിനയഗാനങ്ങൾ, ദേശീയഗാനങ്ങൾ മുതലായ 18 പാട്ടുകളുടെ ഒരു സമാഹാരമാണു് ഈ ഗ്രന്ഥത്തിൻെറ ഉള്ളടക്കം. നവീനരീതികളിൽ ലളിതമായും അവസരോചിതമായ വികാരസ്ഫുരണത്തോടുകൂടിയും ആരചിച്ചിട്ടുള്ള ഈ ഗാനങ്ങൾ സഹൃദയലോകത്തിനു ഏററം ആസ്വാദ്യജനകമായിരിക്കുമെന്നഭിപ്രായപ്പെടുന്നതിൽ ഞങ്ങൾക്കു സന്തോഷമുണ്ടു്. ഗ്രന്ഥകത്താവിനെ അനുമോദിക്കുകയും ഗ്രന്ഥത്തിനു പ്രചുരപ്രചാരം ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.

### 2. മാറൊലി

(പ്രസാധകർ: നിർമ്മലാ പബ്ളിക്കേഷൻസ്, തിരുമുടിക്കുന്നു, കൊരട്ടി. വില 2ണ.)

ദൈവമാതാവായ പരിശുദ്ധകന്യകമറിയത്തെ സംബന്ധിച്ച 14 ഗാനങ്ങളുടെ ഒരു സമാഹാരമാണു് മാറൊലി. മരിയഭക്തിപ്രചോദിതമായ ഈ ഗാനങ്ങൾ മിക്കതും 1954-ലെ മരിയൻജൂബിലിപ്രമാണിച്ചു ഗ്രന്ഥകാരൻ രചിച്ചു് അന്നത്തെ ആഘോഷപരിപാടികളിൽ ഉപയോഗിച്ചു പരീക്ഷണം കഴിച്ചിട്ടുള്ളതുമാണു്. അതുകൊണ്ടു് മരിയഭക്തക്കു പണ്ടേ പ്രിയംകരമായിത്തീന്നിട്ടുള്ള ഗാനമാധുരിയാണു് ഈ ചെറുഗ്രന്ഥം മാറൊലിക്കൊള്ളിക്കുന്നതു്. കേവലം തുച്ഛമായ വിലയ്ക്കു വില്പനയ്ക്കു തയാറാക്കിയിരിക്കുന്ന ഈ ഗാനകൃതിക്കു മരിയഭക്തരും ഗാനാഭിരുചിയുള്ളവരുമായ മഹ



ആഖ്യായിക



# ബറാബാസ്

അദ്ധ്യായം 11 [തുടർച്ച]

## "ഈ മലമുകളിലും ജെറുസലേമിൽപോലും ഇല്ല"

[വി. സി. ജോർജ് ബി. എ. എൽ. റ്റി]

ആഗതരെ പാളയത്തിലുള്ളവർ കണ്ടുകഴിഞ്ഞു. ഒട്ടുവളരെപ്പേർ അവരെ സമീപിച്ചു; ഒരുവിധം ഒച്ചപ്പാടോടുകൂടി അവർ ബറാബാസിനേയും എസ്രായേയും അഭിവാദ്യം ചെയ്തു.

"ജോയൽ എവിടെ?" ആരവം കുറഞ്ഞപ്പോൾ ബറാബാസ് ചോദിച്ചു.

അടുത്തുനിന്ന ഒരനുയായിയോടായിരുന്നു ഈ ചോദ്യം. അയാൾ കുറച്ചൊന്നു അമ്പരന്നു് ഉത്തരം നൽകി:

"പാളയത്തിലാണ്. ഒരു ചില്ലറ വഴക്കുണ്ടായി. ജോയൽ ആ കാര്യം പറയുമായിരിക്കും."

അയാളുടെ ശബ്ദത്തിൽ അല്പം അനാദരം ചേർന്നിരുന്നു. ബറാബാസ് മഗ്ദാലായിൽനിന്നു തിരിച്ചുവന്നപ്പോൾ സമറായക്കെതിരായി ഒരു ചെറുസംഘത്തെ നയിച്ച് ആടുകളെ പിടിച്ചുകൊണ്ടു വന്നതു് ജോയൽ ആയിരുന്നു. അവന്റെ ചുണയും ധൈര്യവും കണ്ടു് സംതൃപ്തനായ ബറാബാസ് ജോയലിനെ സ്വന്തം അസാന്നിദ്ധ്യത്തിൽ പാളയത്തിലെ ഭരണഭാരം ഏല്പിച്ചിരുന്നു.

"വഴക്കു്? എന്തുവഴക്കു്? ആരോടു്?"

"സമറായരോടു്. അവർ ജോയലിന്റെ ആജ്ഞ ധിക്കരിച്ചു; പാളയത്തിൽനിന്നു പോയി."

"എവിടേക്കു് പോയി?"

"ഉപേക്ഷിച്ചുപോയി. സമാറിയായിലേക്കുതന്നെ. പോയിട്ടു് ഇന്നു അഞ്ചു ദിവസമായി. അവർ അവരുടെ ആയുധങ്ങളും അവരെ ഏല്പിച്ചിരുന്ന മൃഗങ്ങളും കൊണ്ടാണു കടന്നുകളഞ്ഞതു്."

ബറാബാസിന്റെ മുഖത്തു വർണ്ണഭേദം ഉണ്ടായി. ദന്തങ്ങൾ അധോഷ്ഠത്തിൽ തുളഞ്ഞുകയറി.

"നീ തടിപോലെ നിന്നു പറയുന്നു, സാരമില്ലാത്ത ഭാവത്തിൽ, മറയാ" ബറാബാസിന്റെ സവാരിമൃഗത്തിൽ നിന്നകന്നായിരുന്നു ആ അനുയായി നിന്നിരുന്നതു്. ബറാബാസ് പര്യാണത്തിൽനിന്നു ചാടിയിറങ്ങി. കടിഞ്ഞാൺ അനുചരന്മാരിലൊരുവനെ ഏല്പിച്ചിട്ടു അതിദ്രുതം മുന്നോട്ടു നടന്നു. മുമ്പു് സംസാരിച്ചയാളും തത്രപ്പെട്ടു കൂടെയെത്തി.

"പരമാർത്ഥം പറഞ്ഞാൽ അവർ പോയതിൽ ഞങ്ങൾക്കെല്ലാവർക്കും സന്തോഷമേയുള്ളു. ആ പുറജാതികളെല്ലാം പോയതു നന്നായി. അവർക്കു വിശ്വാസികളോടൊപ്പമിരുന്നു ഭക്ഷിച്ചേ കഴിയൂ. ജോയലിനെ കുറ്റം പറഞ്ഞിട്ടു കാര്യമില്ലാ പാളയത്തിലെ ഇസ്രായേല്യരെല്ലാവരുടേയും താല്പര്യപ്രകാരമാണു് അയാൾ പ്രവർത്തിച്ചതു്."

ബറാബാസ് ഉത്തരമൊന്നും അയാളോടു പറഞ്ഞില്ല. എന്നാലും നേതാവിന്റെ നോട്ടം അയാളുടെ വായടച്ചു. പാളയത്തിലേക്കുള്ള പ്രവേശനദ്വാരത്തിങ്കൽ, രണ്ടു പാറകളുടെ മദ്ധ്യേയുള്ള ഇടുങ്ങിയ വഴിയിൽ തിങ്ങിക്കൂടിയ ഏതാനും ആളുകളുടെ മുമ്പനായി ജോയൽ നിൽക്കുന്നുണ്ടായിരുന്നു. ആ യുവാവു് അനാദരഭാവത്തിൽ ബറാബാസിനെ നോക്കിയെങ്കിലും കൈയുയർത്തി മുറപ്രകാരമുള്ള അഭിവാദനം നിർവ്വഹിക്കുകയും മറ്റുള്ളവർ അതിൽ യോജിക്കുകയും ചെയ്തു.

"ജോയൽ, എന്നെ സ്വീകരിക്കുവാൻ തനിക്കുത്ര തിടുക്കമില്ലാത്തതുപോലെ തോന്നുന്നു," ശാന്തഭാവം നടിച്ചുകൊണ്ടു് ബറാബാസ് പറഞ്ഞു; "ഞാൻ പാളയത്തിലില്ലാതിരുന്ന അവസരത്തിലെ സംഭവങ്ങൾ മറ്റുള്ളവർ എന്നെ അറിയിക്കുന്നതാണു് നിനക്കിഷ്ടം, അല്ലേ?"

ജോയൽ തെല്ലൊന്നു പ്രചലിച്ചു; "എന്റെ കുറ്റമല്ലാ. വരേണ്ടതു് വന്നുവെന്നേയുള്ളു. ആ സമറായപട്ടികളെ നാം സ്വീകരിക്കരുതായിരുന്നു."

"ആഹാ, അതാണോ നിന്റെ അഭിപ്രായം? നാം, അതായതു് ഞാൻ അവരെ സ്വീകരിക്കരുതായിരുന്നു എന്നാണു് നീ പറയുന്നതു്. എന്റെ തീരുമാനം തെറ്റിപ്പോയിയെന്നു് വിധി പറയുവാൻ നീ ഉനിയുന്നു, അല്ലേ? ഞാൻ ഇവിടെ ഇല്ലാതിരുന്നപ്പോൾ നീ എന്റെ ഏററവും നല്ല—അതെ ഏററവും നല്ല ആൾക്കാരെ ഓടിച്ചുകളഞ്ഞിട്ടു് എന്തു പറയുന്നു? ഇതിന്റെ ഫലമെന്തെന്നറിയാമോ?"

ജോയലും മറ്റുള്ളവരും നിശ്ശബ്ദരായി നിലകൊണ്ടു. "ഞാൻ പറയാം. ഈ വേനൽക്കാലത്തു നമുക്കു സമരം തുടങ്ങുവാൻ സാധിക്കുകയില്ല. നമുക്കു അതിനാവശ്യമായ ശക്തിയില്ല. ആളുകളും ആയുധങ്ങളും വളംപോലെ ശേഖരിക്കേണ്ടതാവശ്യമാണെന്നു മറയന്മാരേ, നിങ്ങൾക്കറിഞ്ഞുകൂടേ?" ഇത്രയും സംസാരിച്ചിട്ടു് ബറാബാസ് ജോയലിന്റെ നേരെ തിരിഞ്ഞു; "പട്ടികളെന്നോ, നീ പറഞ്ഞതു്? സമറായപട്ടികൾ? പട്ടിച്ചിയുടെ പുത്രനായ നീ നിന്റെ സ്വന്തകാര്യം പറയുകയാണോ?"

ഒരു വളിച്ച ചിരിയായിരുന്നു ജോയലിന്റെ സമാധാനം.

ബറാബാസിന്റെ മുഷ്ടി ഉത്തരക്ഷണത്തിൽ പാഞ്ഞു് ആ ചെറുപ്പക്കാരന്റെ കണ്ണുകൾക്കു മദ്ധ്യേ ആഞ്ഞിടിച്ചു യാതൊരു ശബ്ദവും പുറപ്പെടുവിക്കാതെ ജോയൽ നിലം പതിച്ചു. തനിക്കഭിമുഖമായി നിന്ന മറ്റുള്ളവരെ ബദ്ധമുഷ്ടിയായ ബറാബാസ് ഉറ്റുനോക്കി. കോപസൂചകമായുണ്ടായ ഒരു മർമ്മരധ്വനി പെട്ടെന്നു ശമിച്ചു. നേതാവിന്റെ ദൃഷ്ടിക്കു വിഷയീഭവിച്ചതോടുകൂടി ആൾക്കാരെല്ലാം ചുളുങ്ങി.

ബോധരഹിതനായി കിടന്ന ജോയലിനെ നോക്കി "അവനെ അവന്റെ കൂടാരത്തിലേക്കു കൊണ്ടുപോകുവിൻ. ഇപ്പോൾ മുതൽ ഞാൻ സ്ഥലത്തില്ലാതിരിക്കുമ്പോൾ യൂദാ ആയിരിക്കും പാളയത്തിൽ തലവൻ."

വീണ്ടുമൊരുവാക്കും ശബ്ദിക്കാതെ പാറകൾക്കിടയിലായി പാളയത്തിനുള്ളിലേക്കു കിടന്ന ഇടുങ്ങിയവഴിയിൽക്കൂടി ബറാബാസ് നടന്നുപോയി എസ്രാ കൂട്ടുകാരന്റെ തോളിൽ താങ്ങി വളരെ സാവധാനത്തിൽ അകത്തേക്കു കടന്നു. ജോയലിനെ ആളുകൾ കൂടി എടുത്തുകൊണ്ടു പോകുകയും ചെയ്തു.

വിശ്വസ്തരായ ചില അനുയായികളെ തന്റെ പാർപ്പിടമായ ഗുഹയിലേക്കു ക്ഷണിച്ചു് അവരിൽനിന്നു ഇസ്രായേല്യരും സമറായരും തമ്മിൽ നടന്ന വഴക്കിന്റെ വിവരങ്ങൾ ബറാബാസ് ഗ്രഹിച്ചു. സമറായരോടുള്ള വർത്തനത്തിൽ തന്റെ അനുയായികൾ അവരുടെ പാരമ്പര്യം അനുസരിച്ചാണു് പ്രവർത്തിച്ചതെന്നു അയാൾക്കു മനസ്സിലായി. പാളയത്തിലെ ഇസ്രായേല്യരിൽ ഭൂരിപക്ഷം തങ്ങളെ പുറജാതികളും അശുദ്ധജീവികളുമായി കരുതിയതു നിമിത്തമായിരുന്നു സമറായർക്കു പരിഭവം തോന്നിയതു് എന്നും അറിഞ്ഞു. (തുടരും)


---

ത്തുകൾ തീവ്രമായ സ്വാഗതമരുളുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു

## 3. മണിവീണ

(പ്രസാധകർ: നിർമ്മലാ പബ്ളിഷേഴ്സ്, തിരുമുടിക്കുന്നു, കൊരട്ടി. വില 4ണ.)

"ഒരു മുറ പാടുവോനിരുമുറ ജപിക്ക"യാണെന്നുള്ള ആപ്തവാക്യം ഭക്തഗാനങ്ങളെ സംബന്ധിച്ചു അനുഭവവേദ്യമായ ഒരു വസ്തുതയാണു്. ആരാധന, പ്രാർത്ഥന മുതലായ ഭക്തപരിപാടികൾ ഭക്തിദ്യോതകമായ ഗാനങ്ങളുടെ സഹായത്തോടെ നടത്തപ്പെടുന്നതായാൽ അവ എത്ര കൂടുതൽ ഫലദായകങ്ങളായിരിക്കുമെന്നു പ്രത്യേകം പറയേണ്ട ആവശ്യമില്ല. എന്നാൽ അഭിനവഗാനങ്ങൾ തെരഞ്ഞെടുക്കുന്നതിൽ ദയനീയമായ പാകപ്പിഴകൾ വന്നുകൂടുന്നുണ്ടു് എന്നു പറയാതെ തരമില്ല. ഗാനങ്ങൾക്കു സ്വീകരിക്കപ്പെടുന്ന രീതി ഏതൊരു ഭക്തകൃത്യത്തിൽ ആ ഗാനമുപയോഗിക്കപ്പെടുന്നുവോ അതിനു പററിയതായിരിക്കണം. ചലച്ചിത്രവേദികളിൽ മാറെറാലിക്കൊള്ളുന്ന ഏതു നവീനരീതിയും നവീനത്വത്തിന്റെ പേരിൽ കണ്ണടച്ചുസ്വീകരിക്കുന്നതും, പ്രത്യേകിച്ചും ദേവാലയകർമ്മങ്ങൾക്കിടയിലും മററും അവ വിവേചനകൂടാതെ ഉപയോഗിക്കുന്നതും നിശ്ശേഷം നിരുത്സാഹപ്പെടുത്തപ്പെടേണ്ടതാണു്. "മണിവീണ" ഒരു ഭക്തഗാനസഞ്ചയമായതുകൊണ്ടു പ്രാസംഗികമായി ഈ വസ്തുതയെ ഇവിടെ അനുസ്മരിച്ചതാണു്. എന്നാൽ ഈ വിമർശനം പ്രായേണ ഒരു ഗാനകൃതിയെയല്ല സ്പർശിക്കുന്നതു്, പ്രത്യുത അതുപയോഗിക്കുന്നവരെയാണു്. ഭക്തഗാനങ്ങൾ രചിക്കുന്ന കവികൾ ഹൃദയാവർജ്ജകങ്ങളായ വികാരങ്ങളെ ഉല്പാദിപ്പിക്കുന്നതിനു പററുന്ന സന്ദർഭോചിതമായ രീതികൾ സ്വീകരിക്കുന്നു. അതവരുടെ കലാബോധത്തിന്റെ പ്രകാശനമാണു്. പക്ഷെ അതു് ഏതവസരത്തിൽ ഉപയോഗിക്കണമെന്നു തീരുമാനിക്കേണ്ടതു അതു കൈകാര്യം ചെയ്യുന്നവരാണു്. 20 ഗാനങ്ങൾ മീട്ടാവുന്ന ഉപകരണമാണു് മണിവീണ. ഗാനങ്ങളുടെ മേന്മ ഗ്രന്ഥത്തിന്റെ ആദ്യപതിപ്പിനു ലഭിച്ച സ്വാഗതത്തിൽനിന്നുതന്നെ സ്പഷ്ടമാണു്. മണിവീണയുടെ മനോഹരമായ മേളം മാനവഹൃദയങ്ങളെ ജഗന്നിയന്താവിങ്കലേക്കുയർത്തുന്നതിനു നിതരാം സഹായകമാകട്ടെ. (J. P. V.)




# "ക്രിസ്തുവിന്റെ ഗ്രന്ഥശേഖരം"

(ഫാദർ ജേക്കബ് മാഞ്ഞൂരാൻ ബി. എ.)

ടൊറൻടോയിലെ മെത്രാപ്പോലീത്തയായ മക്കീഗാൻ "പുതിയ നിയമ"ത്തെ "ക്രിസ്തുവിന്റെ ഗ്രന്ഥശേഖര"മെന്നാണു് അഭിസംബോധനം ചെയ്യുന്നതു്. മനുഷ്യനിർമ്മിതമായ ഏററവും വലിയ ഗ്രന്ഥശേഖരത്തേക്കാൾ വിലമതിക്കപ്പെടേണ്ട ഗ്രന്ഥശേഖരമാണു് പുതിയ നിയമമെന്നാണു് അദ്ദേഹത്തിന്റെ അഭിമതം. പുതിയ നിയമം ഏതാണ്ടു് രണ്ടായിരംകൊല്ലം പഴക്കംചെന്നിട്ടും ഇന്നും പുതിയതുതന്നെ. ജി. കെ. ചെസ്റ്റർട്ടൺ സരസമായി അതേപ്പററി പറഞ്ഞിട്ടുണ്ടു്: "ലോകം പഴതായി വരുന്തോറും പുതിയ നിയമം പുതുതായിവരുന്നു." അതിലെ ദിവ്യദൗത്യം എല്ലാ നൂററാണ്ടുകളിലേയും, എല്ലാ രാജ്യങ്ങളിലേയും, എല്ലാ സ്ത്രീപുരുഷന്മാർക്കുവേണ്ടിയുമുള്ള സത്യത്തിന്റെയും സ്നേഹത്തിന്റെയും അനശ്വരജീവിതത്തിന്റെയും സന്ദേശമാണു്. പുതിയ നിയമം, "ന്യൂ ടെസ്റ്റമെൻറു്" എന്നാണല്ലോ ഇംഗ്ലീഷിൽ അറിയപ്പെടുന്നതു്. "ടെസ്റ്റമെൻറു്" എന്നുവെച്ചാൽ വാഗ്ദത്തപത്രം എന്നാണർത്ഥം. അനശ്വരജീവിതത്തിലെ ദൈവികസമ്പത്തിനു മുഴുവനും നമ്മെ അവകാശികളാക്കുന്ന ക്രിസ്തുവിന്റെ അവസാനത്തെ വാഗ്ദത്തപത്രമാണിതു്. ദൈവവും മനുഷ്യനും തമ്മിലുള്ള ഒരു പുതിയ കരാർ.

പുതിയ നിയമത്തിൽ സുവിശേഷങ്ങളാണല്ലോ ഏററവും അധികം പ്രാധാന്യമർഹിക്കുന്നവ. സുവിശേഷങ്ങളെ ഇംഗ്ലീഷിൽ "ഗോസ്പൽസ്"(Gospels) എന്നാണു് നാമകരണം ചെയ്തിരിക്കുന്നതു്. Gospels എന്നുവെച്ചാൽ God + spel അതായതു് God + story— ദൈവത്തിന്റെ കഥ എന്നും Good + story—നല്ല കഥ അല്ലെങ്കിൽ സുവിശേഷമെന്നും രണ്ടുവിധത്തിൽ വ്യാഖ്യാനിക്കാം. രണ്ടു വ്യാഖ്യാനങ്ങളും പ്രകൃതത്തിൽ യോജിച്ചതാണു്. യേശുക്രിസ്തുവിന്റെ പരിഹാരമരണം വഴിയായി മനുഷ്യകുലത്തിന്റെ രക്ഷയെ പ്രഖ്യാപനം ചെയ്യുന്ന സുവാർത്തയാണു സുവിശേഷങ്ങളുടെ ഉള്ളടക്കം. നാലു സുവിശേഷങ്ങളും ദൈവനിവേശിതങ്ങളാണു്. അവ നാലും ഒരു ദൈവകഥയുടെ (Godstory) നാലു വ്യത്യസ്തരീതിയിലുള്ള വിവരണങ്ങളാണെന്ന ഒരു വ്യത്യാസമേയുള്ളു. ദൈവപുത്രനും മനുഷ്യകുലരക്ഷകനുമായ ഈശോമിശിഹായുടെ ജീവിതത്തേയും പ്രവർത്തനങ്ങളേയും ഉൾക്കൊള്ളിച്ചിട്ടുള്ള വിശിഷ്ട കഥ — സുവിശേഷം.

പുതിയ നിയമത്തെ ഒററ ഗ്രന്ഥമായി നാം പരിഗണിക്കുന്നുണ്ടെങ്കിലും അതിൽ ഇരുപത്തേഴു പുസ്തകങ്ങൾ അടങ്ങിയിട്ടുണ്ടു്. അവയിൽ ചിലവ ദൈർഘ്യമേറിയവയും മററുചിലവ ചുരുക്കംചില പേജുകൾ മാത്രമുള്ളവയുമാകുന്നു. എന്നിരുന്നാലും എല്ലാ പുസ്തകങ്ങളുടേയും കർത്താവും കഥാസാരവും ഒന്നായതുകൊണ്ടു് എല്ലാ പുസ്തകങ്ങളേയും ഒരുമിച്ചു ചേർത്തു "പുതിയ നിയമം" എന്ന ഒററ ഗ്രന്ഥമായി പരിഗണിക്കുകയും അഭിസംബോധനം ചെയ്യുകയും ചെയ്തിരിക്കുന്നതു ഔചിത്യപൂർവ്വകമായിട്ടുണ്ടു്. എല്ലാ പുസ്തകങ്ങളുടേയും പ്രധാനകർത്താവു ദൈവമാണു്. ഇവയുടെ കർത്താക്കളായി അറിയപ്പെടുന്നവരെ ദൈവത്തിന്റെ കരത്തിലിരിക്കുന്ന പേനകൾക്കു സമമായിട്ടുമാത്രം പരിഗണിച്ചാൽ മതി. അവർ ദൈവനിവേശിതരായി ദൈവപുത്രനായ യേശുക്രിസ്തുവിന്റെ ലോകോദ്ധാരണകഥയെ ഇതിവൃത്തമാക്കി നാലു സുവിശേഷങ്ങളെഴുതി. യേശുക്രിസ്തുവിന്റെ രക്ഷാകരജീവിതം, മരണം, ഉത്ഥാനം, അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ, അദ്ദേഹത്തിന്റെ സഭാസ്ഥാപനത്തിന്റെ ചരിത്രം ഇവയാണു് എല്ലാ പുസ്തകങ്ങളുടേയും പ്രതിപാദ്യവിഷയം. ദൈവം നിവേശിച്ചതു മാത്രമാണു് വി. ലിഖിതാക്കൾ എഴുതിയിട്ടുള്ളതു്. അതുകൊണ്ടു് ദൈവത്തിന്റെ അനന്തമായ സത്യസന്ധതയും അപ്രമാദിത്വവും ഈ ഗ്രന്ഥത്തിന്റെ സത്യസന്ധത ഉറപ്പുനൽകുന്നു. പുതിയ നിയമത്തിലെ പ്രധാന പുസ്തകങ്ങളെപ്പററിയുള്ള ഒരു വിഹഗവീക്ഷണം പിന്നീടൊരിക്കൽ.

---

(12-ാംപേജ് തുടർച്ച)

പ്പോഴും അവനെ തല്ലാനും കണ്ണിൽ മുളകെഴുതാനും കാലിൽ ചട്ടകം പഴുപ്പിച്ചുവെക്കാനും മാത്രമേ അറിഞ്ഞുകൂടു എന്നു തോന്നുന്നു. ഏതായാലും ഒരു തെററുകാരനായ കുട്ടിയും, അവനെ പിച്ചിച്ചീന്തിക്കീറാനൊരുങ്ങിയിരിക്കുന്ന രക്ഷാകർത്താക്കളുംനിമിത്തം അടുത്തു അയൽപക്കത്തുള്ള അനേകംപേർക്കു് സ്വൈര്യജീവിതം നഷ്ടമായിരിക്കയാണു്.

നിങ്ങളിലാരെങ്കിലും ഒരു തെററുപോലും ചെയ്യുന്നുണ്ടോ? തെററുകൾ ചെയ്യരുതേ! ശിക്ഷകൾ ഏല്ക്കാൻ ഒരിക്കലും അവസരമുണ്ടാക്കാതിരിക്കണം. ശിക്ഷയേൽക്കുന്നതുകൊണ്ടു് നിങ്ങൾ മാത്രമല്ല വേദന അനുഭവിക്കേണ്ടിവരുന്നതു്. അതു് അടുത്തുള്ള മനുഷ്യർക്കൊക്കെ ഏല്പിക്കുന്ന ഒരു ശിക്ഷയായിത്തീരും.

സുന്ദരമായ പ്രകൃതിയിൽ നിങ്ങളുടെ ഒരു ചീത്തപെരുമാററം വലിയ നരകം ഉണ്ടാക്കുമെന്നോർമ്മിക്കുക. കൈകൾകൊണ്ടു് സൽക്കർമ്മങ്ങൾമാത്രം ചെയ്യുക. നാവുകൊണ്ടു് നല്ല വാക്കുകൾ ഉച്ചരിക്കുക. കണ്ണുകൾകൊണ്ടു് നല്ലവമാത്രം കാണുക. ചെവികൾകൊണ്ടു് നല്ലതു മാത്രം കേൾക്കുക. ഒരു ചീത്ത കുട്ടിയെ എല്ലാവരും വെറുക്കയേ ഉള്ളു. അവനു് ജീവിതസുഖം വേണ്ടപോലെ ആസ്വദിക്കാനവസരം തുലോം കുറവാണു്. നിങ്ങളാരും കൊച്ചുകാതരിനെപ്പോലൊരു ഒച്ചയുണ്ടാക്കുന്ന ചെണ്ടയാകരുതെന്നു് ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

സ്നേഹപൂർവ്വം നിങ്ങളുടെ
സ്വന്തം കുഞ്ഞമ്മാവൻ

വിമർശനവീഥി

# കള്ളപ്രമാണങ്ങൾ

(പി. ടി. ചെറിയാൻ)

(തുടർച്ച)

ഇവിടെ തക്കവിഷയം മാർപ്പാപ്പാക്കു അപ്രമാദിത്വമുണ്ടോ എന്നതല്ലാ, അപ്രമാദിത്വം ഒരു വിശ്വാസസത്യമായി വത്തിക്കാൻ സൂനഹദോസ് പ്രഖ്യാപിക്കണമോ എന്നതായിരുന്നു, എന്നുള്ള വസ്തുത പ്രത്യേകം സ്മരിക്കേണ്ടതുണ്ട്. ഞാൻ ആദ്യം പറഞ്ഞതുപോലെ, ജോസഫ് ഡിമെയിസ്റ്ററെപ്പോലെയുള്ള ഒരു അൽമേനി മാർപ്പാപ്പായുടെ അപ്രമാദിത്വത്തെ പിന്താങ്ങി ഗ്രന്ഥങ്ങളെഴുതണമെങ്കിൽ, അപ്രമാദിത്വത്തിലുള്ള വിശ്വാസം സാമാന്യജനങ്ങളിൽ പോലും ദൃഢമൂലമായിരിക്കണമല്ലോ. സൂനഹദോസിലെ തക്കം അപ്രമാദിത്വപ്രഖ്യാപനത്തിനു അനുകൂലമായ കാലത്തെപ്പററിയായിരുന്നെങ്കിലും, സ്വപക്ഷസ്ഥാപന കുതുകികളായ പ്രസംഗകന്മാർ ചിലപ്പോൾ അതിത്തി കടന്നു അപ്രമാദിത്വത്തെത്തന്നെ ആക്രമിക്കുന്നതിനു പോലും മടിച്ചിട്ടില്ല. സ്ട്രോസ്‌മേയറുടെ പ്രസംഗം അത്തരത്തിലുള്ള ഒന്നായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗം പ്രോട്ടസ്റ്റൻറു മതത്തെ അനുകൂലിക്കുന്നതാണെന്നു ഒരു പ്രതീതി ഉണ്ടാകുവാൻ കാരണം അതാണ്.

നക്കൽ ഡിക്രിയെപ്പററിയുള്ള പൊതുവോട്ടിങ്ങ് 1870 ജൂലൈ 13-ാംനു-യാണു നടന്നതു്. 601 പിതാക്കന്മാർ ഇതിൽ പങ്കെടുത്തു. 451 പേർ അനുകൂലിച്ചും 62 പേർ സോപാധികം അനുകൂലിച്ചും 88 പേർ പ്രതികൂലിച്ചും വോട്ടുചെയ്തു. അങ്ങനെ സൂനഹദോസിൽ തന്നെ അപ്രമാദിത്വം അദ്ധ്യവസാനം ചെയ്യണമെന്നു സൂനഹദോസ് മഹാഭൂരിപക്ഷത്തോടെ നിശ്ചയിച്ചു. ആകയാൽ ഡിക്രി തന്നെ 1870 ജൂലൈ 18-ാംനു- വോട്ടിനിട്ടു. സെൻറു പീറേറഴ്സ് ബസിലിക്കയിൽ, മാർപ്പാപ്പായുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിലാണ വോട്ടിങ്ങ് നടന്നതു്. 435 പേർ സന്നിഹിതരായിരുന്നതിൽ 433 പേരും ഡിക്രിയെ അനുകൂലിച്ചു വോട്ടുചെയ്തു. എതിത്ത രണ്ടുപേർ ഇററലിയിൽ കജാസോയിലെ മെത്രാനും ആരക്കൻസാസിലെ മെത്രാനുമായിരുന്നു. ആകയാൽ സ്ട്രോസ്‌മേയർ മെത്രാൻ ഡിക്രിയെ എതിത്തു വോട്ടു ചെയ്തില്ലായെന്നു സ്പഷ്ടമാണല്ലോ.

ഈ പശ്ചാത്തലത്തിൽ മാർനർസൈക്കാരുടെ കള്ളപ്രമാണങ്ങളെ ഒന്നു പരിശോധിക്കുന്നതു രസകരമായിരിക്കും. "വത്തിക്കാൻ കൗൺസിലിന്റെ 85-ാം പൊതുസമ്മേളനത്തിൽ പാപ്പായുടെ അപ്രമാദിത്വത്തിനെതിരായി അഭിപ്രായം രേഖപ്പെടുത്തിയ ഏററവും പ്രമുഖരായ വ്യക്തികളിൽ ഒരാളായിട്ടാണ സ്ട്രോസ്‌മേയർ മെത്രാനെ അവർ ഹാജരാക്കുന്നതു്. വായിക്കുന്നവർ, അപ്രമാദിത്വത്തിനു് എതിരായി വോട്ടു ചെയ്തു എന്നു ധരിക്കണമെന്നും, ആരെങ്കിലും എതിത്താൽ അങ്ങനെ പറഞ്ഞിട്ടില്ലായെന്നു പറഞ്ഞു ഒഴിയണമെന്നുമാണ് അവരുടെ ഉദ്ദേശ്യമെന്നു തോന്നുന്നു. അവർ ഏററവും വലിയ ആധാരമായി ഹാജരാക്കുന്ന കാത്തലിക് എൻസൈക്ലോപീഡിയാ ഇങ്ങനെയേ പറയുന്നുള്ളു. "In the Vatican Council he was one of the most notable opponents of Papal infallibility, and distinguished himself as a speaker." ഈ ഇംഗ്ലീഷ്‌വാചകത്തെ "വത്തിക്കാൻകൗൺസിലിൽ പാപ്പായുടെ അപ്രമാദിത്വത്തെ ശക്തിയുക്തം എതിത്ത പ്രഖ്യാതവിമർശകന്മാരിൽ ഒരാളായിരുന്ന അദ്ദേഹം അന്നു ഒരു വാഗ്മി എന്ന നിലയിൽ പ്രശസ്തനായിത്തീന്നു." എന്നു മാർനർസൈക്കാർ തർജ്ജിമ ചെയ്തിരിക്കുന്നു.

സ്ട്രോസ്‌മേയർ മെത്രാന്റെ "മഹനീയവ്യക്തിത്വ"ത്തെ കാണിക്കുവാൻ കാത്തലിക് എൻസൈക്ലോപീഡിയായെ ആശ്രയിച്ചവർ ക്ഷന്തവ്യമല്ലാത്ത ഒരു കൃത്രിമവും വഞ്ചനയും കാണിച്ചതിലാണ് എനിക്കു ആക്ഷേപമുള്ളതു്. "ഞങ്ങൾക്കു ചെയ്യാവുന്ന ഏതു വിമർശനത്തെക്കാളും അധികം, ഒരു കത്തോലിക്കനായ ക്ലെമൻസ് ലോഫർ എഴുതിയതും കത്തോലിക്കഗ്രന്ഥപരിശോധകന്മാരാൽ അംഗീകരിക്കപ്പെട്ടതുമായ അദ്ദേഹത്തിന്റെ ജീവചരിത്രസംക്ഷേപംതന്നെ, പ്രസ്പഷ്ടമായി പ്രഖ്യാപനം ചെയ്യുന്നവയാണ്" എന്നു പറഞ്ഞുകൊണ്ടു ഏതാനും വാചകങ്ങൾ അവർ ഉദ്ധരിക്കുന്നു. "അദ്ദേഹം പ്രോട്ടസ്റ്റൻറുമതത്തെപ്പററി മണ്ഡനപരമായി ചെയ്ത ഒരു പ്രസംഗം എന്തെന്നില്ലാത്ത ഒരു പ്രക്ഷോഭണമുളവാക്കി" എന്ന വാചകത്തോടുകൂടി എൻസൈക്ലോപീഡിയായിൽനിന്നുള്ള ഉദ്ധരണം അവസാനിപ്പിച്ചിരിക്കുന്നു.

കത്തോലിക്കനായ ക്ലെമൻസ് ലോഫർ ഇത്രമാത്രമേ സ്ട്രോസ്‌മേയറെപ്പററി എഴുതിയിട്ടുള്ളോ? അല്ല. വേറെയും ചിലതുണ്ട്. "അതെല്ലാം ഞങ്ങളെന്തിനു് ഉദ്ധരിക്കുന്നു"മെന്നു പറഞ്ഞു "മാർനർസൈ"ക്കാക്കു ഒഴിയുക സാദ്ധ്യമല്ല. എന്തെന്നാൽ അവരുടെ പ്രവൃത്തി കടുത്ത വഞ്ചനയും കള്ളത്തരവുമാണെന്നു വിളംബരം ചെയ്യുന്നതാണ് അവർ ഉദ്ധരിച്ചതിനു തൊട്ടടുത്തുള്ള വാചകം. ഇതാണ ആ വാചകം "Afterwards another speech, delivered apparently on 2nd June 1870, was imputed to him. It is full of heresies and denies not only infallibility but also the Primacy of the Pope. The forger is said to have been a former Augustinian, a Mexican named Dr. Jose Augustin de Escudero." പിൽക്കാലത്തു്, 1870 ജൂൺ 2-ാംനു- ചെയ്തതായി ഭാവിക്കപ്പെടുന്ന ഒരു പ്രസംഗം, സ്ട്രോസ്‌മേയറിന്റെ പേരിനോടു ഘടിപ്പിക്കപ്പെട്ടു; അതിൽ വളരെയധികം പാഷണ്ഡതകൾ അടങ്ങിയിട്ടുണ്ട്; അപ്രമാദിത്വം മാത്രമല്ലാ, പാപ്പായുടെ പരമാധികാരംപോലും അതിൽ നിഷേധിച്ചിരിക്കുന്നു; അഗസ്റ്റീനിയൻ സന്യാസസഭയിൽനിന്നു ബഹിഷ്കൃതനായ, മെക്സിക്കോക്കാരൻ ഒരു ഡോക്ടർ ജോസ് അഗസ്റ്റിൻ ഡി എസ്കുഡെറാ ആണ ഇതു വ്യാജമായി നിമ്മിച്ചതു്. മാർനർസൈക്കാർ പ്രമാണഗ്രന്ഥമായി അവലംബിച്ചിരിക്കുന്ന എൻസൈക്ലോപീഡിയായിൽ നിന്നു ഈ വാചകം വായിച്ചതിനു ശേഷമാണ്, അതിൽ പറയുന്ന ആ കള്ളരേഖതന്നെ സ്ട്രോസ്‌മേയറുടെ പ്രസംഗമാക്കി മാർനർസൈക്കാർ ഇംഗ്ലീഷിലും മലയാളത്തിലും അച്ചടിച്ചു വിട്ടിരിക്കുന്നതു്. ഈ കള്ളത്തരത്തിനു ക്ലെമൻസ്‌ലോഫറെ സാക്ഷിനിത്തുകയും ചെയ്തിരിക്കുന്നു

മാർനർസൈക്കാർ ഹാജരാക്കുന്ന ഈ കള്ളപ്രമാണം സ്ട്രോസ്‌മെയർ ചെയ്ത പ്രസംഗമല്ലെന്നു ക്ലെമൻസ് ലോഫർ മാത്രമല്ലാ പറഞ്ഞിരിക്കുന്നതു്. എൻസൈക്ലോപീഡിയായിൽ വത്തിക്കാൻ കൗൺസിലിനെപ്പററി ജെ. എം. കോൻറാഡ് കിർച്ച് എഴുതിയിട്ടുള്ള ലേഖനത്തിൽ (വാല്യം 15) ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: "On the other hand the conciliar speech published under the name of Bishop Strossmayer is a forgery perpetrated by an apostate Augustinian monk from Mexico, Jose Agostino de Escudero, who was then in Italy (cf. Granderath-Kirch, III, 189). വത്തിക്കാൻ കൗൺസിലിന്റെ കാലത്തു് ഇററലിയിൽ ഉണ്ടായിരുന്ന, മതത്യാഗിയായ ഒരു മെക്സിക്കൻ ആഗസ്റ്റീനിയൻ സന്യാസ വൈദികൻ—ജോസ് അഗസ്റ്റിനോ ഡി എസ്കുഡെറോ—കൃത്രിമമായി ഉണ്ടാക്കിയതും, സ്ട്രോസ്‌മേയറുടെ പേരിൽ വ്യാജമായി പ്രസിദ്ധീകരിച്ചതുമാണ് വിവാദപ്രസംഗമെന്നു കൊൻറാഡ് കിർച്ച് അസന്നിഗ്ദ്ധമായി പ്രസ്താവിക്കുന്നു. എന്നിട്ടും 85 കൊല്ലങ്ങൾക്കുശേഷം തൃശ്ശൂരെ മാർ നർസൈക്കാരും അതു സ്ട്രോസ്‌മേയരുടെ പിടലിക്കു വെച്ചുകെട്ടുന്നു. ജോസ് അഗസ്റ്റീനോസ്സു പററിയ അനുഗാമികൾ തന്നെ!!

എൻസൈക്ലോപീഡിയായിലെ ഈ പ്രസ്താവങ്ങൾ തങ്ങൾ കണ്ടിട്ടില്ലെന്നു മാർനർസൈക്കാക്കു പറഞ്ഞൊഴിയുക സാദ്ധ്യമല്ല. അതു കണ്ടതിനുശേഷവും, കണ്ടില്ലെന്ന ഭാവത്തിൽ, ജോസ് അഗസ്റ്റിനോയുടെ കള്ളപ്രമാണത്തെ കെട്ടിച്ചുമന്നുകൊണ്ടു നടക്കുന്ന ഇവരുടെ ചരിത്രദാരിദ്ര്യത്തെപ്പററി നമുക്കു സഹതപിക്കുകയല്ലാതെ എന്തു ചെയ്യുവാൻകഴിയും. എൻസൈക്ലോപീഡിയാ, ഈ പ്രസംഗത്തെപ്പററി പ്രതികൂലമായി ഒന്നും പറയുന്നില്ലായെന്നു വായനക്കാർ തെററിദ്ധരിക്കത്തക്കവണ്ണം ഈ കള്ളപ്രമാണം അച്ചടിച്ചുവിട്ടതിലേ എനിക്കു പരാതിയുള്ളു. സ്ട്രോസ്‌മേയറുടെ പ്രസംഗത്തെ ആശ്രയിച്ചല്ലാ കത്തോലിക്കസഭ നിലകൊള്ളുന്നതു്. ഇത്തരം നൂറായിരം പ്രസംഗങ്ങൾ യഥാത്ഥത്തിൽ ഉണ്ടായിരുന്നാൽപോലും, കത്തോലിക്കസഭയുടെ നിലയ്ക്കു് അതുകൊണ്ടു യാതൊരു മാററവും വരുവാനും പോകുന്നില്ല.

സ്ട്രോസ്‌മേയർ മെത്രാനെ വായനക്കാക്കു പരിചയപ്പെടുത്തുന്നതിലും മാർ നർസൈക്കാർ വലിയ ഒരു കള്ളത്തരം കാണിച്ചിട്ടുണ്ട്. വത്തിക്കാൻ കൗൺസിലിൽ അപ്രമാദിത്വം സംബന്ധിച്ച നക്കൽ ഡിക്രി ചർച്ചയ്ക്കു വന്നപ്പോൾ അദ്ദേഹം അതിനെ എതിത്തു പ്രസംഗിച്ചുവെന്നതു ശരിയാണ്. പക്ഷേ സ്ട്രോസ്‌മേയർ അപ്രമാദിത്വം ഒരു വിശ്വാസസത്യമായി സ്വീകരിക്കുകയും, അപ്രമാദിത്വമുള്ള പാപ്പാധിപത്യത്തിന്റെ സേവനത്തിനുവേണ്ടി തന്റെ ശിഷ്ടായുസ്സു വിനിയോഗിക്കുകയുംചെയ്തു. എൻസൈക്ലോപീഡിയാ അതു വ്യക്തമായി പറയുന്നുണ്ട്. മാർ നർസൈക്കാർ അതു കണ്ടിട്ടുണ്ടെന്നുള്ളതിനു അവരുടെ ലഘുലേഖകൾതന്നെ തെളിവാണ്. എന്നിട്ടും അവരതു പ്രസ്താവിക്കുന്നില്ലെന്നു മാത്രമല്ല, അതിനു് എതിരായ ഒരു പ്രതീതി ജനിപ്പിക്കുവാൻ ക്ലേശിക്കുകയും ചെയ്തിരിക്കുന്നു. ക്ലെമെൻസ്‌ലോഫറുടെ പ്രബന്ധത്തിൽനിന്നു് അവർ ഉദ്ധരിച്ചതിനെ തുടന്നുള്ള ഭാഗം ഇങ്ങനെയാണ്:

"കൗൺസിലിനുശേഷം സ്ട്രോസ്‌മേയർ തന്റെ എതിപ്പ്, മറെറല്ലാ മെത്രാന്മാരെക്കാളും കൂടുതൽകാലത്തേക്കു തുടർന്നുപോന്നു. 1871 ഒക്ടോബർവരെ ഡോളിഞ്ചറും റീൻകെനുമായി അദ്ദേഹം ബന്ധം പുലത്തിയിരുന്നു. അനന്തരം "കുറഞ്ഞപക്ഷം ബാഹ്യമായിട്ടെങ്കിലും" താൻ കീഴടങ്ങുവാനുദ്ദേശിക്കുന്നുവെന്നു അദ്ദേഹം അവരെ അറിയിച്ചു. ഒടുവിൽ 1872 ഡിസംബർ 26-ാംനു- കൗൺസിലിന്റെ ഡിക്രികൾ അദ്ദേഹം തന്റെ ഔദ്യോഗിക പത്രികയിൽ പ്രസിദ്ധപ്പെടുത്തി. കുറേക്കാലങ്ങൾക്കുശേഷം മാർപ്പാപ്പായോടുള്ള തന്റെ വിധേയത്വം അദ്ദേഹം തുടരെ പ്രഖ്യാപനംചെയ്തു. സ്റ്റിറില്ലോസും മെത്തോഡിയസുമെന്ന വിശുദ്ധന്മാരെപ്പററിയുള്ള 1881 ഫെബ്രുവരി 28-ാംനു-യിലെ ഇടയലേഖനം (ഒരുദാഹരണമാണ്.) പേപ്പൽ സിംഹാസനത്തോടുള്ള ഭക്തി ചിലപ്പോൾ അതിരുകടന്ന പ്രശംസാവാചകങ്ങളിലാണ് അദ്ദേഹം പ്രകടിപ്പിക്കുന്നതു്... യൂണിത്താസ് വിഭാഗത്തിൽപെടാത്ത സേർവ്യാക്കാരെ, പഴയ സ്ലാവോണിക്ക് പ്രാത്ഥനക്രമം ഉപയോഗിച്ചുകൊണ്ടു റോമിനുവേണ്ടി സമ്പാദിക്കുവാൻ അദ്ദേഹം യത്നിച്ചു."

ചുരുക്കത്തിൽ, മാർ നർസൈക്കാർ മനഃപൂർവ്വം വിട്ടുകളഞ്ഞിരിക്കുന്നതു സർവ്വപ്രധാനങ്ങളായ ചില സംഗതികളാണ്. സേർവ്യയിലെ കത്തോലിക്കേതരരെ റോമാമാർപ്പാപ്പാക്കു വിധേയരാക്കുവാൻ അത്യദ്ധ്വാനം ചെയ്ത സ്ട്രോസ്‌മേയർ മെത്രാൻ, മാർപ്പാപ്പായുടെ പരമാധികാരത്തെയും, അപ്രമാദിത്വത്തെയും നിഷേധിച്ചിരുന്നുവെന്നു സുബുദ്ധിയുള്ളവരാരും വിശ്വസിക്കുകയില്ലല്ലോ. വത്തിക്കാൻ സൂനഹദോസിന്റെ കാലത്തു മെത്രാനായിരുന്ന സ്ട്രോസ്‌മേയറെ പിന്നീടു മാർപ്പാപ്പാ മെത്രാപ്പോലീത്താ സ്ഥാനത്തേക്കുയത്തുകയും പാലിയം നൽകുകയുംചെയ്തു. പതിമൂന്നാം ലെയോയെപ്പോലെ മഹാനും പ്രശസ്തനുമായ ഒരു മാർപ്പാപ്പാ മെത്രാപ്പോലീത്താസ്ഥാനത്തേക്കുയത്തിയ ഒരു വ്യക്തിയുടെ കത്തോലിക്കാവിശ്വാസത്തെ

Grateful thanks for a special favour received through the Mother of Perpetual Succour and Our Lady of the Mount Bandra.

J., Bombay

പ്പററി ആരാണ സംശയിക്കുക? വത്തിക്കാൻ സൂനഹദോസിന്റെ കാലത്തു റോമാമാർപ്പാപ്പാ ആയിരുന്നതു 9-ാംപീയൂസാണ്. ബിസ്മാക്കിനെയും, ഗാരിബാൾഡിയേയുംപോലും അശേഷം കൂസാതിരുന്ന, ആത്മസുഹൃത്തായിരുന്ന ഡോളിഞ്ചറെ മഹറോൻചൊല്ലാൻ മടിക്കാതിരുന്ന, 9-ാംപീയൂസ്, സ്ട്രോസ്‌മേയർ ഇങ്ങനെയൊരു പ്രസംഗം ചെയ്തിരുന്നുവെങ്കിൽ ഒരു മിനിററുപോലും അദ്ദേഹത്തെ ഡിയാക്കോവറിലെ മെത്രാനായി വച്ചുകൊണ്ടിരിക്കുകയില്ലായിരുന്നു. വത്തിക്കാൻ കൗൺസിലിനു മുൻപെന്നപോലെ പിൻപും അദ്ദേഹം കത്തോലിക്കാസഭയിലെ ഒരു മെത്രാനായിരുന്നുവെന്നതുതന്നെ, അദ്ദേഹം ഇങ്ങനെയൊരു പ്രസംഗം ചെയ്തിട്ടില്ലെന്നുള്ളതിനു തെളിവാകുന്നു.

അങ്ങേവീട്ടിൽ തേങ്ങാ ഉടയ്ക്കുമ്പോൾ, ഇങ്ങേ വീട്ടിൽ ചിരട്ടയെങ്കിലും ഉടയ്ക്കുക എന്നൊരു ചൊല്ലുണ്ട്. ചരിത്രമുള്ളവർ ചരിത്രം കൈകാര്യം ചെയ്യുന്നതു കാണുമ്പോൾ, അതില്ലാത്തവക്കും വല്ലതുമൊന്നു കൈകാര്യം ചെയ്താൽ കൊള്ളാമെന്നു മോഹം തോന്നുമായിരിക്കാം. ഒന്നുമില്ലാത്തവക്കു കള്ളപ്രമാണങ്ങളെ ആശ്രയിക്കാതെ തരമില്ലല്ലോ. പക്ഷേ ഇതുകൊണ്ടു് അവർ എന്തു സാധിക്കുവാൻ പോകുന്നുവെന്നതാണ ദുർഗ്രഹമായിരിക്കുന്നതു്. സ്വന്തം ദൗർബല്യത്തെയും, ഗതികേടിനെയും വിളംബരം ചെയ്യാമെന്നല്ലാതെ, ഈ കള്ളപ്രമാണം കൊണ്ടു കത്തോലിക്കാസഭയ്ക്കോ, അപ്രമാദിത്വസിദ്ധാന്തത്തിനോ യാതൊരു കോട്ടവും സംഭവിക്കുവാൻ പോകുന്നില്ല.

—o—

സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കുപുറമെ | " 8—12—0 |

## മലബന്ധവും മററു രോഗങ്ങളും

രണ്ടും മൂന്നും ദിവസംവീതം കൂടുമ്പോഴായും, അല്പമായും, വളരെ താമസത്തോടുകൂടിയും, വളരെ വരണ്ടും മലം പോകുന്നതുകാരണം ഉദരത്തിങ്കലുള്ള വായുവിന്റെ കീഴ്പോട്ടുള്ള ഗതി കുറയുകയും (വായുസ്തംഭനം-ഗ്യാസ്ട്രബ്ൾ-അനുഭവപ്പെടുകയും), തദ്വാര ദേഹത്തിലെ ഉഷ്ണാംശം (പിത്തം) ക്രമംവിട്ട് വദ്ധിക്കുകയും, കഫവും രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ സപ്തധാതുക്കളും ഉരുകുകയും ദുഷിക്കുകയും വരണ്ടുപോവുകയും ചെയ്യുന്നു. മലത്തിന്റെയും വായുവിന്റെയും തടസ്സംമൂലം ഇങ്ങനെ ഉരുകിയും ദുഷിച്ചും സ്വസ്ഥാനങ്ങളിൽനിന്നിളകി ഉദരത്തിങ്കലേക്ക് ചെന്നുകൊണ്ടിരിക്കുന്ന കഫത്തിന്റെയും ധാതുക്കളുടേയും അംശങ്ങൾക്ക് മലത്തോടുകൂടി യഥാസമയം പുറത്തുപോകുവാൻ സാധിക്കാതെ വരിക നിമിത്തം ആ ദന്തികകൾ കടലുകൾക്കള്ളിൽ തന്നെ പററിച്ചേന്നുനിന്നുകൊണ്ടു് തടിപ്പുകളായും കുരുക്കളായും (അർശസ്സ്-മൂലക്കുരു) രൂപാന്തരപ്പെടുന്നു. ഇതുമുതൽ മലം നാടപോലെ കനംകുറഞ്ഞു് പോവുക, രക്തംകലന്നു് പോവുക മുതലായ ലക്ഷണങ്ങളോടുകൂടി മലബന്ധവും, വായുസ്തംഭനവും, ചൂടും പൂവ്വാധികം വദ്ധിക്കുകയും ഇവയിൽനിന്നുത്ഭവിക്കുന്നവകളായ നീർവീഴ്ച, ചുമ, നീരിറക്കം, പനി, ക്ഷയം, ഏങ്ങൽ, നെഞ്ചുവേദന, വയറുവേദന, അസ്ഥിസ്രാവം, പ്രമേഹം, രക്തദൂഷ്യം മുതലായ നാനാവിധ രോഗങ്ങൾ പിടിപെടുകയും ചെയ്യുന്നു.

നീർവീഴ്ച, ചുമ മുതലായ രോഗങ്ങളുടെ ഉത്ഭവം ഇപ്രകാരമാണെന്നുള്ള വസ്തുത മനസ്സിലാക്കി ചികിത്സിക്കാത്തതുകൊണ്ടാണ് ഔഷധങ്ങൾ പലതും മാറിമാറി ഉപയോഗിച്ചുകൊണ്ടിരുന്നിട്ടും രോഗമാകുന്ന മഹാസമുദ്രത്തിൽനിന്നുകരകയറുവാൻ സാധിക്കാതെ പലക്കും തങ്ങളുടെ ആയുഷ്കാലം മുഴുവനും നിരാശയോടെ കഴിച്ചുകൂട്ടേണ്ടിവരുന്നതു്

## മലബന്ധവും കാളൻ'സ് ദ്രാക്ഷാഘൃതവും

മലബന്ധവും മററു രോഗങ്ങളും തമ്മിലുള്ള ബന്ധം മേൽവിവരിച്ചപ്രകാരമാണെന്നുള്ളതിന്റെ ദൃഷ്ടാന്തമാണ് മലബന്ധം, അർശസ്സ്, വായുസ്തംഭനം, ഉഷ്ണാധിക്യം എന്നീ മൂലരോഗങ്ങളേയും, വാതത്തേയും, പിത്തത്തേയും ശമിപ്പിക്കുന്നതിന്നും, ക്ഷയിച്ചുപോയിട്ടുള്ള കഫത്തേയും, രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ സപ്തധാതുക്കളേയും (ഓജസ്സിനേയും), ജഠരാഗ്നിയേയും വദ്ധിപ്പിക്കുന്നതിന്നും, രക്തത്തെ ശുദ്ധീകരിക്കുന്നതിന്നും, തടസ്സപ്പെട്ടു് നില്ക്കുന്ന വായു, മലം, മൂത്രം ആത്തവരക്തം തുടങ്ങിയവകളെ യഥാക്രമം പ്രവത്തിപ്പിക്കുന്നതിന്നും കഴിവുള്ള ഒരു ഔഷധമാകുന്ന ദ്രാക്ഷാഘൃതം ഉപയോഗിക്കുമ്പോൾ മലബന്ധം, അർശസ്സ്, വായുസ്തംഭനം, ഉഷ്ണാധിക്യം എന്നീ മൂലരോഗങ്ങൾക്കും, ഇവയിൽനിന്നുത്ഭവിക്കുന്നവകളായ നീർവീഴ്ച, ചുമ, പനി, ക്ഷയം മുതലായ നാനാവിധ രോഗങ്ങൾക്കും ശമനം സിദ്ധിച്ചുകൊണ്ടിരിക്കുന്നതായി കാണുന്നതു്. ഈ ഔഷധം പ്രത്യേക പത്ഥ്യം കൂടാതെ ഉപയോഗിക്കാവുന്നതാണെങ്കിലും കൂടുതൽ ഫലസിദ്ധിക്കുവേണ്ടി പയറ്, കടല, മോര്, മുളക് മുതലായ രൂക്ഷദ്രവ്യങ്ങളെ സാധിക്കുന്നേടത്തോളം ഉപേക്ഷിക്കുന്നതു് വളരെ ഉത്തമമാണ്

ദ്രാക്ഷാഘൃതം 5/8 (അരേഅരക്കാൽ) റാ കുപ്പി 1ക്ക് 4—0—0

5ക. മുൻകൂർ അയക്കുന്നവക്ക് റജിസ്റ്റേർഡു പാർസലായി (പോസ്റ്റൽമാസ്സും) അയച്ചുകൊടുക്കുന്നതാണ്

N. B. ഈ ഔഷധം കണ്ണൂർ, തലശ്ശേരി, കോഴിക്കോട്, പാലക്കാട്, കോയമ്പത്തൂർ, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ'സ് സെയിൽസ് ഡിപ്പോകൾ വഴിയായും, തിരു-കൊച്ചിയിലും മദ്രാസ് സംസ്ഥാനത്തിലുമുള്ള 160-ൽപരം ഏജൻസികൾ വഴിയായും, ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലും, സിലോൺ, ബമ്മ, പേർഷ്യ മുതലായ വിദേശങ്ങളിലും റെയിൽവെ മാഗ്ഗമായും, തപാൽ മാഗ്ഗമായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം.

കാളൻ, നെല്ലായി.

Reg. NM. 2293

# Sathya Deepam

Vol. 29 Ernakulam November 30 1955 No. 17

"ഇന്നത്തെ ബാലൻ
നാളത്തെ പൗരൻ"



# ബാലരംഗം

## "ചുവന്ന ലില്ലി"

### വിശുദ്ധ മരിയഗൊരേററി



"കൊച്ചുപുണ്യവാ"ൻെറ ചരിത്രം ചിത്രങ്ങൾ വഴിയായും ചെറിയ കുറിപ്പുകൾ വഴിയായും നിങ്ങൾ മനസ്സിലാക്കി ആ മാതൃക അനുകരിക്കുന്നതിനു കഴിവുപോലെ ശ്രമിച്ചുപോരുകയാണല്ലോ. വിശുദ്ധ ഡോമിനിക്ക് സാവിയോ നിങ്ങളുടെ പരിശ്രമങ്ങളെസ്സ്നേഹപൂർവ്വം അനുഗ്രഹിക്കട്ടെ.

അടുത്തതായി നിങ്ങൾക്കു വളരെ ഇഷ്ടപ്പെട്ട ഒരു കൊച്ചുവിശുദ്ധയുടെ ജീവിതചരിത്രമാണു് നിങ്ങളെ പരിചയപ്പെടുത്തുന്നതിനുദ്ദേശിക്കുന്നതു്. "ചുവന്നലില്ലി"—അഥവാ വിശുദ്ധ മരിയഗൊരേററി. ഈശോയ്ക്കുവേണ്ടി, പരമനിർമ്മലമായ തൻെറ ശുദ്ധതാപാലനത്തിനുവേണ്ടി ഘാതകൻെറ കഠാരിക്കു പിഞ്ചുമാർവ്വിടം കാണിച്ചുകൊടുത്തു ചോരയിൽ കുളിച്ചു മരിച്ച ഒരു ധീരയായ ബാലിക. വഷളായ ഇന്നത്തെ ലോകത്തിൽ വാടാത്ത നിരവധി ലില്ലിപുഷ്പങ്ങളെ വികസിപ്പിക്കുന്നതിനു ഈ വിശുദ്ധ ബാലിക സഹായിക്കട്ടെ.

വല്യേട്ടൻ

49-ാംനമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

എൻെറ പേർ—കതിര

## പ്രശ്നം നമ്പ്ര് 50

(മാണി ടി. വി. വെട്ടിക്കൽ. No. 8)

രണ്ടു കഴുതകൾ ചുമടുകൾ കൊണ്ടുപോകുകയാണു്. അതിൽ ഒരു കഴുതയുടെ പുറത്തുള്ള കെട്ടുകളിൽനിന്നു ഒരു കെട്ടുകൂടി മറേറതിൻെറ പുറത്തേക്കു മാററുകയാണെങ്കിൽ രണ്ടിൻേറയും പുറത്തുള്ള കെട്ടുകളുടെ എണ്ണം സമമാകും. കുറവുള്ളതിൻെറ പുറത്തുനിന്നു ഒരു കെട്ടുകൂടി മറേറതിൻെറ പുറത്തു വയ്ക്കുകയാണെങ്കിൽ അതിൻെറ പുറത്തുള്ള കെട്ടുകൾ ഇരട്ടിയാകും. ആകെ കെട്ടുകൾ എത്ര? ഓരോന്നിൻേറയും പുറത്തു എത്ര വിതം?

(ഉത്തരം അടുത്തതിൽ)

# ബാലപാഠം

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ!

കുഞ്ഞമ്മാവനെ കുഞ്ഞുങ്ങൾ മറന്നുകളഞ്ഞിട്ടില്ലെന്നു വിശ്വസിക്കുന്നു. അന്നന്നൊക്കെ കുഞ്ഞമ്മാവൻ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നിങ്ങൾ ഓർമ്മിക്കുന്നുണ്ടാവും. ചിലരെങ്കിലും വായിച്ചിട്ടു് നന്നെന്നു ബോദ്ധ്യമായതൊക്കെ ജീവിതത്തിലേക്കു് പകർത്തുകയും ചെയ്തിരിക്കും.


"പ്രകൃതിയിൽ കാണുന്നതെന്നും ഉൾക്കൊള്ളുന്ന മനുഷ്യൻ മാത്രമാണു് മൂർഖൻ" എന്നു പറഞ്ഞിരിക്കുന്നതു് അർത്ഥവത്താണൊന്നു അല്പം ആലോചിച്ചാൽ ല ചേഷ്ടകളോ! നരകം ഒന്നോടെ പിടിച്ചു് ഭൂലോകത്തിലേക്കു് ഇറക്കിവെക്കാൻ ചില മനുഷ്യരുടെ സ്വഭാവവിശേഷങ്ങൾക്കു ശക്തിയുണ്ടു്.

ഞങ്ങളുടെ അയൽപക്കത്തൊരു 8 വയസ്സുകാരൻ പയ്യനുണ്ടു്. ഒരു കൊച്ചു കാതരാണവൻ. അവൻെറ കഥ നിങ്ങൾക്കൊരു പാഠമായിരിക്കുമെന്നു് കുഞ്ഞമ്മാവൻ കരുതുന്നു.

നിങ്ങൾ പതിവായി വീട്ടിൽ അടികൊള്ളാറുണ്ടോ, ഉണ്ടായിരിക്കയില്ല. പക്ഷെ വല്ലപ്പോഴും അടിയുടെ രുചി അറിയാത്തവരും ഉണ്ടായിരിക്കയില്ല. നമ്മുടെ കൊച്ചുകാതർ ചുരുക്കത്തിൽ ഒരു ചെണ്ടയാണു്. അവൻെറ ചെറിയമ്മയാണു് ചെണ്ട കൊട്ടുന്നതു്. സന്ധ്യയായാൽ ചെണ്ടകൊട്ടുന്ന ശബ്ദവും തുടർന്നു ചെണ്ടയുടെ ശബ്ദവും രണ്ടു ഫർലാംഗ് ചുററുപാടുമുള്ള എല്ലാ ജീവികൾക്കും വളരെ വ്യക്തമായി കേൾക്കാം. കൊച്ചുകാതരിൻെറ നിലവിളി ചെവിയിൽ രണ്ടു നാരായം നന്നായി പഴുപ്പിച്ചു് അമർത്തി കുത്തിയിറക്കുംപോലുള്ള സുഖമാണു് അവിടടുത്തുള്ള ആളുകൾക്കു് നൽകാറുള്ളതു്.

ഇത്ര ഭീകരമായ മുറവിളിയുടെ കാരണം എന്തായിരിക്കും എന്നറിവാൻ നിങ്ങൾക്കാഗ്രഹമില്ലേ?

കള്ളത്തരത്തിലൂടെയാണു് കാതരു ജീവിച്ചുപോന്നതു്. കടയിൽനിന്നും വീട്ടാവശ്യത്തിനു് സാധനങ്ങൾ വാങ്ങാൻ ബാപ്പാ പണം കൊടുത്തയക്കും. പക്ഷെ യാതൊരു ശങ്കയും കൂടാതെ ആ പണംകൊണ്ടു് കാതർ കാപ്പിക്കടയിൽ കയറി സായിപ്പിൻെറ മട്ടിൽ തിററിതിന്നും. വീട്ടിൽ ബാപ്പാ വന്നു് വിവരമറി



"സന്ധ്യയായാൽ ചെണ്ട കൊട്ടുന്ന ശബ്ദവും ചെണ്ടയുടെ ശബ്ദവും കേൾക്കാം."

മനസ്സിലാകുന്നതാണു്. മഴപോയി മലയാളക്കരയിൽ മഞ്ഞുകാലം വന്നു. മരങ്ങളെല്ലാം അഗ്രങ്ങളിൽ പൂക്കുലകളണിഞ്ഞു ആടിച്ചിരിച്ചു നില്ക്കുന്നു. പുലർച്ചയ്ക്കു പുല്ലിലൂടെയോ നെൽവയലുകളിലെ വരമ്പിലൂടെയോ ഒന്നിപ്പോൾ നടന്നുനോക്കൂ, കുളുത്ത കാററും പുൽത്തുമ്പുകളിൽനിന്നുള്ള പനിനീർവിശലും എല്ലാം എത്രയെത്ര ഹൃദയസ്പൃക്കായിരിക്കുന്നു.

എവിടെയും പ്രകൃതിയുടെ വികൃതി ആനന്ദത്തിനേ വകതരുന്നുള്ളു. എന്നാൽ മനുഷ്യൻെറ ചിയുമ്പോൾ അവനൊരു ചെണ്ടയായി മാറാതെ മററു മാർഗ്ഗമില്ല. ഒരു ദിവസത്തെ കേസതാണെങ്കിൽ മറെറാരു ദിവസം മറെറാരു കള്ളത്തരമോ കുസൃതിയോ ആയിരിക്കും കാതരു കാണിക്കുന്നതു്. കാതറിൻെറ ചെറിയമ്മയ്ക്കും, ബാ

(ശേഷം 10-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—I